

# മങ്കര ഗ്രാമ പഞ്ചായത്ത് വികസനരേഖ

### മങ്കര ഇന്നലെ, ഇന്ന്, നാളെ

## ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ

# സമഗ്ര വികസന റിപ്പോർട്ട്




പാലക്കാട് ജില്ല

■ മങ്കര ഗ്രാമ പഞ്ചായത്ത്

104 - 4.

# മങ്കര ഗ്രാമ പഞ്ചായത്ത് ഭൂപടം
## വാർഡുതിരിച്ചുള്ളത്



# മങ്കര ഗ്രാമ പഞ്ചായത്ത് ഭരണസമിതി



രാജലക്ഷ്മി ധൻ
( പ്രസിഡണ്ട് )



കെ.എം.ഉസ്സനാർ
( വൈസ് പ്രസിഡണ്ട് )



പി.രാജൻ
( സ്റ്റാന്റിങ്ങ് കമ്മിറ്റി
ചെയർമാൻ )



വി..എം.രാധ
( മെമ്പർ )



കെ.കെ.വേലായുധൻ
( മെമ്പർ )



കെ.എൻ.രാധാകൃഷ്ണൻ
( മെമ്പർ )



കെ.പരമേശ്വരൻ
( മെമ്പർ )



കെ.എം.ബീവി.
( മെമ്പർ )



എ.എം.അബ്ദുൾ കരീം
( മെമ്പർ )

## മങ്കര ഗ്രാമ പഞ്ചായത്ത്
## ആപ്പീസ് ജീവനക്കാർ



നിൽക്കുന്നവർ : ലീല, തത്ത, വിജയരാഘവൻ, രാമകൃഷ്ണൻ, ശെൽവകൃഷ്ണൻ
ഇരിക്കുന്നവർ : മോഹനൻ, മാണിക്കൻ, ദിവാകരൻ (സെക്രട്ടറി), ചാമിക്കുട്ടി

## പത്രാധിപ സമിതി
## പേരുവിവരം

എഡിറ്റർ

ശ്രീ.കെ.ഗോപാലകൃഷ്ണൻ

കൺവീനർ

ശ്രീ.ടി.പി.വിശ്വനാഥൻ

എഡിറ്റോറിയൽ ബോർഡ്

ശ്രീ യു.ഗോപാലകൃഷ്ണൻ
ശ്രീ വിനോദ് മങ്കര
ശ്രീ സെബാസ്റ്റ്യൻ പിഞ്ചാരോ
ശ്രീ മുരളി.വി.കെ.

ടൈപ്പ് സെറ്റിങ്ങ്

ആൽഫാ പ്രിന്റ് ടെക്
പാലക്കാട് - 1

സഹായസമിതി

ശ്രീ ലോറൻസ് പി.വി.

ശ്രീ രാമദാസ് പി.കെ.

ശ്രീ ഹംസ പി.കെ.

ശ്രീമതി ലക്ഷ്മിക്കുട്ടി ടീച്ചർ

ശ്രീ അച്ചുതദാസ് എം.എൻ.

ശ്രീ ദിവാകരൻ സി.കെ.
(സെക്രട്ടറി, മങ്കര ഗ്രാമ പഞ്ചായത്ത്)

ശ്രീ മാണിക്യൻ എം.
(ഹെഡ് ക്ലാർക്ക്, മങ്കര ഗ്രാമ പഞ്ചായത്ത്)



"ഇന്ത്യ ജീവിക്കുന്നത് അവളുടെ
ലക്ഷോപലക്ഷം ഗ്രാമങ്ങളിൽകൂടിയാണ്"

- ഗാന്ധിജി

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ആമുഖം | 11 |
| 2. | പഞ്ചായത്ത് - പൊതുവിവരണം | 13 |
| 3. | ചരിത്രേതിഹാസങ്ങളിലൂടെ - സ്നേഹപൂർവ്വം | 15 |
| 4. | നാടും നാട്ടാരും | 21 |
| 5. | സാമൂഹിക സാമ്പത്തിക മേഖലകൾ | 25 |
| 5 (1) | കൃഷിയും ജലസേചനവും | 27 |
| 5 (2) | മൃഗസംരക്ഷണവും മത്സ്യബന്ധനവും | 37 |
| 5 (3) | വ്യവസായം | 41 |
| 5 (4) | വിദ്യാഭ്യാസം | 43 |
| 5 (5) | കുടിവെള്ളവും പൊതുജനാരോഗ്യവും | 47 |
| 5 (6) | ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | 51 |
| 5 (7) | പാർപ്പിടവും സാമൂഹ്യക്ഷേമവും | 59 |
| 5 (8) | സംസ്കാരം | 67 |
| 5 (9) | വനിതാക്ഷേമം | 68 |
| 5(10) | സഹകരണം | 71 |
| 5(11) | പട്ടികജാതി പട്ടികവർഗ്ഗക്ഷേമം | 73 |
| 5(12) | വിഭവസമാഹരണവും സാമ്പത്തികവും | 77 |
| 5(13) | വാർത്താവിനിമയം | 79 |
| 6. | ഉപസംഹാരം | 80 |

# 1. ആമുഖം

**മങ്കരയെന്നാൽ........**

പാലക്കാട് താലൂക്കിന്റെ പടിഞ്ഞാറെ അറ്റത്ത് കിടക്കുന്ന ഗ്രാമമാണ് മങ്കര പഞ്ചായത്ത്. മങ്കര, കല്ലൂർ, മാങ്കുറുശ്ശി, കണ്ണംപരിയാരം, ചെമ്മുക എന്നീ ദേശങ്ങൾ ചേർന്നതാണ് ഈ പഞ്ചായത്ത്. പരമ്പരാഗതമായി കൃഷിയെ മാത്രം ആശ്രയിച്ചു ജീവിച്ചുവന്ന ഒരു സമൂഹമാണ് ഇവിടെ ഉണ്ടായിരുന്നത്. ഭൂപരിഷ്കരണനിയമം നടപ്പാക്കുന്നതിനു മുൻപ് നാടുവാഴികളുടെ ജന്മിത്വവും കാലവർഷച്ചതിയും മൂലം ഏറെ കഷ്ടപ്പെട്ടവരാണ് ഇവിടുത്തെ കർഷകർ. കൃഷിഭൂമിയുടെ ഉടമാവകാശവും മലമ്പുഴ ജലസേചന പദ്ധതിയുമാണ് ഈ ഗ്രാമത്തിലെ കർഷകർക്ക് ജീവൻ നൽകിയത്. കാർഷിക പശ്ചാത്തലത്തെക്കുറിച്ച് തുടർന്ന് പ്രതിപാദിക്കുന്നതിനാൽ ഇവിടെ വിസ്തരിക്കുന്നില്ല.

പാലക്കാട് താലൂക്കിന്റെ പടിഞ്ഞാറെ അറ്റം വള്ളുവനാടിന്റെ കിഴക്കേ അറ്റം, ഭൂമിശാസ്ത്രപരമായ ഈ കാരണം കൊണ്ട് സ്വാതന്ത്ര്യത്തിനുമുൻപ് മദിരാശി സംസ്ഥാനത്തിന്റേയും കേരളപ്പിറവിക്കുശേഷം കേരളത്തിന്റേയും അവഗണന ഈ നാടിന്റെ പുരോഗതിക്ക് തടസ്സമായിട്ടുണ്ട്. ഭരണാധികാരികളുടെ മുന്നിൽ പ്രശ്നങ്ങൾ അവതരിപ്പിക്കാനുള്ള സാഹചര്യം തന്നെ വിരളമായിരുന്നു.

അതുകൊണ്ട് തങ്ങൾക്കു പങ്കാളിത്തമുള്ള പദ്ധതിയെന്ന തോന്നലോടെയാണ് ജനങ്ങൾ ആസൂത്രണകാര്യങ്ങളിൽ പങ്കെടുക്കുന്നത്. ചരിത്രസാമൂഹ്യ പശ്ചാത്തലത്തെക്കുറിച്ച് വിശദമായ അവലോകനം വഴിയേ ചേർത്തിട്ടുള്ളതിനാൽ ദീർഘിപ്പിക്കുന്നില്ല.

1961 ലാണ് മങ്കര പഞ്ചായത്ത് നിലവിൽ വന്നത്. ആദ്യത്തെ പ്രസിഡന്റ് "അപ്പുസാർ" എന്നു ജനങ്ങൾ ആദരപൂർവ്വം ഓർക്കുന്ന ചാത്തംകണ്ടത്ത് അപ്പുവായിരുന്നു. പിന്നീട് പി.വി.മുഹമ്മദ്, ടി.എൻ.ചെല്ലൻ റാവുത്തർ, പത്മാവതി ടീച്ചർ, പി.രാജൻ എന്നിവർ ഭരണസാരഥ്യം വഹിച്ചിട്ടുണ്ട്. ശ്രീമതി രാജലക്ഷ്മി ധൻ ഇപ്പോഴത്തെ പ്രസിഡന്റായി തുടരുന്നു. യശഃശരീരരും മുൻ ഭരണകർത്താക്കളുമായ അപ്പുസാർ, പി.വി.മുഹമ്മദ്, ചെല്ലൻ റാവുത്തർ എന്നിവരുടെ സ്മരണയ്ക്കു മുൻപിൽ ഞങ്ങളുടെ ആദരാഞ്ജലികൾ



'ഇന്ത്യക്കു ചില മെച്ചങ്ങളെല്ലാമുണ്ട്. പ്രകൃതി വിഭവങ്ങൾ ധാരാളമുണ്ട്. അധികാരവും സ്വാധീനവും വർദ്ധിപ്പിക്കാൻ അതുപകരിക്കുമെന്നതിൽ സംശയമില്ല. ഭൂതകാലത്തിന്റെ ചങ്ങലക്കെട്ട് ഇല്ലെന്നായിരിക്കാം കുറേകൂടി വലിയ മെച്ചം. പഴയ വിദ്വേഷമോ, കൂട്ടുകെട്ടോ, ചരിത്രപരമായ അവകാശങ്ങളോ, പരമ്പരാഗതമായ ശത്രുത്വമോ അതിനില്ല. മുൻപിലത്തെ ഭരണാധികാരികളോടുപോലും ഇന്ത്യക്കു വിദ്വേഷമില്ല. ജനാധിപത്യസമ്പ്രദായത്തിൽ ഞങ്ങൾക്ക് ആദ്യമേ പൂർണ്ണവിശ്വാസമാണ്. രാഷ്ട്രീയവും സാമ്പത്തികവുമായ തലത്തിൽ ജനാധിപത്യത്തിന്റെ അതിരുകൾ വിസ്തൃതമാക്കാൻ ഞങ്ങൾ ഉദ്യമിക്കും. കാരണം ദൌർഭിക്ഷത്തിന്റെയും ദാരിദ്ര്യത്തിന്റെയും അസമത്വത്തിന്റെയും നടുക്ക് യാതൊരു ജനാധിപത്യത്തിനും ഏറെക്കാലം നിലനിൽക്കാൻ വയ്യ.'

**ജവഹർലാൽ നെഹ്റു.**

# 2. പഞ്ചായത്ത് - പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | മങ്കര ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : | മങ്കര |
| ബ്ലോക്ക് പഞ്ചായത്ത് | : | പാലക്കാട് |
| ജില്ല | : | പാലക്കാട് |
| താലൂക്ക് | : | പാലക്കാട് |
| അസംബ്ലി നിയോജക മണ്ഡലം | : | പാലക്കാട് |
| വിസ്തീർണ്ണം | : | 20.53 Sq.km |
| അതിരുകൾ | | |
| വടക്ക് | : | കേരളശ്ശേരി, കോങ്ങാട് ഗ്രാമ പഞ്ചായത്തുകൾ |
| കിഴക്ക് | : | പറളി പഞ്ചായത്ത് |
| തെക്ക് | : | ഭാരതപ്പുഴ |
| പടിഞ്ഞാറ് | : | ലക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത് |
| ജനസംഖ്യ | : | 15, 946 (1991 ലെ സെൻസസ്) |
| പുരുഷൻമാർ | : | 7,646 |
| സ്ത്രീകൾ | : | 8,300 |
| ജനസാന്ദ്രത | : | 532 |
| അക്ഷരാഭ്യാസമുള്ളവർ | : | 11,138 |
| വാർഡുകൾ | : | ഒമ്പത് |
| പ്രസിഡന്റിന്റെ പേര് | : | ശ്രീമതി രാജലക്ഷ്മി |
| വൈസ് പ്രസിഡന്റ് | : | ശ്രീ കെ.എം.ഉസ്സനാർ |
| സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ | : | ശ്രീ പി.രാജൻ |

## 3. ചരിത്രേതിഹാസങ്ങളിലൂടെ സ്നേഹപൂർവ്വം

അന്ന് - സഹസ്രാബ്ദങ്ങൾക്കു മുമ്പ് ഭൂമി സസ്യശാമളമായിരുന്നു - നദികൾ സജലങ്ങളായിരുന്നു - ചതുർവർണ്യത്തിന്റെ രണ്ടാംനിരക്കാരായ ക്ഷത്രിയന്മാർ കൊന്നും വെന്നും നാടുവാണു. ചോരകണ്ട് മനംനൊന്തവർ ബ്രാഹ്മണ്യത്തിലേക്ക് വഴിനടന്നു - അവരിലൊരാൾ വടക്കുനിന്ന് തെക്കോട്ട് വന്നു. സഹ്യാദ്രിശൃംഗത്തിൽ കയറി - സഹ്യന്റെ കൊടുമുടിക്കുടത്തിൽ നിന്നൊഴുകിയ തെളിനീർച്ചാലിന്റെ ഗതി നോക്കി പടിഞ്ഞാട്ടുനടന്നു. നദി വളഞ്ഞൊഴുകുന്നിടത്തൊരു മൺതുരുത്ത് - പ്രാശാന്തിയുടെ കര. പിന്നീട് മങ്കരയായിത്തീർന്ന മൺകര.

നിളാതീരത്തെ ഈ മൺകരയെ ദിവ്യഭൂമിയായി കരുതിയ ആ പഥികൻ: സൗബലി എന്ന ക്ഷത്രിയ സാമന്തൻ ഏകാന്തമായി ഇവിടെ തപസ്സുചെയ്തു. ക്ഷത്രവീര്യത്തിൽ നിന്ന് ബ്രഹ്മതേജസ്സിലേക്കുള്ള പരിവർത്തനം! മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ മാത്സര്യത്തിൽ നിന്ന് ശാന്തിയിലേക്കുള്ള മാനസിക വിപ്ലവം!

ദീർഘകാലത്തിനുശേഷം അതികായനായ ആ ഭക്തന്റെ മുമ്പിൽ സിംഹവാഹിനിയും ഗജകർണ്ണകിയുമായ ദേവി പ്രത്യക്ഷപ്പെട്ടു. ആ ദിവ്യ സങ്കല്പസങ്കേതമത്രെ മങ്കര കാളികാവ്. പില്ക്കാലത്ത് അയ്യർമല മുതൽ അതിർക്കാട് വരെ വികസിച്ച ഭഗവതിയുടെ തട്ടകം. 'മങ്കര പഞ്ചായത്ത്'

കാലം ഐതിഹ്യങ്ങളിൽനിന്ന് ചരിത്രത്തിലേക്ക് കടന്നപ്പോൾ ചരിത്രകാരന്മാരുടെ ഭാവനക്കനുസരിച്ച് ദേശചരിത്രങ്ങളിൽ അർദ്ധസത്യങ്ങളും അസത്യങ്ങളും കടന്നുകൂടി. കോഴിക്കോട് സാമൂതിരി പടനയിച്ച് പാലക്കാടെത്തി തിരിച്ചുപോകുമ്പോൾ ഭഗവതിയുടെ തട്ടകത്തിലെവിടെയോ പടയാളികളോടൊത്തു വിശ്രമിച്ചു. രാജാവിനും പടയാളികൾക്കും ദാഹജലം നല്കിയ ദേശപ്രമാണിക്ക് 'പൂവും നീരും നല്കി' പതിമൂന്നരദേശം പതിച്ചുകൊടുത്തു. നാടും നാട്ടാരും, കാടും കരയും, അമ്പലവും ആമ്പൽക്കുളവുമൊക്കെ നാടുവാഴിയുടേതായി. നാട്ടാചാരവും വീട്ടാചാരവും നാട്ടരചന്റെ ഇഷ്ടത്തിനനുസരിച്ച്. പുരകെട്ടാനും മാറു മറയ്ക്കാനും അരചൻ കനിയണം - അക്കാര്യങ്ങളെല്ലാം മറ്റെല്ലാ ദേശചരിത്രങ്ങളെയും പോലെ പഴങ്കഥയുടെ പൊരുളറിയാവുന്ന മുത്തശ്ശിമാരുടെ വാമൊഴികളിൽ മാത്രമൊതുങ്ങുന്നു.

നാടുവാഴികൾ തമ്മിൽ പൊരുതിയിരുന്നെങ്കിലും ജാതിയുടേയും മതത്തിന്റേയും പേരിൽ നാട്ടാരെ തമ്മിലടിപ്പിക്കാതെ വിവിധ ജാതിമതങ്ങൾക്ക് സ്ഥാനമാനങ്ങൾ നൽകി ഭരണം നടത്താനുള്ള തന്ത്രം (ഡിപ്ലോമസി) ഫ്യൂഡലിസത്തിന്റെ നല്ല വശങ്ങൾ ഒന്നുമാത്രം. ഇതിനുദാഹരണം മങ്കരയിലും കാണാം. നാടുവാഴികളായിരുന്ന നായരുവീട്ടുകാരുടെ കാവലാളും കാര്യസ്ഥന്മാരുമായി, വാളും പരിചയും, ചാട്ടവാറും അധികാരത്തിന്റെ അടയാളമായി നൽകി മുസൽമാൻമാരെ ആദരണീയരാക്കിയ കല്ലൂർ നായരുടെ സന്മനസ്സ് താഴ്മയോടെ ഓർക്കുന്ന മുസ്ലീംങ്ങളും അവിടുത്തെ പഴയ പള്ളിയും മങ്കരക്കാരുടെ പെരും പഴമകളിൽ ഒന്ന്.

കരിമ്പനക്കൂട്ടങ്ങളിൽ ചുറ്റിക്കറങ്ങിയ പാണ്ഡിക്കാറ്റും, പനങ്കള്ളും മലയാളികൾക്കു മുഴുവൻ പരിചയപ്പെടുത്തിയ ഖസാക്കിന്റെ ഇതിഹാസകാരൻ മങ്കര ഊട്ടുപുലാക്കൽ വിജയൻ - (ഒ.വി.വിജയൻ) - വൈക്കം മുഹമ്മദ് ബഷീറിന്റെ ഭാഷയിൽ വിജയൻ മൗലവി - ഉയർത്തിക്കാട്ടിയ മതസൗഹാർദ്ദ സന്ദേശം 'ഗുരുസാഗരത്തേ'ക്കാളും, ധർമ്മപുരാണത്തേക്കാളും, പാലക്കാട്ടുകാർക്ക് പ്രത്യേകിച്ച് മങ്കരക്കാർക്ക് വലുതാണ്. ചടച്ചു കിഴവനായ പാണ്ടൻ കുതിരയുടെ പുറത്ത് ആയിരം വെള്ളിക്കുതിരകളുടെ അകമ്പടിയോടെ സെയ്ദ് മിയാൻ ഷെയ്ക്ക്, ഖസാക്കിലെ തങ്ങൾ, പനങ്കാട്ടിലെത്തി, ആ പൗർണ്ണമിരാത്രിയിൽ തന്നെ ആ പാണ്ഡൻ കുതിര ചത്തു. "ഖസാക്കിലെ" പനങ്കാട്ടിലാണ് അവനെ കുടിവെച്ചത്. കിഴക്കൻ കാറ്റടിക്കുമ്പോൾ ഞൊണ്ടിയുമിരടിയും അവന്റെ കുളമ്പടി കേൾക്കാമത്രെ. പഴണിമല കേറാൻ പോകുന്ന ഷൺമുഖാനന്ദന്മാർ കാലുതളരുമ്പോൾ അവനെ വിളിച്ചു. കിഴവന്മാരേയും വിധവകളേയും അവൻ പുറത്തുകേറ്റി ചുരം കടത്താറുണ്ടെന്ന് ഐതീഹ്യം പറഞ്ഞു." ('ഖസാക്കിന്റെ ഇതിഹാസം' അദ്ധ്യായം രണ്ട് 'തിരിച്ചുവരവ്') ആയിരം മതസൗഹാർദ്ദ പ്രഭാഷണങ്ങളെക്കാൾ ജീവസുറ്റതല്ലെ ഈ "മിത്ത്". "ഇന്ദ്രപ്രസ്ഥ"ത്തിലേക്ക് കുടിയേറിയ ഈ മങ്കരക്കാരൻ നമ്മുടെ സംസ്കാരിക ചരിത്രത്തിലെ തങ്കപ്പതക്കമാണെന്ന് തീർച്ച.



**ഒ.വി.വിജൻ**

ഡൽഹിയുടെ മായികവലയത്തിൽ വരച്ചും മാച്ചും പ്രശസ്തിയുടെ ഗോപുരങ്ങളിലലയുമ്പോഴും വിജയന്റെ കഥ മങ്കരയുടെ ജന്മ ജനിതകങ്ങളിൽ കാവുകയറി.

"ഒന്നാം ലോകമഹായുദ്ധം: അന്ധമായ ഈ വിധികൾ നടപ്പാക്കാൻ സാമ്രാജ്യം സാമ്രാജ്യത്തോട് ഏറ്റുമുട്ടുകയാണ്. ടൈഗ്രീസ്സിന്റേയും യൂഫ്രേറ്റിസിന്റേയും ഇതിഹാസതടങ്ങളിൽ, മെസപൊട്ടേമിയയുടെ മഹാപുരാണത്തിൽ, യുദ്ധത്തിന്റെ വെടിക്കെട്ട് മൃദുലമായി മുഴങ്ങി. ഈ വിദൂര ധ്വനികൾ മങ്കരയെന്ന ഞങ്ങളുടെ ഗ്രാമത്തിന്റെ അന്തികളെ അസ്വസ്ഥമാക്കിയില്ല. കൂട്ടുപാതയിൽ അപ്പോഴും കാരണവന്മാർ കുടുംബതർക്കങ്ങൾ പറഞ്ഞുതീർത്തു, കുട്ടികൾ ചേരിന്റേയും ചളിരിന്റേയും കായ്കൾ പറിച്ചുതിന്ന് നടന്നു, കന്നുകാലികൾ പുല്ലും വെള്ളവും തേടി നിർബാധം അലഞ്ഞു. അങ്ങനെ ഒരു സന്ധ്യക്കാണ് ഡോൺ പാറ്ററിക്ക് എന്ന വെളുത്ത മനുഷ്യൻ മങ്കരയിലെത്തിയത്."

സാഹിത്യത്തിലെന്നതുപോലെത്തന്നെ ചരിത്രത്തിന്റെ കള്ളറകളിലേക്ക് കണ്ണയക്കുമ്പോഴും കണ്ണടച്ച് ഇരുട്ടാക്കാനാവാത്ത ഒരു വ്യക്തിത്വം നമുക്ക് ബോധ്യമാണ്. ഇന്ത്യ ഒന്നടങ്കം ഉറ്റുനോക്കിയ ഒരു മങ്കരക്കാരന്റെ കഥയാണത്. സർ. ചേറ്റൂർ ശങ്കരൻനായർ. ശിപ്പായിലഹളക്കാലത്ത് 1875 ജൂലൈ 11 ന് ജനിച്ച ഈ മഹത്വ്യക്തിത്വത്തെ നമ്മുടെ മഹാരാജ്യം എന്തുകൊണ്ടോ മറന്നു.



**സർ. സി.ശങ്കരൻനായർ**

1919 ഏപ്രിൽ 13 ന് പഞ്ചാബിലെ ജാലിയൻവാലാബാഗിൽ തടിച്ചുകൂടിയ ദേശാഭിമാനികളുടെ നേർക്ക് 1650 ചുറ്റ് വെടി വെച്ച് രക്തപ്പുഴയൊഴുക്കിയ മൈക്കിൾ ഡയറർക്കെതിരെയും ബാഗ് കൂട്ടക്കുരുതിക്കുശേഷം ആറാഴ്ചക്കാലം നടമാടിയ ക്രൂരമായ 'മാർഷ്യൽ' നിയമത്തിനെതിരേയും സർ. ചേറ്റൂർ ശങ്കരൻ നായർ ഇംഗ്ലണ്ടിൽ ചെന്ന് കേസ് വാദിച്ചപ്പോഴാണ് ലോകജനത ഇങ്ങനെയൊരു കൂട്ടക്കുരുതിയെക്കുറിച്ച് അറിഞ്ഞതുതന്നെ. അല്ലെങ്കിൽ നമ്മുടെ സ്വാതന്ത്ര്യസമരചരിത്രത്തിൽ ഈ കൂട്ടക്കുരുതി ഒതുങ്ങുമാഞ്ഞില്ലാതായേനെ എന്നറിയുമ്പോഴാണ് ഈ മങ്കരക്കാരന്റെ പ്രശസ്തി ഉയരങ്ങൾ തേടുന്നത്.

1897 ൽ അമരാവതിയിൽ വെച്ച് നടന്ന 13ാമത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അദ്ധ്യക്ഷനായിരുന്നത് സർ. ചേറ്റൂർ ശങ്കരൻനായരെന്ന 40 കാരനായിരുന്നു. ആദ്യത്തേയും അവസാനത്തേതുമായ മലയാളി അദ്ധ്യക്ഷൻ! അതിനുശേഷം മോത്തിലാൽ നെഹ്റു പറഞ്ഞു 'രാജ്യം ശങ്കരൻനായരോട് ഏറെ കടപ്പെട്ടിരുന്നു', പത്രപ്രവർത്തകനും പാർലമെന്റേറിയനുമായിരുന്ന സർ. സ്റ്റാൻലി റീഡ് പറഞ്ഞു; 'അവിസ്മരണീയ വ്യക്തിത്വം'

1907 ൽ അഡ്വക്കേറ്റ് ജനറൽ പദവിയിൽ സ്ഥിരമായി നിയമിതനായ ആദ്യത്തെ ഇന്ത്യക്കാരനും, 1915 ൽ വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിൽ അംഗമായി നിയമിതനാവുന്ന മൂന്നിന്ത്യക്കാരിൽ ഒരാളുമായിരുന്നു ഇദ്ദേഹം. പിന്നീട് ബ്രിട്ടീഷ് ക്രൂരതയ്ക്കു മുന്നിൽ അദ്ദേഹം തന്റെ എക്സിക്യൂട്ടീവ് കൗൺസിൽ സ്ഥാനം വലിച്ചെറിയുകയുമുണ്ടായി.

സംശുദ്ധനായ കോൺഗ്രസ്സുകാരൻ, പ്രഗത്ഭനായ അഭിഭാഷകൻ, ന്യായാധിപൻ, സാമൂഹ്യപരിഷ്കർത്താവ്, ശക്തനായ പത്രപ്രവർത്തകൻ അങ്ങനെ എന്തെല്ലാം നിലകളിൽ ഈ മങ്കരക്കാരൻ ഉന്നതങ്ങൾ താണ്ടിയിരിക്കുന്നു! ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി ഒരു ജീവിതം മുഴുവൻ ഒഴിച്ചുനിർത്തിയ മങ്കരക്കാരൻ. ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ പിതാവെന്ന് സർ. സ്റ്റാൻലി റീഡ് വിളിച്ചത് സർ. ശങ്കരൻനായരെയാണ്.

ശങ്കരൻനായരുടെ ദീർഘ വീക്ഷണമാണ് പ്രശസ്തമായത്. ഗാന്ധിജിയുടെ നിസ്സഹരണപ്രസ്ഥാനത്തോട് കടുത്ത വിയോജിപ്പായിരുന്നു ശങ്കരൻനായർക്ക്. അക്രമരാഹിത്യപരമായാണ് വിഭാവനം ചെയ്യതെങ്കിലും അത് അക്രമാസക്തരായേക്കുമെന്ന് അദ്ദേഹം ഭയപ്പെട്ടിരുന്നു. 'ചൗരീ ചൗരാ' സംഭവം ആ ഭയപ്പാടിനെ സാധൂകരിക്കുകയും ചെയ്തു. മതത്തേയും രാഷ്ട്രീയത്തേയും കൂട്ടിക്കലർത്തരുതെന്ന് ശക്തമായി പറഞ്ഞതും ഇദ്ദേഹം തന്നെ. ഇന്ത്യയിൽ ഹിന്ദു-മുസ്ലിം വിഭാഗീയത തീർക്കുന്നതിന് സാമുദായികടിസ്ഥാനത്തിലുള്ള നിയോജകമണ്ഡലങ്ങൾ ഇല്ലാതാക്കേണ്ടിയിരിക്കുന്നുവെന്നും, വിദ്യാർത്ഥികളെ രാഷ്ട്രീയ കാര്യങ്ങൾക്കായി തെരുവിലിറക്കരുതെന്നും ഗാന്ധിയോട് പറയുകയും ചെയ്തത് ഈ മഹാൻ തന്നെ. കലാലയ രാഷ്ട്രീയത്തെക്കുറിച്ച് ഇപ്പോഴുണ്ടായിരിക്കുന്ന കോടതി വിധി എത്രയോ വർഷം മുമ്പ് സർ. ശങ്കരൻനായർ എന്ന മഹാപുരുഷൻ വിഭാവനം ചെയ്തതായിരുന്നുവെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു. "വിദ്യാഭ്യാസം ആണിനും പെണ്ണിനും ഒരുപോലെ അവകാശപ്പെട്ടതായിരിക്കണമെന്നും അത് തൊട്ടിലിൽനിന്നും അമ്മ തുടങ്ങേണ്ട ഒന്നാണെന്നും എനിക്കഭിപ്രായമുണ്ട്. അതുകൊണ്ട് നമ്മുടെ സ്ത്രീകൾ തീർച്ചയായും സാക്ഷരരായിരിക്കണം. ഏതൊരു മതത്തിലേയും പ്രമുഖരും ബുദ്ധിയുള്ളവരുമായ സ്ത്രീ പുരുഷൻമാർ വിദ്യാഭ്യാസം നടത്തിയെങ്കിൽ മാത്രമേ ഇന്ത്യയുടെ പുരോഗതി സാധ്യമാവുകയുള്ളു".

ഗാന്ധിജിയുമായി അഭിപ്രായവ്യത്യാസമുണ്ടായിരുന്നെങ്കിലും ശങ്കരൻനായരുടെ വിയോഗത്തിൽ, അന്ന് തെക്കെ ആഫ്രിക്കയിലായിരുന്ന ഗാന്ധിജി അനുശോചനം അറിയിക്കുകയുണ്ടായി. 140 വർഷങ്ങൾക്കുമുമ്പ് ഇന്ത്യക്കുവേണ്ടി സംസാരിക്കാൻ ജനിച്ച ശങ്കരൻനായരുടെ ശവകുടീരം ഇന്ന് മങ്കരയിൽ അനാഥമാണ്. വിണ്ടുപൊളിഞ്ഞ ഈ ശവകുടീരം നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതാണ്. നിർഭാഗ്യവശാൽ അങ്ങിനെയൊന്ന് ഇന്ത്യക്ക് അപ്രാപ്യമായിരിക്കുന്നു.

ചേറ്റൂർ കുടുംബത്തിൽനിന്നുതന്നെ വന്ന അനവധിപേർ ഇന്ത്യയുടെ തലപ്പത്തെത്തിയിട്ടുണ്ട്. സർ മാധവൻനായർ, എസ്.കെ.ചേറ്റൂർ, ജി.കെ.ചേറ്റൂർ പിന്നെ ഈ തലമുറയുടെ ഇങ്ങേ തലക്കൽ, ഡൽഹി സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ചെയർമാനാവുന്ന ആദ്യത്തെ മലയാളി ജസ്റ്റീസ് ശങ്കരൻനായർ. ഇവരൊക്കെയും മങ്കരയുടെ മാനം കാത്തവർ.

മങ്കരയുടെ ചരിത്രപരമായ ദൗത്യം ഇവിടെക്കൊണ്ട് അവസാനിക്കുന്നില്ല. അടിവേരുകളുടെ ആഴം തിരിഞ്ഞ് കുറച്ചുകൂടി തിരിച്ചുനടക്കുമ്പോൾ പടയോട്ടങ്ങളുടേയും വെടിവെപ്പുകളുടേയും വിധികല്പിതങ്ങൾ കാണാം. പാലക്കാട്ടുനിന്നും കോഴിക്കോട്ടേക്കുള്ള ഒരെളുപ്പവഴി മങ്കരവഴി, ഭാരതപ്പുഴക്കു

കുറുകെ കടന്നുപോയിരുന്നതായി ചരിത്രം പറയുന്നു. ഈ പാതക്കു തെക്കുവശത്തായി മങ്കരയിൽ ഒരു മൺകോട്ട നിലനിന്നിരുന്നതായും ചരിത്രപുസ്തകങ്ങൾ പറയുന്നു (മങ്കരക്കോട്ട). ഈ കോട്ടക്കരുകിലായിരുന്നു പ്രശസ്തമായ ചേറ്റൂർ തറവാട്. മലബാറിൽ തന്റെ ആധിപത്യം സ്ഥാപിക്കുന്നതിനിടയിൽ മറ്റു പല സ്ഥലങ്ങളിലും നിർമ്മിച്ചതുപോലെ സുൽത്താൻ ഹൈദരലി നിർമ്മിച്ചതാണ് മങ്കരക്കോട്ടയും എന്ന് പറയപ്പെടുന്നു. പാലക്കാടുനിന്നും കോഴിക്കോട്ടേക്കുള്ള .യാത്രയിൽ മുസ്ലിം പടയാളികളുടെ ഇടത്താവളമായിരുന്നുവത്രെ മങ്കരക്കോട്ട. പിന്നീട്, ടിപ്പുസുൽത്താന്റെ പാലക്കാട്ടുള്ള കോട്ട പിടിച്ചെടുക്കാൻ ചെന്ന കേണൽ ഹംബർസ്റ്റനെ ടിപ്പു തുരത്തിയപ്പോൾ ഹംബർസ്റ്റൻ അഭയകേന്ദ്രമാക്കിയത് ഈ കോട്ടയായിരുന്നു. ടിപ്പുവും ഹംബർസ്റ്റനും തമ്മിൽ മങ്കരയിൽ വെച്ച് 1782 നവംബർ 2ന് ഘോരമായൊരു യുദ്ധം നടന്നിരുന്നുവെന്ന് ചരിത്രം പറയുന്നു. രണ്ടോ മൂന്നോ ആഴ്ച ഈ കോട്ടയിൽ തങ്ങിയ ഇംഗ്ലീഷ് പ്രഭു 1782 നവംബർ 12ന് ഇംഗ്ലണ്ടിലേക്കു പോകുന്നതിനു മുമ്പ് കോട്ട തകർക്കുകയാണുണ്ടായത്. ഈ കോട്ട നിന്നിരുന്നിടത്താണ് ഇന്നത്തെ സർ. ചേറ്റൂർ ശങ്കരൻ നായർ മെമ്മോറിയൽ ഗവൺമെന്റ് ഹൈസ്ക്കൂൾ. കുറച്ചുകാലങ്ങൾക്കുമുമ്പുവരെ ഈ സ്ക്കൂളിനകത്ത്, കോട്ടയുടെ അവശിഷ്ടങ്ങൾക്കു മുകളിൽ, അങ്ങിനെയൊന്ന് നിലനിന്നിരുന്നുവെന്ന് അറിയിക്കാൻ സർ. ശങ്കരൻ നായർ ചുണ്ണാമ്പുകല്ലുകൾ കൊണ്ട് അടയാളമിട്ടിരുന്നത് നിലനിന്നിരുന്നു. അടുത്ത കാലം വരെ ഈ കോട്ടയുടെ പരിസരത്തുനിന്നും വെടിയുണ്ടകളുടെ അവശിഷ്ടങ്ങളും കണ്ടെത്തിയിരുന്നു. ഹൈദരാലിയുടെ കോഴിക്കോടൻ യാത്രയിലെ വിശ്രമകേന്ദ്രമായ മങ്കരയെ സാധൂകരിക്കാൻ മങ്കരയിൽ 'താവള'മെന്നൊരു സ്ഥലം ഇന്നും നിലനിൽക്കുന്നു.

നടുവട്ടത്തിൽപ്പെട്ട പുരാതന ജനപതമായിരുന്ന മങ്കരയെക്കുറിച്ച് സഞ്ചാരികളായ ബി.എസ്.വാർഡും, ഫ്രാൻസിസ് ബുക്കാനനും രേഖപ്പെടുത്തിയിട്ടുണ്ട്. ബി.എസ്.വാർഡിന്റെ ഡയറി ഇങ്ങനെ രേഖപ്പെടുത്തുന്നു.

> "1820 ഫെബ്രുവരി 10 - ഇന്ന് അതിരാവിലെ പാലക്കാട്ടുനിന്ന് യാത്ര തിരിച്ചു. പടിഞ്ഞാട്ടുവെച്ച് നടന്നു. 5 മൈലോളം പോയിട്ടു പുത്തൂർ കടവിൽവെച്ചു പുഴ കടന്നു. പുഴയുടെ തെക്കേതീരത്തുകൂടി നടന്നു. വരട്ടാറിന്റെ വടക്കേ കൈവഴി സന്ധിക്കുന്നിടത്തെത്തി. വലതുവശത്തായി സർവ്വാധികാര്യക്കാരുടെ സത്രം കണ്ടു. പൊന്നാനി നദി തരണം ചെയ്തു. 300 വാര വീതിയുണ്ടതിന്. പുഴകടന്നുചെന്നതു മങ്കരയിലാണ്. ജനവാസമുള്ള സ്ഥലം. അഴകുള്ള കുടിയിരുപ്പുകൾ അവിടവിടെ ചിത്രപടങ്ങൾ പോലെ ചിതറിക്കിടക്കുന്നു. ഒരു കുന്നിൻനെറുകയിൽ ഇടിഞ്ഞുതകർന്നുപോയ ഒരു കോട്ട കണ്ടു. റോഡിന് ഇടതുവശത്തായി വഴിയാത്രക്കാരെ ഉദ്ദേശിച്ചുള്ള കടകമ്പോളങ്ങൾ ഉണ്ട്. അര മൈൽ തെക്കുപടിഞ്ഞാറ് അടുത്തൂൺ പറ്റുന്ന ഒരു രാജാവ് നിവസിക്കുന്നു. അദ്ദേഹത്തിന്റെ കോവിലകത്തിനു ചുറ്റും വലിയ 'വാട' കെട്ടിയിട്ടുണ്ട്. കോഴിക്കോട്ടുരാജാവിന് ഇവിടെ ധാരാളം വസ്തുക്കളുണ്ട്. പിന്നേയും നടന്ന് ഒരു മൈൽ പിന്നിട്ടു. കുറുക്കുവഴിയെ മണ്ണൂർ ദേശം വഴി ലക്കിടിയിലെത്തി. പെരുവഴിയിൽ ഒരു ബസാറുണ്ട്. യാത്രക്കാർക്കുള്ള, കൊള്ളാവുന്ന, ഒരു വിശ്രമ മന്ദിരം ഇവിടെ സ്ഥിതിചെയ്യുന്നു. പച്ച വിരിച്ച പരമസുന്ദരമായ പാടശേഖരങ്ങൾ ചുറ്റും. ജനസംഖ്യയും കുറവല്ല. തിരിച്ച് മങ്കരയിൽ തന്നെ വന്നു. നിമ്നോന്നതമാണ് മങ്കരദേശം. വീടുകൾ വിട്ടുവിട്ടാണ്. കരിമ്പനകൾ എമ്പാടും കണ്ണിന് കൗതുകം നൽകുന്നു. തിയ്യർ എന്ന ജാതിക്കാർ കരിമ്പന ചെത്തി കള്ള് ഉല്പാദിപ്പിക്കുന്നു."

ഫ്രാൻസിസ് ബുക്കാനന്റെ ഡയറിയും മങ്കരയുടെ പ്രാധാന്യം പറയുന്നു.

> "1800 ഡിസംബർ 5 - മലബാർ ദക്ഷിണമേഖലാ സൂപ്രണ്ട് മിസ്റ്റർ വാഡൽ (Waddel) ഒരുമിച്ചു ഞാൻ യാത്ര തുടർന്നു. ഒരു സംഘം സായുധരായ നായന്മാർ ഞങ്ങളെ അകമ്പടി സേവിച്ചു. അവിടെ വഴിയിൽ കള്ളന്മാർ യാത്രക്കാരെ കൊള്ളയടിച്ചു കൊല്ലുക

പതിവിവുണ്ടത്രെ. എന്നാൽ കേട്ടതുപോലെ അനിഷ്ടസംഭവങ്ങൾ ഒന്നും വഴിയിൽ ഉണ്ടായില്ല. പാലക്കാടുകോട്ടയുടെ തെക്കുഭാഗത്തു വെച്ച് സ്ഫടികതുല്യം ശോഭിക്കുന്ന മനോഹരമായ നദി കടന്ന് മങ്കരയിലെത്തി. മേജർ റെന്നൽ (Major Rennel) പറഞ്ഞറിഞ്ഞ മങ്കരക്കോട്ട നാശനഷ്ടങ്ങളുടെ കൂമ്പാരമായി കാണപ്പെട്ടു. സ്ഥലത്തു കമ്പോളമില്ല. നാട് കാഴ്ചയിൽ അതിമനോഹരം; ചെറുകുന്നുകളും, കുടിയിരുപ്പുകളും, ഭൂമിയുടെ നിമ്നോന്നത സ്വഭാവം കൊണ്ട്, തൊട്ടുള്ള ലക്കിടി സാമൂതിരി രാജാവിന്റേതായിരുന്നു."

ചരിത്രത്തിന്റേയും സാഹിത്യത്തിന്റേയും മഹാഇടപെടലുകൊണ്ട് മങ്കരയെന്ന മനോഹരി, അതിന്റെ നിലക്കാത്ത ഉദയാസ്തമയങ്ങൾക്കിടക്ക് ഒരു മഹാസംസ്കൃത പണ്ഡിതനും കൂടെ ജന്മം നൽകി. തിരുത്തിയിൽ ബാലഗോപാല കുറുപ്പ്. വേദോപനിഷത്തുകൾക്കിടയിൽ പ്രപഞ്ചത്തിന്റെ, അറിവിന്റെ കാണാപ്പുറങ്ങൾ തേടിപ്പോയ ഈ പ്രവാസിയേയും ലോകം ഏറെ ശ്രദ്ധിച്ചില്ല.

പിന്നെ, ആകാശത്തിന്റെ അഴൽപരപ്പോളം നിരന്നുനിന്ന കാർഷിക ബോധങ്ങളിൽ നിന്നും ഉയിർകൊണ്ട അനേകം കലാരൂപങ്ങളുടെ കൊട്ടിപ്പാടി സേവയ്ക്കു സന്നദ്ധമായ മങ്കരയുടെ ചിത്രവും വരക്കാതെ വയ്യ. കൊയ്ത്തു കഴിഞ്ഞ പാടത്തെ പൊറാട്ടുകളി, 'നാടിനു മുഴുവൻ നന്മ വരണമേ' എന്നു നാവറു പാടിയ പുള്ളുവക്കുടവും വീണയും മെരുങ്ങാത്ത കാട്ടുമൃഗമായ ചെണ്ടയിൽ അടന്തയും പഞ്ചാരിയും കൊട്ടിക്കയറി താളത്തിന്റെ ഗോപുരങ്ങൾ തുറന്ന അപ്പമാരാർ, കല്ലൂർ രാമൻകുട്ടി........ മദ്ദളത്തിന്റെ മഹാഭാഗ്യമായ വെങ്കിച്ചൻ സ്വാമിക്കൊപ്പം കൊട്ടിയ കൊടലോടി രാഘവൻ നായർ, പിന്നെ, പ്രഗത്ഭരിൽ പ്രഗത്ഭനായ കല്ലൂർ ചാത്തര് പണിക്കർ........ തറവാടുകളുടെ ആഴം തേടിപ്പോയാൽ ഇനിയും കാണാം. കളിവിളക്കിന്റെ ആയുരാരോഗ്യ സൗഖ്യങ്ങൾക്കു മുന്നിൽ നിറഞ്ഞാടിയ പച്ചയും കത്തിയും കൃഷ്ണമുടിയും......... ഒരു കൃഷ്ണനും, രാമനും.......... ഏറെ അറിയാതെ പോയവർ..........

ഇനിയുമെത്രയോ മറന്നിരിക്കാം. എത്രയോ അറിയാതെ പോയിരിക്കാം. ഓർമ്മയിൽ വരാത്ത ആ പ്രേതാത്മക്കളെല്ലാം ഈ ഭൂമിയുടെ പ്രേമത്തെക്കുറിച്ചോർത്ത് പൊറുക്കട്ടെ.

എങ്കലും ഇതു, പറയാതെ വയ്യ.

ഇന്നു ഫ്രാൻസിസ് ബുക്കാനൻ ഈ മങ്കര സന്ദർശിക്കുകയാണെങ്കിൽ ഇങ്ങനെ പറയുമായിരുന്നുവെന്ന് ഒരു പുസ്തകം പറയുന്നു.

"ഈ ഭൂമിയുടെ ഓരോ മുക്കും മൂലയും മനുഷ്യൻ എത്ര മാറ്റി മറിച്ചു! ഒന്നും മങ്കരയിൽ ചരിത്രത്തിലേതുപോലില്ല. ഗ്രാമവീഥികളും കോട്ട മൈതാനങ്ങളും എല്ലാം ഇല്ലാതായി. ഗ്രാമത്തിനു ലഭിച്ച ആ പേരുപോലും അന്വർത്ഥമാകുന്നു."

വർഷങ്ങൾ കടന്നുപോയി. ഒരു സാമ്രാജ്യത്തിന്റെ ഓർമ്മകൾ വിധിവൈപരീത്യങ്ങളുമായി മല്ലടിയ്ക്കുകയാണിന്ന്. വിജയന്റെ വരികളിലൂടെ മങ്കര ഉയിർക്കുകയുമാവാം.

"അടുത്തടുത്തു വിരിച്ച പുല്ലുപായകളിൽ ഡോൺ പാറ്റ്റിക്കും ഞാനും കിടന്നു. മങ്കരയുടെ നിശാസ്വരങ്ങൾ ക്ഷീണിതങ്ങളായി ശമിക്കാൻ തുടങ്ങി. ഇപ്പോൾ നത്തുകളുടെ ചിറകടിയും ചീറലും ഇടയ്ക്കിടെ രാത്രിയെ ഭേദിച്ചു."

# 4. നാടും നാട്ടാരും

പാലക്കാട് ജില്ലയിൽ - പാലക്കാട് താലൂക്കിൽ - മങ്കര വില്ലേജിൽ, തെക്കുഭാഗം കേരളത്തിലെ പുകൾപെറ്റ നിളാനദിയുടെ വിശാലമായ തീരങ്ങളാലും വടക്കുഭാഗം പ്രകൃതിയുടെ ജീവസമ്പത്തായ വനത്താലും അനുഗ്രഹിക്കപ്പെട്ട് കുന്നുകളും ചരിവുകളും സമതലങ്ങളാലും പ്രകൃതിരമണീയതയുടെ തനിമയാർന്ന നാട്ടിൻപുറമാണ് മങ്കര പഞ്ചായത്ത്.

## പഞ്ചായത്തിന്റെ അതിരുകൾ

| | | |
|---|---|---|
| വടക്ക് | - | കേരളശ്ശേരി, കോങ്ങാട് പഞ്ചായത്തുകൾ |
| തെക്ക് | - | ഭാരതപ്പുഴ |
| കിഴക്ക് | - | പറളി പഞ്ചായത്ത് |
| പടിഞ്ഞാറ് | - | ലക്കിടി പേരൂർ പഞ്ചായത്തും മണ്ണൂർ പഞ്ചായത്തും |

| | | |
|---|---|---|
| പഞ്ചായത്തിന്റെ വിസ്തീർണ്ണം | - | 20.53 ചതുരശ്ര കി.മി. |
| ജനസംഖ്യ | - | 15,946 |

ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയാണ്. വെട്ടുകല്ല്മണ്ണും (ലാറ്ററൈറ്റ്), ചുവപ്പുമണ്ണും നിറഞ്ഞ ഈ പ്രദേശത്തെ പ്രധാന കൃഷി നെല്ല്, തെങ്ങ് എന്നിവയാണ്. കൂടാതെ റബർ, വാഴ, ഇഞ്ചി, മധുരക്കിഴങ്ങ്, മരച്ചീനി, കശുമാവ് എന്നിവയും ചുരുങ്ങിയ തോതിൽ കൃഷിചെയ്തുവരുന്നു. ജലസമൃദ്ധമായ നിരവധി കുളങ്ങളും, ഭാരതപ്പുഴ, ചാത്തിക്കഴായ്, ചവിറ്റിലത്തോട് എന്നീ തോടുകളും ജലസേചനത്തിനായി ഉപയോഗപ്പെടുത്തി പഞ്ചായത്തിലെ കൃഷി അഭിവൃദ്ധിപ്പെടുത്താം.

ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ 5 മേഖലകളാക്കി തിരിക്കാം

**1. ചെറിയ മലമ്പ്രദേശം -** കല്ലൂർ മലയോരമാണ് ഈ ഭൂപ്രദേശം. പഞ്ചായത്തിലെ ഏക വന പ്രദേശമാണിത്. ഇവിടെ കടുക്ക, നെല്ലി, താന്നി എന്നീ ഔഷധ വൃക്ഷങ്ങളും മറ്റു സസ്യസമ്പത്തും, ഓട, മുള എന്നിവയുമുണ്ട്. ശ്രദ്ധിച്ചുപരിപാലിച്ചാൽ ഒരു ഔഷധ സസ്യകേന്ദ്രമായി ഈ പ്രദേശത്തെ സംരക്ഷിക്കാം. കുറുക്കൻ, കാട്ടുപന്നി, മുള്ളൻ പന്നി, കുരങ്ങ്, തുടങ്ങിയ മൃഗങ്ങളും, മയിൽ, വേഴാമ്പൽ തുടങ്ങിയ പക്ഷികളേയും കണ്ടുവരുന്നു. ഈ പ്രദേശത്ത് ജനവാസം ഇല്ല.

**2. ഉയർന്ന സമതലം -** പഞ്ചായത്തിൽ ഏറിയഭാഗവും ഈ ഭൂവിഭാഗത്തിൽ പെടുന്നു. സമുദ്രനിരപ്പിൽ നിന്ന് 50 മീറ്ററിനും 75 മീറ്ററിനും ഇടയിൽ ഉയരമുള്ള പ്രദേശമാണ്. ജനസാന്ദ്രത ഏറ്റവും കൂടിയ പ്രാദേശമാണിത്. ഭൂരിഭാഗം ജനങ്ങളും ഈ മേഖലയിൽ വസിക്കുന്നു. ഈ പ്രദേശം വെട്ടുകല്ല്മണ്ണ് നിറഞ്ഞതാണ്. തെങ്ങ്, റബർ, മധുരക്കിഴങ്ങ്, മരച്ചീനി, കശുമാവ്, ഉഴുന്ന് എന്നിവയാണ് പ്രധാനകൃഷി. തേക്ക് വച്ചുപിടിപ്പിക്കൽ ഈ ഭാഗത്ത് വ്യാപകമാകുന്നു. മുള, പുളി, പന, മാവ് എന്നീ വൃക്ഷങ്ങളും

ധാരാളമായി കാണപ്പെടുന്നു. കാലാവസ്ഥക്കനുസൃതമായ കൃഷി മാത്രമെ നടക്കുന്നുള്ളു. ജലലഭ്യത ഇല്ലാത്ത ഭാഗത്ത് ഭൂരിഭാഗം കൃഷിയിടങ്ങളും തരിശായി കിടക്കുന്നു.

**3. ചെരിവ് പ്രദേശം -** താരതമ്യേന വിസ്തൃതി കുറഞ്ഞ ഭാഗമാണിത്. ചുവപ്പു മണ്ണ് ഈ പ്രദേശത്ത് കണ്ടുവരുന്നു. തെങ്ങ്, റബർ എന്നിവയാണ് പ്രധാനകൃഷികൾ. കശുമാവ് കൃഷിക്ക് പറ്റിയ പ്രദേശമാണ്.

**4. താഴ്വരകൾ -** ചെറിയ മലമ്പ്രദേശത്തിനും ഉയർന്ന സമതലങ്ങൾക്കും ഇടയിലാണ് ഈ മേഖല. ചരൽമണ്ണാണ് ഇവിടെ കാണപ്പെടുന്നത്. പ്രധാനകൃഷി നെല്ല്, വാഴ, ഇഞ്ചി തുടങ്ങിയവാണ്. ധാരാളം കുളങ്ങൾ ഈ ഭാഗത്ത് കാണപ്പെടുന്നുണ്ട്. എങ്കിലും ഈ കുളങ്ങളിലെ ജലലഭ്യത വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല.

**5. തീരപ്രദേശം -** പഞ്ചായത്തിന്റെ തെക്കുഭാഗത്തായി ഭാരതപ്പുഴയുടെ തീരപ്രദേശമാണിത്. പ്രധാന കൃഷി നെല്ല്, തെങ്ങ് എന്നിവയാണ്. പുഴവെള്ളം മുഴുവൻ പാഴായിപ്പോകുന്ന അവസ്ഥയാണ് നിലവിലുള്ളത്. അനിയന്ത്രിതമായ മണൽ വാരൽ പുഴയ്ക്ക് ഭീഷണിയായി തുടരുന്നു. ഈ പ്രദേശത്തെ നെൽപ്പാടങ്ങൾ ഇപ്പോൾ ഇഷ്ടിക ചൂളകളായി മാറിക്കൊണ്ടിരിക്കുന്നു.

## ജനപ്രകൃതി

പഞ്ചായത്തിലെ പ്രാചീന ജനവിഭാഗമാണ് നായാടികൾ എന്നറിയപ്പെടുന്ന ഒരു വിഭാഗം. ഈ വിഭാഗക്കാർ തനതായ ജീവിതരീതികളും ആചാരാനുഷ്ഠാനങ്ങളും ഇന്നും പിന്തുടരുന്നു. ഇവരുടെ ജീവിതനിലവാരം വളരെ ശോചനീയമാണ്. നിലവിലുള്ള കുടുംബങ്ങൾക്ക് പഞ്ചായത്ത് വെച്ചുകൊടുത്ത 6 വീടുകളിൽ മൂന്നെണ്ണം തകർന്ന് വീഴുകയും ബാക്കിയുള്ളവ നിലം പതിക്കാറായിരിക്കുകയുമാണ്. വിദ്യാഭ്യാസപരമായി വളരെ പിന്നോക്കാവസ്ഥയിലാണ് ഈ വിഭാഗക്കാർ. 1991 ലെ സെൻസസ് പ്രകാരം ജനസംഖ്യ 15946 ആണ്. പുരുഷൻ - 7646, സ്ത്രീ - 8300. പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകൾ കൂടുതലാണ്. ആകെ വീടുകൾ 4085 ആണ്. ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 776 ആണ്.

### അഞ്ചു വയസ്സിന് താഴെ പ്രായം വരുന്ന കുട്ടികളുടെ വിവരം

| | |
|---|---|
| ഒരു വയസ്സുവരെ പ്രായമുള്ളവർ | 261 |
| ഒരു വയസ്സിനും രണ്ടു വയസ്സിനുമിടയ്ക്ക് | 276 |
| രണ്ടു വയസ്സിനും മൂന്ന് വയസ്സിനുമിടയ്ക്ക് | 257 |
| മൂന്ന് വയസ്സിനും അഞ്ച് വയസ്സിനുമിടയ്ക്ക് | 477 |

| | |
|---|---|
| പട്ടികജാതി ജനസംഖ്യ | 3274 |
| പുരുഷൻമാർ | 1613 |
| സ്ത്രീകൾ | 1661 |

### സാക്ഷരതാ സംബന്ധമായ വിവരം

| | |
|---|---|
| ആൺ | 5753 |
| പെൺ | 5386 |
| നിരക്ഷരർ | 4808 |
| സാക്ഷരതാ ശതമാനം | 70 |

വിദ്യാഭ്യാസരംഗത്ത് പഞ്ചായത്ത് ഇനിയും അഭിവൃദ്ധിപ്പെടേണ്ടതുണ്ട്. ഉന്നത സാങ്കേതിക വിദ്യാഭ്യാസരംഗത്ത് പറയത്തക്ക നേട്ടം കൈവരിക്കാനായിട്ടില്ല. പഞ്ചായത്തിന്റെ വിദ്യാഭ്യാസപുരോഗതിക്കായി കല്ലൂർ ഗവൺമെന്റ് എൽ.പി. സ്ക്കൂൾ upgrade ചെയ്ത് എച്ച്.എസ്. ആക്കുകയും പഞ്ചായത്തിൽ ഒരു ട്രെയിനിംഗ് കോളേജ് തുടങ്ങുകയും ചെയ്യേണ്ടതാണ്.

തൊഴിലില്ലായ്മ ഈ പഞ്ചായത്തിലേയും ഒരു പ്രധാന പ്രശ്നമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നൽകുന്നത് വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മക്ക് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാം. നിലവിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സഹകരണസംഘങ്ങൾ ഉണ്ടാക്കുകയും യുവജനങ്ങൾക്ക് തൊഴിൽപരിശീലനം നൽകുകുയും കാർഷികചെറുകിട വ്യവസായ മേഖലകളിൽ അവരുടെ സേവനം വിനിയോഗിക്കുകയും ചെയ്യാം.

ഫ്യൂഡലിസവും ജന്മിത്തവും ജാതിപരമായ ഉച്ചനീചത്വങ്ങളും ജനജീവിതത്തെ നിയന്ത്രിച്ചിരുന്നു. എന്നാൽ അതിനെതിരായി നടന്ന ജനകീയപോരാട്ടങ്ങളുടേയും ഭൂപരിഷ്ക്കരണനിയമത്തിന്റേയും ഫലമായി ജനങ്ങളുടെ ജീവിതനിലവാരം ഉയരുകയും മതനിരപേക്ഷമായ ഒരു സംസ്കാരം വളർന്നുവരുകയും ചെയ്തിട്ടുണ്ട്. വിഭിന്ന ജാതി മതത്തിൽപെട്ട ജനങ്ങൾ ഇടകലർന്ന് ഒരുമയോടെ ജീവിക്കുന്നു.

**ജലപ്രകൃതി**

വർഷത്തിൽ ശരാശരി 484 മി.മി. മഴ ലഭിക്കുന്നു. ജൂൺ, ജൂലൈ, ഓഗസ്റ്റ്, മാസങ്ങളിലാണ്. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ഇടമഴ സാധാരണയായി ലഭിക്കാറില്ല. ഏപ്രിൽ, മെയ് മാസങ്ങളിൽ കടുത്ത വരൾച്ച അനുഭവപ്പെടുന്നു. ഈ സമയത്ത് അന്തരീക്ഷ താപനില ഏകദേശം 42°C വരെ ഉയരാറുണ്ട്.

പഞ്ചായത്തിന്റെ തെക്കുഭാഗത്തുള്ള ഭാരതപ്പുഴയും, ചാത്തിക്കഴായ്, ചവിറ്റലത്തോട് എന്നീ തോടുകളും ചെറുതും വലുതുമായ നിരവധി കുളങ്ങളും ചേർന്നതാണ് പഞ്ചായത്തിലെ ഉപരിതല ജലസ്രോതസ്സുകൾ.

ശുദ്ധജലം പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ലഭ്യമാണ്. പ്രധാനമായും കിണറുകളെ ആശ്രയിക്കുന്നു. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ചില ഭാഗങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. എന്നാൽ കല്ലൂർ പറപ്പളക്കുന്ന്, കരടിമല, മങ്കര-താവളം, റെയിൽവേസ്റ്റേഷൻ, അതിർക്കാട് എന്നീ മേഖലകളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. ജലക്ഷാമം ഭൂപ്രകൃതിയുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. കുടിവെള്ളക്ഷാമ പരിഹാരത്തിനായി സമീപത്തുള്ള കുളങ്ങൾ ഉപയോഗപ്പെടുത്താം. രണ്ടാം വിള പ്രധാനമായും മലമ്പുഴ കനാലിനെ മാത്രം ആശ്രയിച്ച് നടത്തുന്നു.

പഞ്ചായത്ത് അതിർത്തിയിൽ പെടുന്ന ഭാരതപ്പുഴയിൽ ചെറിയ ചെറിയ തടയണകൾ നിർമ്മിച്ചും ചാത്തിക്കഴായ്, ചവിറ്റലത്തോട് എന്നീ തോടുകളിൽ തടയണകൾ നിർമ്മിച്ചും നിലവിലുള്ള കുളങ്ങൾ വൃത്തിയാക്കിയും ജലസേചനസൗകര്യം വർദ്ധിപ്പിക്കാനും ഈ ജലാശയങ്ങൾ ഉപയോഗപ്പെടുത്തി മത്സ്യക്കൃഷി വികസിപ്പിക്കാനും സാധിക്കും.

## പ്രധാന കുളങ്ങളെ കുറിച്ചുള്ള പട്ടിക

| പേര് | വാർഡ് | വിസ്തീർണ്ണം ( ഏക്കർ. സെന്റ് ) |
|---|---|---|
| 1. ഏറാംകുളം | I | 0.70 |
| 2. പഞ്ചായത്തുകുളം | I | 0.40 |
| 3. ചെവിരിക്കുളം | II | 1.00 |
| 4. പൊതുകുളം | II | 0.65 |
| 5. കണ്ടൻകുളം | III | 0.50 |
| 6. കോതകുളങ്ങരകുളം | III | 0.60 |
| 7. ചണ്ടേക്കോട് കുളം | IV | 1.00 |
| 8. കുളംകണ്ടം മയിലാവിൽ | IV | 0.50 |
| 9. കോരൻകുളം (പഞ്ചായത്തുകുളം) | V | 0.80 |
| 10. വലിയകുഴികുളം | V | 0.50 |
| 11. മാങ്കുറുശ്ശി അമ്പലക്കുളം | VI | 2.50 |
| 12. കാരാങ്കോട്കുളം | VI | 1.50 |
| 13. കൊാങ്ങൻകുളം | VII | 0.80 |
| 14. കൂരാത്തുകുളം | VII | 0.50 |
| 15. പുന്നക്കുറിശ്ശികുളം | VIII | 0.50 |
| 16. മാനംകുളം | VIII | 0.60 |
| 17. അരങ്ങോട്ടുകുളം | IX | 0.40 |
| 18. പഴങ്ങോട്ടുകുളം | IX | 1.50 |

# 5. സാമൂഹിക സാമ്പത്തിക മേഖലകൾ

"ആളുകൾ എന്തോ കണ്ടെത്തുന്നു. അതിന്റെ പ്രവർത്തനം മനസ്സിലാക്കുന്നു. പ്രകൃതിയെ ചൂഷണം ചെയ്യുന്നു. ഇതെല്ലാം മനുഷ്യരാശിയുടെ നന്മക്കുവേണ്ടിയാണെന്ന് വിധിക്കുകയും ചെയ്യുന്നു. എന്നാൽ ഇതിന്റെയെല്ലാം നേട്ടം ഈ ഭൂമിഗ്രഹം വിഷ മലിനമായതും ആളുകൾ കലുഷചിത്തരായതും ആധുനികതയെന്ന ചേട്ടയെ ഇവിടെ കുടിയിരുത്തിയതുമാണ്."

മസനോബുഫുക്കുവോക്ക
(ജപ്പാനിലെ പ്രകൃതി - കൃഷി ശാസ്ത്രഞ്ജൻ)

# 5(1) കൃഷിയും ജലസേചനവും

മങ്കര ഒരു പുഴയോര ഗ്രാമമാണെങ്കിലും കാലവർഷം അവസാനിക്കുന്നതോടെ പാലക്കാടൻ ചുരത്തിലൂടെ വീശിയടിക്കുന്ന കാറ്റ് ഈ പ്രദേശത്തെ വരണ്ട ഭൂമിയാക്കുന്നു. മലമ്പുഴ അണക്കെട്ടിൽ നിന്നുള്ള ജലം ഒഴുകിയെത്തുന്നതിനു മുമ്പുള്ള മങ്കരയുടെ കാർഷികനില ദയനീയമായിരുന്നു. മഴയെ മാത്രം ആശ്രയിച്ചുകഴിഞ്ഞിരുന്ന അക്കാലത്തെ വൃശ്ചികപാണ്ടി കൊയ്തെടുത്ത പള്ളിയാൽ പാടങ്ങളിൽ ചെമ്മരിയാട്ടിൻ പററങ്ങളുമായി പാണ്ടിനാട്ടിലെ ഇടയൻമാർ എത്തിയിരുന്നു. പാതി പട്ടിണിക്കാരായ കൃഷീവലർ പനകയറി കള്ളുചെത്തിയും കുറുക്കിയും രാത്രികാലങ്ങളിൽ പൊറാട്ടുകളി കണ്ടാസ്വദിച്ച് വേനൽമഴ വിരുന്നു വരുന്നതും കാത്ത് കഴിഞ്ഞിരുന്ന കാലം അപൂർവ്വം ചിലർ ഓർക്കുന്നുണ്ടാകും. മറ്റു പാലക്കാടൻ ഗ്രാമങ്ങളെ പച്ച പിടിപ്പിച്ച മലമ്പുഴ വെള്ളം തന്നെയാണ് മങ്കരയേയും ഹരിതാഭകരമാക്കിയത്.

എന്നാൽ നെല്ലുമാത്രമേ കൃഷി ചെയ്തിരുന്നുള്ളൂ എന്ന ധാരണ ശരിയല്ല. പറമ്പുകളിൽ ഉഴുന്ന്, ചെറുപയർ, ചാമ, തുവര, ചക്കരക്കിഴങ്ങ് എന്നിവയുമുണ്ടായിരുന്നു. പറമ്പുകൾ പുരയിടങ്ങളായി. കൃഷിച്ചിലവ് വർദ്ധിച്ചു. മഴ കുറഞ്ഞു. നെല്ലൊഴികെയുള്ള ഹ്രസ്വകാല വിളകളെല്ലാം നാമമാത്രമായി. ചാമ എന്ന ധാന്യം എന്തെന്നുപോലും പലർക്കും അറിയില്ല. കരിമ്പുകൃഷിയും ഇവിടെ പരീക്ഷിക്കപ്പെട്ടിട്ടുണ്ട്. കരിമ്പും പനഞ്ചക്കരയും ശേഖരിച്ച് കയറ്റി അയച്ചിരുന്ന 'പ്യാരി ആന്റ് കമ്പനി'യും തമിഴ്നാട്ടുകാർ നടത്തിയിരുന്ന തോൽവ്യവസായവും ഏറെക്കാലം മങ്കരയിൽ നിലനിന്നുപോന്നു. മങ്കര റെയിൽവേ സ്റ്റേഷനിൽ നിന്ന് തോലും പനഞ്ചക്കരയും കയറ്റി അയച്ചിരുന്നത് പലരും ഓർക്കുന്നുണ്ട്. മറ്റു പ്രദേശങ്ങളെ പോലെ വരൾച്ച തന്നെ മുഖ്യ പ്രശ്നം. പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്താനുള്ള പല മാർഗ്ഗങ്ങളും പഴമക്കാർ ചെയ്തിരുന്നു. അവയിലൊന്നാണ് പുരയിടങ്ങളിലെ കാവുകൾ. ഏതോ വിശ്വാസത്തിന്റെ പേരിൽ ആദരപൂർവ്വം നിലനിർത്തി വന്നിരുന്ന അത്തരം കാവുകളിൽ വൃക്ഷങ്ങൾ വളർന്നുനിന്നിരുന്നു. പക്ഷികൾ അവിടെ അന്തിക്കൂടു കെട്ടി. താഴെ സർപ്പങ്ങൾ സ്വൈരമായി താമസിച്ചു. കാവുകൾ ക്രമേണ ഇല്ലാതായി. ഇതുമൂലം മണ്ണിലെ ജലാംശവും ജൈവാംശവും നഷ്ടപ്പെട്ടു. വിളസംരക്ഷകരായ പാമ്പും പരുന്തും കുടിയൊഴിഞ്ഞുപോയി. മഴമേഘങ്ങൾ പെയ്തിറങ്ങാതെ മുരണ്ടൊഴിഞ്ഞുപോയി.

ജലസംഭരണവും ജലനിർഗ്ഗമനവും കൃഷിയുടെ പ്രധാന ഘടകങ്ങളാണ്. തോടുകൾ, കുളങ്ങൾ എന്നിവ വേണ്ടവിധം സംരക്ഷിക്കാതെ വന്നതും വരൾച്ചക്ക് കാരണമായി. കുളങ്ങൾ വേണ്ടത്ര ശ്രദ്ധയോടെ പുനരുദ്ധരിച്ചാൽ ശുദ്ധജലമത്സ്യകൃഷി വികസിപ്പിച്ച് ഒരു തൊഴിൽമേഖലകൂടി കണ്ടെത്താം. ഭാരതപ്പുഴയിൽ യഥാസ്ഥാനങ്ങളിൽ തടയണ നിർമ്മിച്ചാൽ കൃഷിക്കും കുടിവെള്ളത്തിനും ക്ഷാമം വരില്ല.

മന്വന്തരങ്ങളായി ജനിമൃതികൾക്ക് സാക്ഷ്യം വഹിച്ചൊഴുകുന്ന ഭാരതപ്പുഴയെപ്പറ്റിയുള്ള ആശങ്കയും രേഖപ്പെടുത്തട്ടെ. മാങ്കുറുശ്ശി മുട്ടിക്കടവ് മുതൽ അതിർക്കാട് മൂച്ചിപ്പാലം വരെ നിയന്ത്രണമില്ലാതെ നടക്കുന്ന മണൽ വാരൽ ഇനിയും തുടർന്നാൽ ഈ മണൽപ്പരപ്പിൽ വന്ന് പിതൃക്കൾക്ക് പിണ്ഡം വെച്ച്

കറുകത്തലക്കൽ 'എള്ളും പൂവും ചന്ദനവും തൊട്ടൊരു വെള്ളം' കൊടുക്കാനുള്ള ജലം പോലുമു ണ്ടാവുമോ?

കല്ലൂർ മലയിൽ കാണുന്ന പ്രകൃതിദത്തമായ ജലസ്രോതസ്സ് ഈ ഗ്രാമത്തിന്റെ ശുദ്ധജലവിതര ണത്തിനും കൃഷിക്കും എങ്ങിനെ വിനിയോഗിക്കാമെന്ന് വിദഗ്ദ്ധ ഏജൻസിയെക്കൊണ്ട് റിപ്പോർട്ടു തയ്യാറാക്കുന്നത് നന്നായിരിക്കും. പുഴയോരങ്ങളിലെ എക്കൽമണ്ണിൽ വേനൽക്കാല പച്ചക്കറികൾ കൃഷി ചെയ്ത് ഈ രംഗത്ത് സ്വയം പര്യാപ്തത നേടാം. സഹരകരണ മേഖലയിൽ പച്ചക്കറിക്കൃഷിക്ക് ശ്രമമു ണ്ടായാൽ തൊഴിൽരഹിതർക്കും ഈ പദ്ധതി പ്രയോജനപ്പെടുത്തി നല്ല വരുമാനം ഉണ്ടാക്കാം.

നെൽകൃഷിയെ മാത്രം ആശ്രയിച്ചുകൊണ്ടുള്ള ജീവിതം ഇനി ദുഷ്കരമാകാം. അമിതമായ രാസവളപ്രയോഗം, ജൈവവളങ്ങളുടെ ദൗർലഭ്യം, കാർഷികവൃത്തിയോടുള്ള അവഗണന എന്നിവ ഈ രംഗത്തെ പ്രശ്നങ്ങളാണ്. 'ഗ്ലാമറില്ലാത്ത' തൊഴിലായി കൃഷിയെ കാണാൻ തുടങ്ങിയിരുക്കുന്നു. കൃഷിയെ ന്നാൽ നെല്ല് എന്ന സങ്കല്പം മാത്രം പോര. കാലി - കോഴി വളർത്തൽ കൃഷിയുടെ ഭാഗമാകണം. മുമ്പുള്ളവർ ജൈവവളം ശേഖരിച്ചിരുന്നത് സ്വന്തം തൊഴുത്തിൽനിന്നും കോഴിക്കൂട്ടിൽനിന്നുമാണ്. കാലിവ ളർത്താനുള്ള പ്രയാസം, കൂട്ടുകന്നിന്റെ (കാള, പോത്ത്) ആവശ്യമില്ലായ്മ (ഈ ഭാരം ട്രാക്ടർ ഏറ്റെടുത്തു വല്ലോ) എന്നിവ ജൈവവള ദൗർലഭ്യത്തിനു കാരണമാണ്. അതിനു പരിഹാരമായി ഹരിത വിപ്ലവ ത്തോടെ ധവള വിപ്ലവവുമാകാം. വ്യവസായികാടിസ്ഥാനത്തിൽ പശു, എരുമ, എന്നിവ വളർത്താൻ കൃഷിക്കാർക്ക് വയ്ക്കോലും പുല്ലും പ്രശ്നമാകില്ലല്ലോ. ചാണകമുപയോഗിച്ച് ഗോബർഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചാൽ ഇന്ധനക്ഷാമം ഒരു പരിധിവരെ പരിഹരിക്കാം. ആവുന്നത്ര കൃഷിക്കാരെ ഇത്തരം പദ്ധതി യിലുൾപ്പെടുത്തി ഒരു കാർഷികസംസ്കാരം വളർത്തിയെടുക്കാം. രാസകീടനാശിനികളിൽ നിന്ന് ജൈവ കീടനാശിനികളിലേക്ക് മാറണം. വേപ്പെണ്ണ, വേപ്പിൻതൊലി, മുരിങ്ങത്തൊലി, മഞ്ഞൾ, കായം, വെളുത്തു ള്ളി, കാന്താരിമുളക് എന്നിവയിൽനിന്ന് കീടനാശിനികൾ ഉണ്ടാക്കാം. ഇവ വിളകൾക്കും മറ്റുജീവികൾക്കും ഹാനികരവുമല്ല.

കാർഷികരംഗത്തെ കൂട്ടായ്മ കുറേക്കൂടി വിശാലമാക്കണം. മുൻകാലങ്ങളിൽ ഒന്നും രണ്ടും ഏറ് (ജോടി) കന്നുകൾ ഉണ്ടായിരുന്നവർ ഒത്തുചേർന്ന് വലിയ കണ്ടങ്ങൾ നിരത്തുന്ന (അവസാനത്തെ ഉഴവ്) സമ്പ്രദായത്തിന് ഒരു ഉത്സവച്ഛായയുണ്ടായിരുന്നു. ഒരു പ്രദേശത്തെ പെണ്ണാളർ ഒത്തു ചേർന്ന് ഞാറ്റുപാട്ടുപാടി കണ്ടം നടുന്ന കാഴ്ച അവിസ്മരണീയമാണ്. ഇക്കാലത്തും അത് പ്രായോഗികമാണ്. ഒരു പാടശേഖരത്തിലെ കൊയ്ത്ത്, നടീൽ എന്നിവ തൊഴിലാളികളെ ഒന്നിച്ചുചേർത്തു നടത്തിയാൽ കൃഷിച്ചെലവു കുറയ്ക്കാം. തൊഴിലാളിക്കും, തൊഴിലുടമക്കും ഉണ്ടാകുന്ന വിരസത ഒഴിവാക്കാം.

ആരോഗ്യമുള്ള ജനത നാടിന്റെ സമ്പത്താണ്. മാനുഷികവിഭവശേഷിയുടെ അടിസ്ഥാനവും ആരോഗ്യം തന്നെ. നല്ല ഭക്ഷണം നല്ല ആരോഗ്യത്തിന്. നല്ലത് രുചികരം മാത്രമല്ല പോഷകപ്രധാനവു മാണ്. പോഷകാഹാരക്കുറവുകൊണ്ട് ഉണ്ടാകുന്ന രോഗങ്ങൾക്ക് പരിഹാരം കാണണം. റഷ്യയിൽ പോഷകാഹാരക്കുറവുകൊണ്ട് ഒരു കുട്ടി മരിച്ചാൽ ദാരിദ്ര്യംകൊണ്ടുള്ള മരണമായാണ് വിലയിരുത്തിയി രുന്നത്. ഇവിടെ ദാരിദ്ര്യം കൊണ്ടു മരിച്ചാലും അജ്ഞാത രോഗം കൊണ്ടാണെന്നു പറയുന്ന സമ്പ്ര ദായം അവസാനിപ്പിക്കണം. 'കളർഫുഡ്, ഫാസ്റ്റ് ഫുഡ്, ഇൻസ്റ്റന്റ് ഫുഡ്' - സംസ്കാരം വളർത്തരുത്. പഴവർഗ്ഗങ്ങൾ നമ്മുടെ 'ഇൻസ്റ്റന്റ് ഫുഡ്' ആകണം. ചക്ക, മാങ്ങ, പേരയ്ക്കാ, സപ്പോട്ട, നെല്ലിക്ക, വാഴപ്പഴം ഇവ സമൃദ്ധിയായി നമ്മുടെ നാട്ടിൻപുറത്തുണ്ടാവണം. വിഷം ചേർക്കാതെ ഉല്പാദിപ്പിക്കുന്ന വസ്തുക്കൾ മുഖ്യ ആഹാരമാകണം.

പ്രകൃതിദത്തമായ ഔഷധങ്ങൾക്ക് വളരാൻ സാഹചര്യമൊരുക്കണം. അവയുടെ പരമ്പരാഗതമായ ഉപയോഗരീതിയെപ്പറ്റി ബോധവൽക്കരണം നടത്തണം. തുളസി, മഞ്ഞൾ, കറിവേപ്പില, കച്ചോലം, കുറുന്തോട്ടി,

കണക്കൂർക്ക, ആടലോടകം, ആര്യവേപ്പ്..... എത്രയെത്ര ദിവ്യസസ്യങ്ങളാണ് നമുക്ക്ചുറ്റും! പുരയിടങ്ങളിലെ വേലികളിൽ പടർന്നുകയറിയിരുന്ന ശംഖുപുഷ്പവും ശതാവരിയും ചിറ്റാമൃതും വംശനാശം നേരിടുന്നു. ആര്യവേപ്പിൽ നിന്നുള്ള ഔഷധനിർമ്മാണത്തിന്റെ അവകാശം ഇന്ന് അമേരിക്കയിലാണെന്ന് ഓർക്കുക. കല്ലൂർ മലയോരങ്ങളിൽ കണ്ടുവരുന്ന ഔഷധസസ്യങ്ങൾക്ക് വംശനാശം വരാതെ സംരക്ഷിക്കുകയും പുതിയവ നട്ടുപിടിപ്പിക്കുകയും വേണം. മങ്കരയുടെ ഈ സഹ്യാദ്രിയെ ഒരു ഔഷധസസ്യകൃഷി സംരക്ഷണ കേന്ദ്രമാക്കിയെടുക്കണം.

ഇതോടൊപ്പം മറ്റൊരു പ്രധാന കാര്യം - ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു സർക്കാർ ആശുപത്രി ഈ പഞ്ചായത്തിൽ ഉണ്ടാകണം.

വായു, വെള്ളം, ഭക്ഷണം, വസ്ത്രം, വെളിച്ചം, പാർപ്പിടം, വൈദ്യം, വിദ്യാഭ്യാസം, തൊഴിൽ എന്നിവയെല്ലാം ഓരോ ഗ്രാമീണന്റേയും അടിസ്ഥാനപരമായ ആവശ്യമായി കാണണം. ഗ്രാമത്തിന്റെ ഓരോ മുക്കിലും മൂലയിലും വികസനം എത്തണം. ആദിവാസികളേക്കാൾ പിന്നോക്കാവസ്ഥയിൽ ജീവിക്കുന്ന ഒരു വിഭാഗം ഈ ഗ്രാമത്തിലുണ്ട് - പോക്കണാം കുന്നിലെ നായാടികൾ. അവരെ പുനരധിവസിപ്പിക്കാനും സാമൂഹ്യമായി ഉദ്ധരിക്കാനും വേണ്ടതു ചെയ്യണം. പനമ്പുകൊണ്ട് വട്ടിയും മുറവും നെയ്തും കളിമണ്ണുകൊണ്ട് കലമുണ്ടാക്കിയും മറ്റു പരമ്പരാഗത തൊഴിലുകൾ ചെയ്തും ജീവിക്കുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കണം. പനമ്പ് നെയ്ത്തുകാർക്ക് ആവശ്യമായ മുള അപ്രത്യക്ഷമാകുന്നു. അവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാനും ജീവിതസാഹചര്യങ്ങൾ വർദ്ധിപ്പിക്കാനും പദ്ധതികൾ ആവിഷ്കരിക്കണം. പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമത്തിന്ന് ഊന്നൽ നൽകണം. സർക്കാരിൽനിന്ന് അവർക്ക് ലഭ്യമാവേണ്ട ആനുകൂല്യങ്ങൾ യഥാസമയം അവരിലെത്തിക്കണം.

"മുന്നോക്കക്കാരിൽ" പിന്നോക്കം നിൽക്കുന്നവർക്കും പാർപ്പിടവും മറ്റാനുകൂല്യങ്ങളും നൽകണം. 'പട്ടിക'യിൽ പെടാത്തതുകൊണ്ട് അവരെ മാറ്റിനിർത്തരുത്. അവരും ഈ ഗ്രാമവാസികളാണ്.

സർക്കാരിൽനിന്നുള്ള ധനസഹായം - അതാർക്കായാലും നൽകിക്കഴിഞ്ഞാൽ തങ്ങളുടെ ഉത്തരവാദിത്വം അവസാനിച്ചുവെന്ന ധാരണ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും ഉണ്ടാകാൻ പാടില്ല. വായ്പയായും സബ്സിഡിയായും കൊടുക്കുന്ന പണം നിർദ്ദിഷ്ടകാര്യത്തിന്ന് ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. ഇതിനായി എല്ലാ രാഷ്ട്രീയകക്ഷികളുടേയും സാമൂഹ്യപ്രവർത്തകരുടേയും പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു അന്വേഷണസമിതി ഉണ്ടാക്കിയാലും തരക്കേടില്ല. അല്ലെങ്കിൽ വികസനത്തിനുള്ള പണം വഴിമാറിയൊഴുകും. "വെച്ചുവിളമ്പുന്ന സർക്കാരും തിന്നുമുടിക്കുന്ന നാട്ടാരും" - ഈ അവസ്ഥ വികസനമല്ല, അധഃപതനമാണ്. വികസനത്തിന്റെ തണലിൽ അലസൻമാരെ സൃഷ്ടിക്കരുത്. അദ്ധ്വാനിക്കുന്നവരെ വളർത്തണം. പല സാമൂഹ്യക്ഷേമ പദ്ധതികളും പാളിപ്പോയതിനു പിന്നിൽ ഇങ്ങനെ ഒരു ദൗർബല്യം ഉണ്ടായിട്ടില്ലേ? തീർച്ചയായും ഉണ്ട്. ആ സത്യം നാം അംഗീകരിച്ചേ മതിയാകൂ.

വികസനമെന്നാൽ ടാറിട്ട റോഡുകൾ, കോൺക്രീറ്റിൽ തീർത്ത ബഹുനില ഓഫീസ് കെട്ടിടങ്ങൾ, നീന്തൽക്കുളങ്ങൾ, സ്റ്റേഡിയം എന്നീ "ബിഗ് ബഡ്ജറ്റു പ്രൊജക്ട്"കളാണെന്ന ധാരണ പലരിലും ഉണ്ട്. എന്നാൽ ഓരോ ഗ്രാമത്തിലുമുള്ള വ്യക്തികളുടേയും കുടുംബങ്ങളുടേയും വളർച്ചയാണ് വികസനത്തിന്റെ അടിത്തറ. ചുരുക്കിപ്പറഞ്ഞാൽ ആ പ്രദേശത്തിന്റെ സ്ഥൂലവും സൂക്ഷ്മവുമായ പ്രശ്നങ്ങൾ അപഗ്രഥനം ചെയ്ത് പരിഹരിക്കുന്നതാണ് യഥാർത്ഥ വികസനം കാരണം, ഇന്ത്യൻ ജനത ഗ്രാമങ്ങളിൽ വസിക്കുന്നു.

നമ്മുടെ ഗ്രാമത്തെക്കുറിച്ച് നടത്തിയ പഠനങ്ങൾ ഈ പഞ്ചായത്തിന്റെ സമഗ്ര വികസനങ്ങൾക്ക് വഴികാട്ടുമെന്ന് പ്രതീക്ഷിക്കാം. മങ്കരപഞ്ചായത്തിന്റെ വികസന മഹായജ്ഞത്തിൽ നമുക്കോരോരുത്തർക്കും പങ്കുചേരാം.

## കൃഷി

മങ്കര ഒരു കാർഷിക ഗ്രാമമാണ്. ഇവിടത്തെ പ്രധാനകൃഷിയായ നെല്ല് 690.58 ഹെക്ടർ സ്ഥലത്തും തെങ്ങ് 326 ഹെക്ടർ സ്ഥലത്തും കൃഷി ചെയ്യുന്നു. ഇടവിളകളായി ചേന, ചേമ്പ്, മരച്ചീനി, മധുരക്കിഴങ്ങ്, പച്ചക്കറികൾ എന്നിവയും കൃഷിചെയ്തുവരുന്നു. നെല്ല് കൃഷിചെയ്തിരുന്ന സ്ഥലത്ത് നെല്ല് ലാഭകരമല്ലാത്ത സാഹചര്യമായതിനാൽ വാഴയും കൃഷിചെയ്തുവരുന്നുണ്ട്. നെൽപ്പാടങ്ങളിൽ അത്യുൽപ്പാദനശേഷിയുള്ള മൂപ്പുകുറഞ്ഞ നെൽവിത്തിനങ്ങളാണ് ഉപയോഗിച്ചുവരുന്നത്. നാടൻ വിത്തിനങ്ങൾ അപ്രത്യക്ഷമായിരിക്കുകയാണ്. പ്രധാനമായും രാസവളമാണ് ഉപയോഗിക്കുന്നത്. ചെറിയ തോതിൽ ജൈവവളപ്രയോഗവുമുണ്ട്

പൊതുവെ ചെമ്മണ്ണും മണലും കലർന്നതും പുഴയുടെ തീരപ്രദേശങ്ങളിൽ പശിമയുള്ള കളിമണ്ണുമാണ് കണ്ടുവരുന്നത്. മണ്ണുപരിശോധന നടത്തിയുള്ള വളപ്രയോഗമല്ല ഇപ്പോൾ നടത്തിവരുന്നത്. നിലവിൽ പാടശേഖരസമിതികളുണ്ട്. സമിതികൾ മുഖേന കൂട്ടുകൃഷിസമ്പ്രദായം പുരോഗമിച്ചുവരുന്നുണ്ട്. കാർഷികമേഖലയിൽ തൊഴിലാളികളുടെ ലഭ്യത കുറഞ്ഞുവരുന്നു എന്നതുകൊണ്ട് ഈ രംഗം സ്തംഭിക്കുമോ എന്നുതന്നെ സംശയിക്കേണ്ടിയിരിക്കുന്നു. മഴവെള്ളം, മലമ്പുഴ ഡാമിൽ നിന്നുമുള്ള വെള്ളം, നാലു തോടുകളിൽ നിന്നുള്ള വെള്ളം എന്നിവയുപയോഗിച്ച് കൃഷി നടത്തുകയാണ് ചെയ്യുന്നത്. വെള്ളത്തിന്റെ ലഭ്യതാ കുറവുനിമിത്തം പല സ്ഥലങ്ങളിലും നെല്ലുൽപ്പാദനം കുറഞ്ഞുവരുന്നു.

കൃഷിയെമാത്രം ആശ്രയിച്ച് കഴിയുന്ന കർഷകരാണ് ഈ പഞ്ചായത്തു പ്രദേശത്തുള്ളത്. നെല്ലുല്പാദനരംഗത്ത് ഉല്പാദനം മന്ദീഭവിച്ച സ്ഥിതിയാണ് ഇന്നുള്ളത്. രാസവളത്തിലുണ്ടായ വിലവർദ്ധന, തൊഴിലാളികളുടെ ദൗർലഭ്യം, വിട്ടുമാറാത്ത കീടശല്യങ്ങൾ, ഉല്പന്നത്തിന് ശരിയായ വില ലഭിക്കായ്ക, വിപണനസാധ്യതയുടെ കുറവ്, ജലസേചനത്തിന്റെ അപര്യാപ്തത എന്നീ കാരണങ്ങളാൽ നെൽകൃഷി തുടർന്നുപോകുന്നതിന്നുതന്നെ വിഷമം സൃഷ്ടിച്ച ഈ സാഹചര്യത്തിൽ കൃഷി തുടർന്നു ലാഭകരമായി നടത്തിക്കൊണ്ടുപോകുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

### വളപ്രയോഗം

രാസവളപ്രയോഗം മൂലം മണ്ണിന്റെ ഗുണനിലവാരം നഷ്ടപ്പെട്ടതുമൂലമാണ് വിളവ് കുറഞ്ഞുവരുന്നതിന് കാരണമെന്ന് അഭിപ്രായമുണ്ട്. പ്രാദേശികമായിത്തന്നെ മണ്ണു പരിശോധന നടത്തി വളപ്രയോഗം നടത്തുവാനുള്ള സമ്പ്രദായം സ്വീകരിക്കുകയും രാസവളപ്രയോഗത്തിന്റെ ഉപയോഗം കുറച്ച് ജൈവവളപ്രയോഗം വർദ്ധിപ്പിക്കുന്നതിനു വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും വേണം.

### വിത്ത്

കീടബാധയെ അതിജീവിക്കാൻ കഴിവുള്ള അത്യുല്പാദനശേഷിയുള്ള അതാതു പ്രദേശത്തെ മണ്ണിന്റെ ഘടനക്ക് അനുസരിച്ചുള്ള വിത്ത് ഉല്പാദിപ്പിച്ച് കർഷകർക്ക് സമയായസമയങ്ങളിൽ ലഭ്യമാക്കാവുന്ന സംവിധാനം ഏർപ്പെടുത്തുക.

### കർഷകത്തൊഴിലാളികളുടെ ലഭ്യതാക്കുറവ് പരിഹരിക്കൽ

മറ്റു തൊഴിൽ മേഖലകളെ അപേക്ഷിച്ച് കാർഷികമേഖലയിലുള്ള തൊഴിലാളികൾക്ക് വേതനക്കുറവ് കാലികമായി മാത്രമുള്ള തൊഴിൽമേഖലയായതിനാലും മറ്റു തൊഴിൽമേഖലകളെപ്പോലെയുള്ള ഇ.എസ്.ഐ. ചികിത്സാ സമ്പ്രദായവും പ്രസവാനുകൂല്യവും വിദ്യാഭ്യാസരംഗങ്ങളിൽ ഉള്ള പ്രത്യേക പരിഗണനയും കൃഷിവകുപ്പ് മുഖേന നിലവിൽ വ്യക്തികൾക്കു മാത്രം നൽകുന്ന ആനുകൂല്യങ്ങളും എല്ലാ കർഷകത്തൊഴിലാളികൾക്കും ലഭ്യമാക്കുന്ന രീതിയിലുള്ള പദ്ധതികൾ ആവിഷ്കരിച്ചുനടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

നിലവിൽ ഉപയോഗിക്കുന്ന രാസകീടനാശിനികളുടെ ഉപയോഗം കുറച്ച് ജൈവകീടനാശിനികളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുക. കാർഷികോല്പന്നങ്ങൾ സഹകരണ സംഘങ്ങൾ മുഖേന സംഭരിച്ച് ഇടത്തട്ടുകാരെ ഒഴിവാക്കി കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യാമാക്കണം. ഉല്പാദനച്ചിലവിന് അനുസൃതമായി ഉല്പന്നങ്ങളുടെ വില കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുക. കിഴങ്ങുവർഗ്ഗങ്ങളുടെ ഉല്പാദനരംഗം മന്ദീഭവിച്ച സ്ഥിതിയാണ് നിലവിലുള്ളത്. ആയതു പരിഹരിക്കുന്നതിനും ഉല്പന്നങ്ങൾ സൂക്ഷിക്കുന്നതിനും കോൾഡ് സ്റ്റോറേജ് സംവിധാനം ഏർപ്പെടുത്തണം

## പട്ടിക 1
## പാടശേഖര സമിതികൾ

| ക്രമ നമ്പർ | പാടശേഖരത്തിന്റെ പേര് |
|---|---|
| 1. | മേപ്പാടം നെല്ലുല്പാദക പാടശേഖര സമിതി തേനൂർ പി.ഒ. |
| 2. | തവളക്കുളം നെല്ലുല്പാദക പാടശേഖര സമിതി പുള്ളോട് |
| 3. | അരങ്ങാട് നെല്ലുല്പാദക പാടശേഖര സമിതി കല്ലൂർ |
| 4. | പൂപ്പാടം നെല്ലുല്പാദക പാടശേഖര സമിതി കല്ലൂർ |
| 5. | തലപ്പൊറ്റ നെല്ലുല്പാദക പാടശേഖര സമിതി മാങ്കുറുശ്ശി |
| 6. | കാരാങ്കോട് നെല്ലുല്പാദക പാടശേഖര സമിതി മാങ്കുറുശ്ശി |
| 7. | തരവത്ത് പാടം നെല്ലുല്പാദക പാടശേഖര സമിതി മാങ്കുറുശ്ശി |
| 8. | തരവത്ത് പനംവരണ്ടി നെല്ലുല്പാദക പാടശേഖര സമിതി മാങ്കുറുശ്ശി |
| 9. | കണ്ണംപരിയാരം നെല്ലുല്പാദക പാടശേഖര സമിതി കണ്ണംപരിയാരം |
| 10. | ചെമ്മുക, ചണ്ടേക്കോട് നല്ലുല്പാദക പാടശേഖര സമിതി മങ്കര |
| 11. | കാളികാവ് നല്ലുല്പാദക പാടശേഖര സമിതി മങ്കര |
| 12. | അതിർക്കാട് പാടശേഖര സമിതി |
| 13. | അരയൻകുന്ന് പാടശേഖര സമിതി |
| 14. | കക്കോട് പാടശേഖര സമിതി |
| 15. | ചാത്തംകണ്ടം പാടശേഖര സമിതി |

## ജലസേചനം

ഈ പഞ്ചായത്തിലുള്ള കൃഷിക്കാർ മഴയേയും മലമ്പുഴ ഡാമിൽ നിന്നുള്ള വെള്ളത്തേയും ആശ്രയിച്ചാണ് കൃഷി ചെയ്യുന്നത്. ഇതുമൂലം ഈ പ്രദേശത്തെ എല്ലാ കൃഷിസ്ഥലങ്ങളും കൃഷിചെയ്യാൻ സാധിക്കാത്ത സ്ഥിതിയാണ് നിലവിലുള്ളത്. ആവശ്യാനുസരണം വെള്ളം ലഭിച്ചാൽ ഉല്പാദനം പതിന്മടങ്ങു വർദ്ധിപ്പിക്കാൻ സാധിക്കുമെന്നാണ് അഭിപ്രായം. ജലസേചനം കാര്യക്ഷമമാക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു:-

ഈ പഞ്ചായത്തിലെ ഒന്നുമുതൽ ഒമ്പതുവരെയുള്ള വാർഡുകളിലൂടെ ഒഴുകുന്ന പ്രധാനപ്പെട്ട തോടുകളും അതിന്റെ ഉപതോടുകളും കുളങ്ങളും ഭാരതപ്പുഴയും സംരക്ഷിച്ച് വേണ്ടവിധത്തിൽ ജലസേചനം നടത്തിയാൽ നെൽകൃഷി, പച്ചക്കറി കൃഷി, പയറുവർഗ്ഗ കൃഷി എന്നിവയും കുടിവെള്ളക്ഷാമവും പരിഹരിക്കാൻ സാധിക്കും.

### പട്ടിക രണ്ട്

### മങ്കര ഗ്രാമ പഞ്ചായത്തു പ്രദേശത്തുകൂടെ ഒഴുകന്ന തോടുകളും പുഴയും

| ക്രമ നമ്പർ | തോടിന്റെ പേര് | തോടിന്റെ നീളം (കി.മി) | നിലവിലുള്ള തടയണ | അധികം ആവശ്യമുള്ള തടയണ |
|---|---|---|---|---|
| 1. | ചവിറ്റലത്തോട് | 2 | 1 | 2 |
| 2. | പൂതംകുണ്ട് - ചാത്തിക്കഴായി തോട് | 5 | 3 | 2 |
| 3. | കല്ലൂർ ഭരതക്കാട് തോട് | 1.5 | - | - |
| 4. | മേപ്പാടം ചേത്തക്കാട് തോട് | 2.5 | - | - |
| 5. | ഭാരതപ്പുഴ | 5 | - | 1 |

**1. ചവിറ്റിലത്തോട് :** ഈ തോടിൽ നിലവിലുള്ള കല്ലംകട ക്രോസ് ബാർ 100 മീറ്റർ വീതം ഇരുഭാഗവും കെട്ടി സംരക്ഷിച്ച് ഉദ്ദേശം 2 km ദൂരം കൈച്ചാൽ നിർമ്മിച്ചാൽ വെള്ളം പാഴാകാതെ ഉദ്ദേശം 40 ഹെക്ടർ കൃഷിക്ക് ഉപയോഗപ്രദമാക്കുന്നതിനു സാധിക്കും. കല്ലംകട ക്രോസ്ബാർ മുതൽ റെയിവെ ലൈൻ വരെ തോടിനരികെ പാർശ്വഭിത്തികൾ കെട്ടി ആവശ്യമായ സ്ഥലങ്ങളിൽ ക്രോസ്ബാർ നിർമ്മിച്ചാൽ അതിർക്കാട്, ചാത്തംകണ്ടം എന്നീ പാടശേഖരങ്ങൾ ഉൾപ്പെടുന്ന പ്രദേശത്തു നെൽകൃഷിക്കും മൂന്നാം വിളയായി പച്ചക്കറികൃഷിക്കും ഉപയോഗപ്രദമാകും.

**2. പൂതംകുണ്ട് - ചാത്തിക്കഴായ തോട് :**

- പ്രസ്തുത തോട്ടിൽ കണിയംകുന്ന് ഭാഗത്ത് തടയണ നിർമ്മിക്കുകയും തോടിന്റെ ഒരുവശംമാത്രം ഏകദേശം 200 മീറ്റർ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുകയും ചെയ്താൽ പെരുമഞ്ചിറ പാടം, പൂപ്പാടം, കിഴക്കുമുറിപാടം എന്നീ കൃഷിസ്ഥലങ്ങൾ ഉൾപ്പെട്ട പത്തു ഹെക്ടർ സ്ഥലത്ത് ഉപയോഗപ്രദമാകും

- പൂതംകുണ്ട് ചാത്തിക്കഴായത്തോട്ടിൽ മൈലാവ് കുണ്ടംപാറ എന്ന സ്ഥലത്ത് തടയണ നിർമ്മിച്ച് ഇരു ഭാഗവും 100 മീറ്റർ വീതം പാർശ്വഭിത്തികൾ കെട്ടിസംരക്ഷിച്ച് കൊയിലത്തുപാടം, കാളികാവ് പാടം എന്നീ പാടങ്ങളിലെ ഉദ്ദേശം 45 ഹെക്ടർ സ്ഥലത്തു നെൽകൃഷിക്കും മൂന്നാം വിളയായി പച്ചക്കറി കൃഷിക്കും ഉപയോഗപ്രദമായിരിക്കും.

  ഈ തോട്ടിൽ നിലവിൽ കൈതപ്പൊറ്റ, ഓലക്കാട്ടുകടവ്, തരവത്തുപാടം എന്നീ സ്ഥലങ്ങളിൽ നിലവിലുള്ള മൂന്ന് ബണ്ടുകളുടേയും ഇരുഭാഗങ്ങളും 100 മീറ്റർ വീതം പാർശ്വഭിത്തികൾ കെട്ടിയാൽ ഇപ്പോഴുള്ളതിന്റെ ഇരട്ടിവെള്ളം സംഭരിച്ച് കൃഷിക്ക് ഉപയോഗപ്രദമാക്കാൻ സാധിക്കും.

### 3. മേപ്പാടം - ചേത്തക്കാട്തോട്

- കക്കോടു പാടശേഖരത്തിലുള്ള പുലുണ്ട ഭാഗത്ത് രണ്ടുതോടുകൾ ചേർന്ന ഭാഗം തോടിന്റെ പാർശ്വഭിത്തികൾ കെട്ടി സംരക്ഷിച്ച് ഈ പാടത്തിലുള്ള കൃഷിനാശം തടയാൻ സാധിക്കും.
- കൊണ്ടകുളം മുതൽ ഭാരതപ്പുഴ വരെ ഉദ്ദേശം രണ്ടുകിലോമീറ്റർ ദൂരം മേപ്പാടം - തരുവക്കോട് തോടിന്റെ പാർശ്വഭിത്തികൾ കെട്ടി സംരക്ഷിച്ച് കൃഷിനാശം ഒഴിവാക്കാനും, ആവശ്യാനുസരണം വെള്ളം കെട്ടിനിർത്താനും സാധിക്കും. ഇതുമൂലം നാല് പാടശേഖരങ്ങൾക്ക് ഗുണം ലഭിക്കും.

### 4. കല്ലൂർ തോട് (കല്ലൂർ - ചാത്തിക്കഴായ തോട്)

- പ്രസ്തുത തോട്ടിൽ നിരങ്ങും പാറയ്ക്ക് സമീപം ഒരു തടയണ നിർമ്മിച്ചാൽ വഴങ്ങോട്ടുപാടത്തുള്ള ഉദ്ദേശം 200 ഹെക്ടർ സ്ഥലത്തു കൃഷിക്ക് പ്രയോജനം ലഭിക്കും.
- പോണയം പാടത്തുനിന്നും തുടങ്ങുന്ന കൈച്ചാൽ ഉദ്ദേശം രണ്ടുകിലോമീറ്റർ ദൂരം (നിരങ്ങൻപാറ വരെ) പാർശ്വഭിത്തികൾ കെട്ടി സംരക്ഷിച്ചാൽ പ്രസ്തുത പാടത്തുള്ള കൃഷിക്ക് ഉപയോഗപ്രദമാകും.
- മുണ്ടംതോടു മുതൽ ചാത്തിക്കഴായ് തോടുവരെ ഉദ്ദേശം ഒരു കിലോമീറ്റർ ദൂരം പാർശ്വഭിത്തികൾ കെട്ടിസംരക്ഷിച്ചാൽ പ്രസ്തുത പാടത്ത് കൃഷിനാശം ഒഴിവാക്കാൻ സാധിക്കും.
- പുന്നക്കുറുശ്ശി ഭാഗതതുള്ള കൈച്ചാൽ കെട്ടി വള്ളിയൻതോട്ടിൽ എത്തിക്കുക. ചേറ്റുകുളമ്പുഭാഗത്തുള്ള കൈച്ചാൽ വള്ളിയംതോട്ടിൽ എത്തിക്കുക

## കുളങ്ങൾ

ഈ പഞ്ചായത്ത് അതിർത്തിയിൽ 38 കുളങ്ങൾ നിലവിലുണ്ട്. ഇതിൽ നിന്ന് ചില കുളങ്ങളിലെ വെള്ളം കൃഷിക്ക് ഉപയോഗിക്കാറുണ്ട്. കുളിക്കുന്നതിനും കന്നുകാലികളെ കഴുകുന്നതിനും, ചില കുളങ്ങളിൽ നിന്നു കുടിവെള്ളത്തിനുവേണ്ടിയും ജലം എടുക്കുന്നുണ്ട്. കുളങ്ങൾ സംരക്ഷിക്കുന്നതുമൂലം നെൽകൃഷിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, പച്ചക്കറി കൃഷിക്കും ഉപയോഗപ്രദമാകുന്നതുമാണ്. കുടിവെള്ളക്ഷാമം ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയുമെന്നതിനാൽ കുളങ്ങളുടെ സംരക്ഷണം അത്യന്താപേക്ഷിതമാണെന്ന് അഭിപ്പായമുണ്ട്. ആയതിനാൽ താഴെ പറയുന്ന കുളങ്ങൾ സംരക്ഷിക്കണമന്ന് അഭ്യർത്ഥിക്കുന്നു.

### വാർഡ് I - ഏറാംകുളം

അതിർക്കാട് പാടശേഖരസമിതിയിൽ ഉൾപ്പെടുന്ന 70 സെന്റ് വിസ്തീർണ്ണമുള്ള സ്വകാര്യവ്യക്തികളുടെ കൈവശമുള്ള ഈ കുളം സർക്കാർ ഏറ്റെടുത്ത് കെട്ടി ശരിപ്പെടുത്തിയാൽ ഏകദേശം 20 ഹെക്ടർ കൃഷിസസ്ഥലത്ത് രണ്ടാം വിള കൃഷിചെയ്യുന്നതിന് പ്രയോജനപ്പെടും.

**വാർഡ് II -** ചെവരി ഭാഗത്തുള്ള ഉദ്ദേശം ഒരു ഏക്കർ വിസ്തീർണ്ണം ഉള്ള **മൊയ്യക്കുള**വും, 65 സെന്റു വിസ്തീർണ്ണം ഉള്ള **പുതുകുളവും,** 45 സെന്റു വിസ്തീർണ്ണമുള്ള **കണ്ടംകുളവും,** 50 സെന്റു വിസ്തീർണ്ണമുള്ള **വാരിയത്തുകുളവും,** 60 സെന്റു വിസ്തീർണ്ണമുള്ള **കോതളങ്ങരക്കുളവും** സർക്കാർ ഏറ്റെടുത്ത് കിട്ടി ശരിയാക്കുകയാണെങ്കിൽ നെൽകൃഷിക്കും പച്ചക്കറികൃഷിക്കും ഉപയോഗപ്രദമായിരിക്കും.

**വാർഡ് IV - ചണ്ടേക്കോട്ടു കുളകണ്ടം** ഉദ്ദേശം ഒരു ഏക്കർ വിസ്തീർണ്ണമുള്ള ധാരാളം വെള്ളം ലഭ്യതയുള്ളതുമായ ഈ കുളം സർക്കാർ ഏറ്റെടുത്ത് കെട്ടി ശരിയാക്കിയാൽ ഉദ്ദേശം ഇരുപതു ഹെക്ടർ സ്ഥലത്ത് വെള്ളം ലഭ്യമാക്കാൻ സാധിക്കും.

**മൈലാവിൽ കുളം** ഉദ്ദേശം 50 സെന്റ് വിസ്തീർണ്ണമുള്ള പൊതുക്കുളമായിരുന്നത് ഇപ്പോൾ സ്വകാര്യവ്യക്തി കൈവശപ്പെടുത്തിയിരിക്കുന്നു. ആയത് സർക്കാർ ഏറ്റെടുത്ത് കെട്ടി ശരിയാക്കിയാൽ ഉദ്ദേശം പത്ത് ഹെക്ടർ സ്ഥലത്ത് വെള്ളം ലഭ്യമാക്കാൻ സഹായിക്കും.

60 സെന്റ് വിസ്തീർണ്ണമുള്ള വലിയ കുഴിക്കുളവും, 80 സെന്റു വിസ്തീർണ്ണമുള്ള കുറിച്ചിക്കുളവും (ചണ്ടിക്കുളം) കെട്ടിശരിപ്പെടുത്തിയാൽ ഉദ്ദേശം 6 ഹെക്ടർ കൃഷിഭൂമിക്ക് പ്രയോജനപ്പെടും.

**വാർഡ് V -** സർക്കാർകുളമായ 80 സെന്റ് വിസ്തീർണ്ണമുള്ള **കോരംകുളം** ഭാഗികമായി മാത്രമെ പാർശ്വഭിത്തികൾ കെട്ടിശരിയാക്കിയിട്ടുള്ളു. ആയത് പണി പൂർത്തീകരിച്ച് വെള്ളം ശേഖരിച്ചാൽ കണ്ണമ്പരിയാരം പാടശേഖരകമ്മിറ്റിയിൽ ഉൾപ്പെട്ട 10 ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് ഉപയോഗപ്രദമായിരിക്കും.

**വാർഡ് VIII -** പുന്നകുറുശ്ശികുളം - ഉദ്ദേശം ഒന്നര ഏക്കർ വിസ്തീർണ്ണം ഉള്ള പുനകുറുശ്ശികുളവും, ഉദ്ദേശം 50 സെന്റ് വിസ്തീർണ്ണമുള്ള പുത്തൻകുളവും, 40 സെന്റ് വിസ്തീർണ്ണമുള്ള അകത്തെകുളം എന്നീ മൂന്നുകുളവും സർക്കാർ ഏറ്റെടുത്ത് കെട്ടി ശരിയാക്കി വെള്ളം ശേഖരിച്ചാൽ ഉദ്ദേശം 100 ഏക്കർ കൃഷിസ്ഥലത്തിന് ഉപയോഗപ്രദമാകും. മാങ്കുറുശ്ശി ദേവസ്വത്തിന്റെ കീഴിലുള്ള ഉദ്ദേശം മൂന്നര ഏക്കർ വിസ്തീർണ്ണമുള്ള അമ്പലക്കുളം കെട്ടി ശരിയാക്കി വെള്ളം ശേഖരിച്ചാൽ ഉദ്ദേശം 10 ഏക്കർ കൃഷിസ്ഥലത്തേക്ക് ജലസേചനസൗകര്യവും കുടിവെള്ളത്തിനും ഉപയോഗപ്രദമായിരിക്കും.

മൂന്നേമുക്കാൽ ഏക്കർ വിസ്തീർണ്ണമുള്ള മാനംകുളം കെട്ടി ശരിയാക്കിയാൽ ഉദ്ദേശം 10 ഏക്കർ കൃഷിസ്ഥലത്തേക്ക് ജലസേചനസൗകര്യം ലഭ്യമാക്കാൻ സാധിക്കും. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഇതുമൂലം സാധിക്കും.

ഉദ്ദേശം 80 സെന്റു വിസ്തീർണ്ണമുള്ള കൊങ്ങക്കുളവും, 60 സെന്റു വിസ്തീർണ്ണമുള്ള കൂരാത്തുകുളവും കെട്ടിസംരക്ഷിച്ചാൽ നാല് ഹെക്ടർ നെൽകൃഷിക്കും പച്ചക്കറികൃഷിക്കും ഉപയോഗപ്രദമായിരിക്കും.

**വാർഡ് IX -** ഒമ്പതാം വാർഡിൽ ഒന്നര ഏക്കർ വിസ്തീർണ്ണമുള്ള അരങ്ങാട്ടുകുളം, രണ്ടേക്കർ വിസ്തീർണ്ണമുള്ള വഴങ്ങോട്ടുകുളം, ഒരു ഏക്കർ വിസ്തീർണ്ണമുള്ള കാക്കയംകോട് പൊട്ടക്കുളം, 4 ഏക്കർ വിസ്തീർണ്ണമുള്ള പുറങ്ങോട്ടുകുളം എന്നിവ സർക്കാർ ഏറ്റെടുത്ത് കെട്ടി ശരിയാക്കിയാൽ ഏകദേശം 400 ഏക്കർ സ്ഥലത്തുള്ള കൃഷിക്ക് ഉപയോഗപ്രദമാകും.

4 ഏക്കർ വിസ്തീർണ്ണമുള്ള പുറങ്ങോട്ടുകുളത്തിന്റെ പരിസരത്ത് മലമ്പുഴ ഡാമിൽ നിന്നുള്ള വെള്ളം ലഭ്യമല്ലാത്തതിനാൽ ഉദ്ദേശം 10 ഏക്കർ സ്ഥലത്തെ ജലസേചനത്തിന് ഈ കുളത്തെമാത്രം ആശ്രയിച്ചിരിക്കുന്നു.

## കമാന്റ് ഏരിയ -- മലമ്പുഴ കനാൽ വെള്ളം ലഭ്യമാക്കുന്നത് സംബന്ധിച്ച്.

1. മലമ്പുഴ കനാൽ കമാന്റ് ഏരിയായിൽ ഉൾപ്പെടുത്തി കനാൽചാലുവഴി പരിയശ്ശേരി വരെ നിലവിൽ വെള്ളം ലഭ്യമാണ്. പരിയശ്ശേരിയിൽനിന്ന് ഉദ്ദേശം രണ്ടുകിലോമീറ്റർ ദൂരം കമാന്റ് ഏരിയായിൽ ഉൾപ്പെടുത്തി കൈച്ചാൽ നിർമ്മിച്ച് മണപ്പാടം വരെ മലമ്പുഴ കനാൽവെള്ളം എത്തിക്കുന്നതുമൂലം വെള്ളം 30 ഏക്കർ സ്ഥലത്ത് ഒരു വിള കൃഷിചെയ്യുന്നത് ഇരുവിളയായി കൃഷിചെയ്യാൻ സാധിക്കും.
2. മങ്കര കൂട്ടുപാതയ്ക്ക് തെക്കുവശത്തുള്ള വരിവെള്ളച്ചാൽ വർഷകാലങ്ങളിൽ പൊട്ടി കൃഷിനാശം സംഭവിക്കുന്നു. ഉദ്ദേശം രണ്ടുകിലോമീറ്റർദൂരത്തുനിന്നുള്ള വെള്ളം ഈ ചാലിൽകൂടിയാണ് ഒന്നര കിലോമീറ്റർ ദൂരത്തുള്ള ഭാരതപ്പുഴയിൽ എത്തുന്നത്. പ്രസ്തുത ചാൽ കമാന്റ് ഏരിയയിൽ ഉൾപ്പെടുത്തി കെട്ടി ശെരിയാക്കി കൃഷിനാശം സംഭവിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

### കനാൽ

1. വെള്ളറോഡിൽനിന്ന് കൊയിലത്തുപാടത്തേയ്ക്കുള്ള മലമ്പുഴ കനാലിന്റെ സ്ലൂയിസ് (ഓവ്) ചെറുതാകയാൽ വെള്ളം കൊയിലത്തുപാടത്ത് എത്തുന്നില്ല. ആയതിനാൽ മലമ്പുഴ കനാലിലെ കൊയിലത്തു ഭാഗത്തേയ്ക്കുള്ള സ്ലൂയിസ് (ഓവ്) വലുതാക്കി വെള്ളം ലഭ്യമാക്കാനുള്ള നടപടകൾ സ്വീകരിക്കുക
2. മങ്കര - കണ്ണംപരിയാരം കൊരണ്ടിപ്പാടം ഭാഗത്തേയ്ക്കുള്ള മലമ്പുഴകനാൽ മണ്ണുതൂർന്ന് കൃഷിസ്ഥത്തേയ്ക്കു വെള്ളം എത്താത്തതിനാൽ നാലേക്കർ സ്ഥലം തരിശ് ഇട്ടിരിക്കുകയാണ്. പ്രസ്തുത മലമ്പുഴ ചാലിലെ മണ്ണ് മാറ്റി വൃത്തിയാക്കി മലമ്പുഴകനാൽ വെള്ളം ലഭ്യാമാക്കുക.
3. കണ്ണംപരിയാരം - കുനിയംപാടത്തുനിന്ന് തുടങ്ങുന്ന കാപ്പുകാട് കയ്മുക്കുപാടത്തേയ്ക്കു പോകുന്ന മലമ്പുഴ കനാലിന്റെ സ്ലൂയിസ് വ്യാസം കൂട്ടി വെള്ളം ലഭ്യാമാക്കുന്നതുകൊണ്ട് ഉദ്ദേശം 110 ഹെക്ടർ കൃഷിഭൂമിക്ക് വെള്ളസൗകര്യം ലഭിക്കുന്നതാണ്.

### ഭാരതപ്പുഴ

ഭാരതപ്പുഴയിൽ കാളികാവ് മുട്ടിക്കടവ് ഭാഗത്ത് ഒരു തടയണ നിർമ്മിച്ച് വെള്ളം സംഭരിച്ച് നിർത്തിയാൽ കുടിവെള്ളത്തിനുള്ള കിണറുകൾക്കും കൃഷിക്കും സൗകര്യപ്രദമായിരിക്കുമെന്നതിനാൽ ആയത് നിർമ്മിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുക.

## പൊതു അഭിപ്രായം

1. ജലസേചനസൗകര്യങ്ങൾക്ക് ഉപയോഗിക്കാവുന്ന കുളങ്ങൾ ആവശ്യമുണ്ടെന്ന് തോന്നുന്ന പക്ഷം ഉടമകളിൽ നിന്ന് അക്വസിഷൻ മൂലം കുളം ഏറ്റെടുക്കുവാനുള്ള നിയമനിർമ്മാണം നടത്തിയാൽ മാത്രമേ ജലസേചനപദ്ധതി നടപ്പിലാക്കാൻ കഴിയൂ എന്ന അഭിപ്രായം ഉണ്ട്. കൂടാതെ കുളം വിട്ടുതരാത്തതുമൂലം പദ്ധതി ഉപേക്ഷിക്കാനുള്ള അവസ്ഥ ഉണ്ടാവരുത്.
2. നെൽ ഉല്പാദനച്ചിലവ് വർദ്ധിച്ച സാഹചര്യത്തിൽ നെൽകൃഷി ഉപേക്ഷിക്കുന്ന സാഹചര്യം സംജാതമായിരിക്കുന്നതിനാൽ നിലവിൽ അനുവദിക്കുന്ന ഇൻസെന്റീവ് കൃഷിച്ചിലവിന്റെ ആനുപാതികമായി വർദ്ധിപ്പിക്കുക.
3. കാർഷികആവശ്യങ്ങൾക്ക് എടുക്കുന്ന കടങ്ങൾക്ക് പലിശ 5 ശതമാനമായി കുറയ്ക്കുക

   കർഷകരുടെ കൃഷിസ്ഥലങ്ങളിൽ ഇഷ്ടാനുസരണമുള്ള വിളകൾ കൃഷിചെയ്യുന്നതിനുള്ള നിയമതടസ്സം ഒഴിവാക്കുക.



'എന്താണ് വിദ്യാഭ്യാസം? പുസ്തക വിദ്യയാണോ? അത് അല്ല. പലതരം അറിവാണോ അത്? അതുമല്ല. വിദ്യാഭ്യാസം എന്നുവെച്ചാൽ ഇച്ഛാശക്തിയുടെ ഗതിയേയും ആവിഷ്കരണത്തേയും നിയന്ത്രണ വിധേയമാക്കുന്നത് സഫലീകരിക്കുന്നതുമായ ശിക്ഷണമെന്നർത്ഥം.'

-സ്വാമി വിവേകാനന്ദൻ

# 5 (2) മൃസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

മങ്കര ഗ്രാമ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കാർഷികമേഖലയുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരാണ്. മിക്ക കുടുംബങ്ങളും മുഖ്യതൊഴിലായോ, ഉപതൊഴിലായോ മൃഗപരിപാലനം നടത്തിവരുന്നു. ജനങ്ങളിൽ അമ്പത് ശതമാനത്തിലധികവും മാംസം ഭക്ഷിക്കുന്നവരാണ്. അതുകൊണ്ടുതന്നെ പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനം സ്വന്തമായി നിർവ്വഹിക്കുന്നതിനു പുറമേ ജനങ്ങൾക്കു പോഷകമൂല്യമുള്ള ആഹാരസാധനങ്ങൾ ലഭ്യമാക്കുന്നതിനും കാർഷികമേഖലയ്ക്കു വേണ്ടുന്ന ജൈവവളം ലഭ്യമാക്കുക, നിലം ഉഴുതുന്നതിനും ഭാരം വലിക്കുന്നതിനും മൃഗശക്തി ഉപയോഗിക്കുക എന്നതിനുവേണ്ടി കാലിസമ്പത്തിന്റെ നല്ലൊരു ശതമാനം ഗ്രാമപ്രദേശങ്ങളിലാണെന്നതിനാൽ സമ്പദ്ഘടന ശക്തമാക്കുവാൻ മൃഗസംരക്ഷണം അനിവാര്യമാണ്. കൂടാതെ ചെറുകിട നാമമാത്രകർഷകരുടേയും കർഷക ത്തൊഴിലാളികളുടേയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്ന മൃഗപരിപാലനം സ്ത്രീകളാണ് നിർവ്വഹിക്കുന്നത് എന്ന കാര്യം പ്രത്യേകം പറയേണ്ടതുണ്ട്.

കാർഷികമേഖലയിൽ ഉഴവുയന്ത്രം വന്നതോടെ ഉഴവുഉരുക്കളുടെ ഉപയോഗം കുറഞ്ഞു. ഇപ്പോൾ കർഷകരും, കർഷകത്തൊഴിലാളികളും വരുമാനമാർഗ്ഗമായി തിരഞ്ഞെടുക്കുന്നത് പാൽ ഉല്പാദിപ്പിക്കുന്ന പശു, എരുമ, ആട് എന്നിവയെ ആണ്. നാടൻ ഇനങ്ങളേക്കാൾ പാൽ, മാംസം എന്നിവ സങ്കര വർഗ്ഗങ്ങളിൽ നിന്ന് മെച്ചമായ രീതിയിൽ ലഭിക്കുന്നു എന്നു മനസ്സിലാക്കിയതും ആ മേഖലയിലേക്ക് ശ്രദ്ധതിരിക്കാൻ കാരണമായി. എന്നാൽ മൃഗസംരക്ഷണരംഗത്ത് ചികിത്സാരീതി അനിവാര്യമായിത്തീർന്നു. ശാസ്ത്രസാങ്കേതികവിദ്യയുടെ വളർച്ചയുടെ ഫലമായി കൃത്രിമ ബീജസങ്കലന സൗകര്യം ലഭ്യമാക്കാൻ തുടങ്ങിയതോടെ മേൽത്തരം ജനുസ്സുകളുടെ പരിവർത്തനവും അതുവഴി പാൽ ഉല്പാദനത്തിൽ മാറ്റം വരുകയും ചെയ്തു. വീട്ടാവശ്യത്തിനുള്ള പാൽ കഴിച്ച് അധികമുള്ള പാൽ സഹകരണസംഘങ്ങൾ വഴി വിതരണം ചെയ്യാനുള്ള സൗകര്യം വന്നതോടുകൂടി ഒന്നോ, രണ്ടോ പശുവിനെ പോറ്റി അതിൽനിന്നുള്ള വരുമാനം കൊണ്ട് ജീവിക്കുന്ന ധാരാളം കുടുംബങ്ങൾ നിലവിലുണ്ട്.

മങ്കര ഗ്രാമ പഞ്ചായത്ത് തികച്ചും ഗ്രാമമായതിനാൽ പശുക്കളേയും, ആടുകളേയും മേച്ചിൽസ്ഥലങ്ങളിൽ വിട്ട് വൈക്കോലിന്റെ ഉപയോഗം കുറച്ച് മൃഗപരിപാലനം നടത്തുന്നതിന് സൗകര്യപ്രദമായ അന്തരീക്ഷം ഇവിടെ നിലനിൽക്കുന്നുണ്ട്.

ഇറച്ചിയുടെ ആവശ്യത്തിനുള്ള കോഴികളെ മറ്റുസ്ഥലങ്ങളിൽ നിന്നും കൊണ്ടുവന്ന് വില്പന നടത്തുന്ന രീതിയാണ് നിലവിലുള്ളത്. കോഴിവളർത്തലിന് വൻസാദ്ധ്യതയുണ്ടെന്നാണ് ഇതിൽനിന്നും മനസ്സിലാക്കുന്നത്. അതുപോലെത്തന്നെ കോഴിമുട്ടയുടെ ഉപയോഗം വളരെ വർദ്ധിച്ച സാഹചര്യത്തിൽ മുട്ടക്കോഴിവളർത്തലിനുള്ള സാദ്ധ്യതയും വർദ്ധിച്ചിട്ടുണ്ട്.

പട്ടിക 1

**മങ്കര പഞ്ചായത്തിൽ 1996 ലെ സെൻസസ് പ്രകാരം മൃഗങ്ങളുടെ എണ്ണം**

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1. | സങ്കരവർഗ്ഗ കാളകളും, കാളക്കുട്ടികളും | 296 |
| 2. | സങ്കരവർഗ്ഗ പശുക്കളും, പശുക്കുട്ടികളും | 534 |
| 3. | നാടൻ കാളകളും, കാളക്കുട്ടികളും | 325 |
| 4. | നാടൻ പശുക്കളും, പശുക്കുട്ടികളും | 826 |
| 5. | പോത്തുകളും, പോത്തുകുട്ടികളും | 340 |
| 6. | എരുമയും, എരുമക്കുട്ടികളും | 79 |
| 7. | കോഴികൾ | 1226 |

കാലികളിൽ അകിടുവീക്കം, കുളമ്പുദീനം, പനി എന്നീ രോഗങ്ങളും, കോഴിക്ക് കോഴിവസന്ത, വിരശല്യം എന്നിവയും കണ്ടുവരുന്നു.

**മങ്കര ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ**

പട്ടിക 2

| ക്രമ നമ്പർ | ഡിസ്പെൻസറിയുടെ പേര് | സ്ഥിതിചെയ്യുന്ന സ്ഥലം |
|---|---|---|
| 1. | ഗവ: വെറ്ററിനറി ഡിസ്പെൻസറി | മങ്കര (വെള്ളറോഡ്) |
| 2. | ഗവ: വെറ്ററിനറി ഡിസ്പെൻസറി | കല്ലൂർ |

മങ്കരയിലുള്ള ഡിസ്പെൻസറിയിൽ ഒരു വെറ്ററിനറി സർജ്ജനും ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറും ഒരു പാർട്ട് ടൈം സ്വീപ്പറുമാണ് ഉള്ളത്. കല്ലൂരുള്ള ഡിസ്പെൻസറിയിൽ വെറ്ററിനറി സർജ്ജൻ തസ്തിക ഒഴിഞ്ഞു കിടക്കുന്നു. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറാണ് ചികിത്സ നടത്തുന്നത്. ഇവിടെ ഒരു അറ്റന്ററുമുണ്ട്. ഡിസ്പെൻസറിയുടെ പ്രവർത്തനസമയം കാലത്ത് 9 മണിമുതൽ ഉച്ചക്ക് 2 മണിവരെയായതുകൊണ്ട് പറയത്തക്ക ഗുണമൊന്നും ജനങ്ങൾക്ക് ലഭ്യമാകുന്നില്ല എന്നഭിപ്രായം ഉണ്ട്. ആശുപത്രിയുടെ സമയം കാലത്ത് 8 മണി മുതൽ ഉച്ചക്ക് 12 മണി വരെയും ഉച്ചക്ക് 2 മണി മുതൽ വൈകുന്നേരം 5 മണി വരെയും ആക്കി പുനർനിർണ്ണയം നടത്തേണ്ടതുണ്ട്.

മങ്കര ഡിസ്പെൻസറിക്ക് സ്വന്തം കെട്ടിടം ഉണ്ടെങ്കിലും ചുറ്റുമതിൽ ഇല്ല. കല്ലൂരിലുള്ള ഡിസ്പെൻസറിക്ക് സ്വന്തമായ കെട്ടിടം ഇല്ല. വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

## പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധനവ്
2. കറവ പശുക്കളിൽ കണ്ടുവരുന്ന അകിടുവീക്കം
3. കോഴിവസന്ത വാക്സിന്റെ ലഭ്യതാക്കുറവ്
4. തീറ്റപ്പുല്ലിന്റെ ലഭ്യതാക്കുറവ്
5. കാലിവളർത്തൽ, കോഴിവളർത്തൽ എന്നിവ തുടങ്ങുന്നതിന് സാമ്പത്തിക സഹായക്കുറവ്.
6. സങ്കരവർഗ്ഗപ്പശുക്കൾക്കും കുട്ടികൾക്കും ഇൻഷൂറൻസ് സ്കീം ലഭിക്കായ്ക.

## പരിഹാരങ്ങൾ

1. കാലിത്തീറ്റ മറ്റു സംസ്ഥാനങ്ങളിൽനിന്നും ഉല്പാദിപ്പിച്ച് ഇവിടെ എത്തിച്ച് വില്പന നടത്തുന്നതുമൂലം അമിതമായി വില കൊടുക്കേണ്ടതായി വരുന്നു. ധാരാളം ചിലവുള്ള കാലിത്തീറ്റ നിർമ്മാണയൂണിറ്റ് പഞ്ചായത്തുപ്രദേശത്തു സ്ഥാപിക്കുക
2. കറവപ്പശുക്കളിൽ കണ്ടുവരുന്ന അകിടുവീക്കം, സങ്കരവർഗ്ഗങ്ങളിലാണ് കൂടുതലും കണ്ടുവരുന്നത്. ആയത് ശാസ്ത്രീയമായി പഠനം നടത്തി ഈ രോഗത്തിൽനിന്നും പശുക്കളെ സംരക്ഷിക്കുക.
3. നാടൻകോഴികൾക്കും മറ്റുകോഴികൾക്കും കോഴിവസന്ത രോഗത്തന്നെതിരേയുള്ള വാക്സിൻ മൃഗാശുപത്രിയിൽ ലഭ്യമാക്കുകയും ചുരുങ്ങിയ എണ്ണമായാലും കുത്തിവെയ്പ്പുനടത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.
4. കാലികൾക്കുവേണ്ടി പച്ചപ്പുല്ല് നട്ടുപിടിപ്പിക്കുന്നതിന് മൃഗസംരക്ഷണവകുപ്പ് മുഖാന്തിരം പുൽവിത്ത് വിതരണം ചെയ്ത് പുല്ലിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്ന നിലവിലുള്ള പദ്ധതി വികസിപ്പിച്ച് നടപ്പിൽവരുത്തുകയും ആയതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുക. കൂടാതെ കാലിവളർത്തുന്നതു സംബന്ധിച്ച ചർച്ചാക്ലാസ്സുകൾ വാർഡുവീതം സംഘടിപ്പിക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുക.
5. പാൽ ഉല്പാദനത്തിനും കോഴി വളർത്തലിനും ഉദാരമായ വ്യവസ്ഥയിൽ സാമ്പത്തികസഹായം ലഭ്യമാക്കുകയും ഇൻഷൂറൻസ് നടപ്പിലാക്കുകയും ചെയ്യുക. കൂടാതെ സങ്കരവർഗ്ഗപ്പശുക്കുട്ടികൾക്ക് കാലിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുക.
6. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിന് ആളെ ലഭ്യമല്ലാത്ത സ്ഥിതി നിലവിലുള്ളതായി കാണുന്നു. പഞ്ചായത്തുതലത്തിൽ നായ്ക്കളെ പിടിച്ചു കൊല്ലുന്നതിന് പരിശീലകരെ സൃഷ്ടിക്കുക. ലൈസൻസ് ഇല്ലാതെ നായ വളർത്തുന്നതിൻമേൻ പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
7. കല്ലൂരിലുള്ള ഡിസ്പെൻസറിക്ക് സ്വന്തമായ കെട്ടിടം നിർമ്മിക്കുകയും മങ്കര ഡിസ്പെൻസറി മതിൽ കെട്ടി സംരക്ഷിക്കുകയും വേണം.

## മത്സ്യബന്ധനം

മങ്കര ഗ്രാമ പഞ്ചായത്തിൽ അഞ്ചു കിലോമീറ്റർ നീളത്തിൽ ഭാരതപ്പുഴയും, തോടുകളും, 38 കുളങ്ങളും നിലവിലുണ്ട്. മുൻകാലങ്ങളിൽ പുഴയിൽ നിന്നും കുളങ്ങളിൽ നിന്നും നാടൻ മത്സ്യങ്ങൾ ലഭ്യമായിരുന്നു. കൃഷിസ്ഥലങ്ങളിൽ ഉപയോഗിക്കുന്ന കീടനാശിനി മൂലമോ മറ്റോ മത്സ്യങ്ങൾക്ക് പ്രത്യേകതരം അസുഖം പടർന്നുപിടിക്കുകയും മുൻ വർഷങ്ങളിൽ അവ ചത്തൊടുങ്ങുകയുമുണ്ടായി. അതിനുള്ള കാരണം ഇപ്പോഴും അജ്ഞാതമായി അവശേഷിക്കുന്നു.

പഞ്ചായത്തു പ്രദേശത്ത് നല്ലൊരു ശതമാനം ജനങ്ങൾ മാംസഭുക്കുകളാണ്. മറ്റു ജില്ലകളിൽനിന്നും കടൽ മത്സ്യങ്ങൾ കൊണ്ടുവന്ന് വില്പന നടത്തുന്ന രീതിയാണ് നിലവിലുള്ളത്. മത്സ്യത്തിന്റെ ഉപയോഗം വർദ്ധിച്ചുവരുന്നുമുണ്ട്. നാടൻ മത്സ്യങ്ങൾ കിട്ടുന്നതുമില്ല.

പഞ്ചായത്തു പ്രദേശങ്ങളിലുള്ള 38 കുളങ്ങൾ കെട്ടി വൃത്തിയാക്കി മത്സ്യം വളർത്തുന്ന പദ്ധതി നടപ്പിലാക്കുകയും, താലൂക്ക് തലത്തിൽ ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ മേൽനോട്ടത്തിൽ മത്സ്യക്കൃഷി വികസിപ്പിച്ചെടുക്കേണ്ടതുമാണ്.

മങ്കര ഗ്രാമപഞ്ചായത്തിൽ നിലവിൽ 13 ബയോഗ്യാസ് പ്ലാന്റുകളുണ്ട്. കാലിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതു വഴി ബയോഗ്യാസ് പ്ലാന്റുകളുടെ എണ്ണം വർദ്ധിപ്പിച്ച് പാചക വാതക ഉപയോഗം വർദ്ധിപ്പിക്കാൻ കഴിയും. ഇതുമൂലം വിറകിൻന്റെ ചിലവ് ഒരു പരിധിവരെ കുറയ്ക്കുവാൻ കഴിയും.

## 5 (3) വ്യവസായം

വ്യവസായരംഗത്ത് മങ്കര പഞ്ചായത്ത് വളരെ പിന്നിലാണ്. പഞ്ചായത്തു പ്രദേശത്തു ചെറിയ തോതിൽ പ്രവർത്തിച്ചിരുന്ന ഖാദിബോർഡിന്റെ ഒരു ഓട് നിർമ്മാണ ഫാക്ടറിയും ഒരു സ്റ്റാർച്ച് നിർമ്മാണ ഫാക്ടറിയും നിലനിന്നിരുന്നു. പ്രസ്തുത രണ്ടു വ്യവസായങ്ങളും ഖാദി ബോർഡിന്റെ പ്രവർത്തനം നിലച്ച മട്ടിലാണ്.

പഞ്ചായത്തുപ്രദേശത്ത് ചെറിയതോതിൽ മുള വ്യവസായം നടത്തുന്നുണ്ട്. മുള സംഭരിച്ച് മറ്റു സ്ഥലങ്ങളിലേക്ക് കയറ്റി അയക്കുന്നുണ്ട്. തീപ്പെട്ടി വ്യവസായത്തിന്റെ ഒരു യൂണിറ്റും സഹകരണമേഖല യിൽ മഹിളാസംരഭത്തിൽ ഒരു റബ്ബർബാന്റ് നിർമ്മാണയൂണിറ്റും ഒരു പ്രിന്റിംഗ് പ്രസ്സും പ്രവർത്തിക്കുന്നു. രണ്ട് മരം ഈർച്ചമില്ലുകളും നാല് നെല്ല് പുഴുങ്ങി അരിയാക്കുന്ന റൈസ്മില്ലുകളും ഒമ്പത് നെല്ല് കൂലിയരവ് മില്ലുകളും പ്രവാർത്തിക്കുന്നു. കൂടാതെ ചെറിയ വൈദ്യുതി യന്ത്രമുപയോഗിച്ച് ഒരു ഇഷ്ടിക നിർമ്മാണ ഫാക്ടറിയും പ്രവർത്തിച്ചുവരുന്നുണ്ട്.

**പട്ടിക 1**

**മങ്കര ഗ്രാമ പഞ്ചായത്തു പ്രദേശത്തുള്ള പരമ്പരാഗത തൊഴിലാളുകൾ**

| | | |
|---|---|---|
| 1 | - | മുളകൊണ്ടുള്ള കൊട്ട, വട്ടി, പരമ്പ്, മുറം |
| 2 | - | പുൽപ്പായ, കൈതോലപ്പായ, ഓലപ്പായ |
| 3 | - | ഓട്ടുപാത്രനിർമ്മാണം |
| 4 | - | മരംകൊണ്ടുള്ള ഫർണ്ണീച്ചർ |
| 5 | - | കളിമൺ കൊണ്ടുള്ള മൺപാത്ര നിർമ്മാണം |

**പട്ടിക 2**

**മങ്കര ഗ്രാമ പഞ്ചായത്ത് - വ്യവസായങ്ങൾ**

| ക്രമ നമ്പർ | ഇനം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | തടി വ്യവസായം | 2 | 12 |
| 2 | മുള വ്യവസായം | 5 | 25 |
| 3 | അച്ചടി | 1 | 3 |
| 4 | തീപ്പെട്ടി നിർമ്മാണം | 1 | 12 |
| 5 | ലഡു, ഭക്ഷണസാധനങ്ങൾ പാക്ക് ചെയ്ത് വിതരണം | 2 | 6 |

## നിർദ്ദേശങ്ങളും പരിഹാരങ്ങളും

1. കാർഷികരംഗം ലാഭകരമല്ലാത്ത സാഹചര്യത്തിൽ കൃഷിയെ മാത്രം ആശ്രയിക്കുന്ന കുടുംബങ്ങൾക്ക് ചെറിയ ആശ്വാസം നൽകുന്നത് കറവപ്പശുക്കളെ വളർത്തലാണ്. അമിതമായ കാലിത്തീറ്റയുടെ വില ഒരു പരിധിവരെ നിയന്ത്രിക്കുവാൻ പഞ്ചായത്തുതലത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി നിർമ്മിക്കുക.
2. കാർഷികവിളയായ മരച്ചീനി, മധുരക്കിഴങ്ങ് എന്നിവ സംഭരിച്ച് ഒരു സ്റ്റാർച്ച് ഫാക്ടറിക്ക് രൂപം നൽകുക. മങ്കരയിൽ പൂട്ടിക്കിടക്കുന്ന സ്റ്റാർച്ച് ഫാക്ടറി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുക.
3. 1974-75 കാലഘട്ടങ്ങളിൽ പഞ്ചായത്തുതോറും മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിച്ച രീതിയിൽ മങ്കര പഞ്ചായത്തിൽ മിനി ഇൻഡസ്ട്രീസ് സ്ഥാപിക്കുക.
4. ഇഷ്ടിക നിർമ്മാണത്തിനാവശ്യമായ മണ്ണ് ഈ പഞ്ചായത്ത് പ്രദേശത്ത് ലഭ്യതയുള്ളതിനാൽ ഇഷ്ടിക വ്യവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുള്ള യൂണിറ്റിന് രൂപം നൽകുക.
5. ഓടു നിർമ്മാണത്തിനുള്ള മണ്ണ് ലഭ്യത ഈ പഞ്ചായത്തിലുള്ളതിനാൽ ഓട് വ്യവസായ യൂണിറ്റ് ആരംഭിക്കുക
6. പരമ്പരാഗത തൊഴിലായ ഓട്ടുപാത്ര നിർമ്മാണം കളിമൺപാത്ര നിർമ്മാണം, മുളകൊണ്ടുള്ള ഉല്പന്നങ്ങൾ, കൈതപ്പായ, പുൽപ്പായ, ഓലപ്പായ, കൈത്തറി നെയ്ത്ത്, ആശാരി, കൊല്ലൻ എന്നീ പ്രവൃത്തി ചെയ്യുന്ന തൊഴിലാളികളെ സഹകരണാടിസ്ഥാനത്തിൽ യൂണിററുകളുണ്ടാക്കി അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കി വിപണന മേഖല കണ്ടെത്തി ചെറിയ കുടിൽ വ്യവസായ യൂണിറ്റുകൾ നടപ്പിലാക്കുക.
7. അച്ചാറുകൾ, പപ്പടം എന്നീ വിധത്തിലുള്ള ഭക്ഷണ സാധനങ്ങൾ സഹകരണാടിസ്ഥാനത്തിൽ നിർമ്മിച്ച് വിപണനമേഖല കണ്ടെത്തി ഇടത്തട്ടുകാരെ ഒഴിവാക്കി പ്രാദേശികമായി ഉല്പന്നങ്ങളുടെ നിർമ്മാണം തുടങ്ങുന്നതുകൊണ്ട് സ്ത്രീകൾക്ക് വളരെക്കൂടുതൽ തൊഴിൽസാദ്ധ്യത ഉണ്ടാകുന്നു.
8. വീട്ടുനിർമ്മാണത്തിനാവശ്യമായ ഹോളോ ബ്രിക്സ്, സിമന്റ് കട്ടള, ജനൽ മുതലായ സാധനസാമഗ്രികൾ നിർമ്മാണത്തിന് പ്രോത്സാഹനം നൽകുക. ഖാദിബോർഡിന്റെ ആഭിമുഖ്യത്തിൽ നൂൽനൂൽപ്പുകേന്ദ്രം പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിക്കുക, റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മാണത്തിനുള്ള വിദഗ്ദരെ സംഘടിപ്പിച്ച് റെഡിമെയ്ഡ് ഗാർമൻസ് ഉണ്ടാക്കുന്ന സംരംഭം തുടങ്ങുക. പഞ്ചായത്ത് പ്രദേശത്ത് ഉല്പാദിപ്പിക്കുന്ന നാളികേരം സംഭരിക്കുവാനും ചകിരി, ചിരട്ട എന്നിവ വിറകായി ഉപയോഗിക്കുന്നത് മാറ്റി വ്യാവസായിക ഉല്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള സംരംഭങ്ങൾ ആരംഭിക്കുക.
9. നെൽപ്പാടങ്ങളിൽ ലഭ്യമാകുന്ന വയ്ക്കോൽ ഉപയോഗിച്ച് വ്യവസായ ഉല്പന്നങ്ങൾ നിർമ്മിക്കാവുന്ന യൂണിറ്റുകൾക്ക് രൂപം നൽകുക.
10. മങ്കര പഞ്ചായത്തിൽ കാളികാവ് ഭാഗത്ത് നാഫ്ത ഉപയോഗിച്ച് വൈദ്യുതി ഉല്പാദനം തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാർതലത്തിൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നിലവിൽ വരുന്നതോടുകൂടി ജില്ലയുടേയും മലബാർ പ്രദേശത്തിന്റെ തന്നെയും വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് സാധിക്കുമെന്നാണ് കരുതുന്നത്. ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ പൂർണ്ണ സഹകരണം ഉണ്ടാകുമെന്ന് അറിയിക്കുന്നതോടൊപ്പം നാഫ്തയിൽ നിന്നുണ്ടാകുന്ന മലിനീകരണം പൂർണ്ണമായും നിയന്ത്രിക്കുന്ന സുരക്ഷാ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുകയും ജനങ്ങളുടെ ഇടയിലുള്ള ഭീതി അകറ്റുന്നതിന് ബോധവൽക്കരണം നടത്തുകയും ചെയ്യണം.

# 5 (4) വിദ്യാഭ്യാസം

പാലക്കാട് താലൂക്കിന്റെ പടിഞ്ഞാറെ അറ്റത്തു കിടക്കുന്ന മങ്കര പഞ്ചായത്തിന് നൂറ്റാണ്ടുപഴക്കമുണ്ട്. ഒരു വിദ്യാലയത്തിന്റെ പാരമ്പര്യം അവകാശപ്പെടാമെങ്കിലും വിദ്യാഭ്യാസപരമായി പിന്നോക്കം നില്ക്കുന്ന പ്രദേശം തന്നെയായിരുന്നു ഈ ഗ്രാമം. സർ. സി. ശങ്കരൻനായരാൽ സ്ഥാപിക്കപ്പെട്ട ഒരു സരസ്വതീ ക്ഷേത്രമാണ് മങ്കരയിലെ അറിയപ്പെടുന്ന ആദ്യത്തെ വിദ്യാലയം. ഉച്ചവരെ എഴുത്തും വായനയും പഠിപ്പിച്ച് ഉച്ചക്കഞ്ഞി നൽകി പറഞ്ഞുവിടുകയായിരുന്നുവത്രെ പതിവ് - അക്ഷരാർത്ഥികൾക്ക് ഭക്ഷണവും സൗജന്യം. വളരെ കാലത്തിനുശേഷം ഈ സ്ഥാപനം യു.പി.സ്ക്കൂളായി ഉയർത്തുകയും മലബാർ ഡിസ്ട്രിക്ട് ബോർഡ് ഏറ്റെടുക്കുകയും ക്രമേണ സർക്കാർ ഉടമയിലാവുകയും ചെയ്തു. സ്വാതന്ത്ര്യത്തിന്നു മുൻപുതന്നെ ഇതൊരു ഹൈസ്ക്കൂളായി ഉയർത്തണമെന്ന ആവശ്യം ഉണ്ടായെങ്കിലും 1968 ലാണ് നാട്ടുകാരുടെ പ്രസ്തുത ആഗ്രഹം സഫലമായത്. അതാണ് ഇന്നത്തെ മങ്കര ഗവൺമെന്റ് ഹൈസ്ക്കൂൾ.

രണ്ടുവാക്ക് - ഈ സ്ഥാനം ഹൈസ്ക്കൂളായി ഉയർത്താൻ വേണ്ടി അത്യധ്വാനം ചെയ്ത യശഃശരീരരായ ചേറ്റൂർ ശിവശങ്കരൻനായർ എന്ന അയ്യാമണി, വാർഡുമെമ്പർ കൊയിലത്തുംപടി ബാലകൃഷ്ണൻ, അതിനുവേണ്ട എല്ലാ പിന്തുണയും നൽകിയ അന്നത്തെ പാലക്കാട് എം.എൽ.എ. ആർ കൃഷ്ണൻ വിദ്യാഭ്യാസ സെക്രട്ടറി പി. അച്ചുതൻ നായർ എന്നിവരെ ഈ സന്ദർഭത്തിൽ ആദരപൂർവ്വം സ്മരിക്കുന്നു. മൺമറഞ്ഞവരും ജീവിച്ചിരിക്കുന്നവരുമായ ഒട്ടേറെ പേർ അവരോടൊപ്പം നിന്ന് പ്രവർത്തിച്ചിട്ടുണ്ട്. സ്ഥലപരിമിതിമൂലം എല്ലാവരുടേയും പേരെടുത്തുപറയാൻ വിഷമമുണ്ട്.

1905 ൽ പുളിനെല്ലി നായർവീട്ടിൽ കണ്ടപ്പൻ നായർ കൂട്ടുപാതയിൽ ആരംഭിച്ചതും 1923 ൽ കണ്ണംപരിയാരത്തേക്ക് മാറ്റുകയും ചെയ്ത പി.കെ.എൻ.എം.എൽ.പി.സ്ക്കൂൾ, 1917 ൽ ഇരഞ്ഞിപ്പറമ്പിൽ ചാമിമാസ്റ്റർ ആരംഭിച്ച മാങ്കുറുശ്ശി സ്ക്കൂൾ, 1930 ൽ പടിഞ്ഞാക്കര കടുങ്ങി നായർ സ്ഥാപിച്ച പൂലോടി സ്ക്കൂൾ എന്നിവ ഈ ഗ്രാമത്തിന്റെ വിദ്യാകേന്ദ്രങ്ങളായിരുന്നു. കല്ലൂരിൽ ഒരു ഗവൺമെന്റ് എൽ.പര സ്ക്കൂൾ പിന്നീടുണ്ടായി.

വിദ്യാഭ്യാസകാര്യത്തിൽ വളരെ പിന്നോക്കം നിന്നിരുന്ന പ്രദേശമായിരുന്നു ഒന്നാം വാർഡായ അതിർക്കാട്. ഇവിടെ തൊണ്ണൂറ് ശതമാനവും അജ്ഞരായ കൃഷീവലരും തൊഴിലാളികളുമായിരുന്നു. അവർക്ക് അക്ഷരജ്ഞാനം നൽകാൻ സ്വമേധയാ രംഗത്തുവന്ന യശഃശരീരനായ പൂതേരി നാരായണൻ നായരെ അതിർക്കാട്ടുകാർക്ക് മറക്കാൻ വയ്യ. 'തേവാരത്തു ശിവരാമൻനായരുടെ ഞാറ്റുപുരയിൽ തുടങ്ങിയ വിദ്യാലയം പോലെ (ഖസാക്കിന്റെ ഇതിഹാസം) കൊയിലത്തുംപടി പള്ളിരാമന്റെ കറ്റക്കളത്തിലെ നെടുംപുരയിൽ തുടങ്ങിയ 'ഷ്ക്കോളാണ്' പിന്നീട് മങ്കര വെസ്റ്റ് യു.പി.സ്ക്കൂളായത്. പണ്ഡിതനും, വാഗ്മിയും, പ്രാസംഗികനുമായ പൂതേരി പകൽ മുഴുവൻ സ്ക്കൂളിൽ വന്ന് കുട്ടികളെ പഠിപ്പിച്ചു. രാത്രിയായാൽ പാനീസ് വിളക്കുമായി കുട്ടികളുടെ നിരക്ഷരരായ രക്ഷിതാക്കളെ അക്ഷരം പഠിപ്പിക്കാൻ വീണ്ടും സ്ക്കൂളിലേക്ക്. അതിർക്കാട്ടുകാർ ആ മഹദ്വ്യക്തിയെ 'മേഷായിട്ടും' മാനേജരായിട്ടുമല്ല; കുലപതിയും ദേശഗുരുവുമായിട്ടാണ് ഇന്നും സ്മരിക്കുന്നത്.

റെയിൽവേസ്റ്റേഷനുസമീപം എച്ച്.എം.എസ്.തോൽമണ്ടി ഉടമ, തമിഴ്നാട്ടുകാരനായ ഹാജി മുഹമ്മദ് ഇസ്മയിൽ 1933 ൽ സ്ഥാപിച്ച എം.ആർ.എം.എ.എൽ.പി. സ്ക്കൂൾ മുസ്ലീം സമൂഹത്തിന്റെ വിദ്യാഭ്യാസപുരോഗതിക്ക് കാരണമായി.

അന്നുള്ളവർ സ്ക്കൂളാരംഭിച്ചത് ജ്ഞാനദാനത്തിനു വേണ്ടിയായിരുന്നു. ധനസമ്പാദനമായിരുന്നില്ല അവരുടെ ലക്ഷ്യം. ത്യാഗിവര്യരായ ആ ഗുരുക്കൻമാർക്ക് ഈ നാടിന്റെ സ്മരണാഞ്ജലി..

സ്വകാര്യമേഖലയിൽ വിദ്യാലയങ്ങളനുവദിച്ചുകിട്ടാൻ വേണ്ടി ഇന്നു കാണിക്കുന്ന വ്യഗ്രതയ്ക്ക് അന്നത്തെ ഉദ്ദേശശുദ്ധിയുണ്ടോ എന്ന് മാത്രമേ സംശയമുള്ളു.

കാലം മാറിയതോടെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള സങ്കൽപ്പവും മാറി. എന്നാൽ ആധുനിക സങ്കൽപ്പങ്ങൾ പ്രായോഗികതലത്തിൽ എത്രമാത്രം ഫലപ്രദമായിട്ടുണ്ട്? വിദ്യാഭ്യാസം എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യം സ്വാതന്ത്ര്യാനന്തരം നാം നേടിയെടുത്തുവോ? പ്രി പ്രൈമറിതലം മുതൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതുവരേയുള്ള ഇന്നത്തെ പഠനപ്രക്രിയയെ വിദ്യാഭ്യാസം എന്നു വിളിക്കാമോ?

എന്തു വിദ്യയാണ് അവിടെ അഭ്യസിക്കുന്നത്? വിദ്യാലയത്തെ അക്ഷരാലയം എന്നും അവിടത്തെ വിദ്യാഭ്യാസത്തെ അക്ഷരാലയം എന്നും അല്ലേ പറയാൻ കഴിയൂ? ജീവിതവൃത്തിക്കുതകുന്ന എന്തെങ്കിലും വിദ്യ നേടി ആരെങ്കിലും അവിടെനിന്ന് പുറത്തു വരുന്നുണ്ടോ? ഈ 'വിദ്യ' തന്നെ അടുത്ത നൂറ്റാണ്ടിലും തുടരേണമോ? സ്വാതന്ത്ര്യം കിട്ടി അമ്പതു വർഷമായിട്ടും രാജ്യത്തിനുപറ്റിയ വിദ്യാഭ്യാസ രീതി ഏതെന്ന് നാം ചിന്തിച്ചിട്ടുണ്ടോ. കൃഷി, കാലിവളർത്തൽ, മരപ്പണി തുടങ്ങി പരമ്പരാഗതമായി നേടിവന്നിരുന്ന തൊഴിൽ വൈദഗ്ദ്ധ്യം നമുക്ക് അന്യമായിരിക്കുന്നു. അത്തരം തൊഴിലുകളോട് വൈമുഖ്യവും പ്രകടമാകുന്നു.

ഏതു തൊഴിലും മാന്യമാണെന്ന് ബോധവൽക്കരിച്ചുകൊണ്ട് പ്രൈമറിതലം മുതൽ ഔപചാരിക വിദ്യാഭ്യാസത്തെ തൊഴിലിനോട് ബന്ധപ്പെടുത്തുന്ന രീതിയിൽ പുനഃസംഘടിപ്പിച്ചാലെ നമ്മുടെ രാഷ്ട്രത്തിനുതകുന്ന വിദ്യാഭ്യാസരീതി നിലവിൽ വരൂ. ഒമ്പതാം പദ്ധതിക്കാലത്ത് ഈ വിഷയം ഗൗരവമായി ചർച്ചക്കെടുത്ത് ആസൂത്രണം ചെയ്താൽ പത്താം പദ്ധതിക്കാലത്തെങ്കിലും' ഇതു നടപ്പിൽ വരുത്താം.

നേരത്തെപ്പറഞ്ഞ അക്ഷരാലയത്തിലേയ്ക്കു കടക്കാം. അവിടത്തെ 'അഭ്യാസ'ത്തിൽതന്നെ പലരും തൃപ്തരല്ല. പത്തുകൊല്ലം പഠിച്ചിട്ടും അക്ഷരമറിയുന്നില്ലെന്ന ആക്ഷേപം; അക്ഷരമറിയുന്നവന് നിലവാരമില്ലെന്ന പരാതി. ഇവ രണ്ടും ഇന്നത്തെ പ്രധാന പ്രശ്നങ്ങളാണ്.'എസ്റ്റാബ്ലിഷ്മെന്റി'ന്റെ പോരായ്മകൾ മാറ്റിനിർത്തി പ്രാദേശികതലത്തിൽ വിലയിരുത്തി ഇവ രണ്ടിനും പരിഹാരം കാണണം.

**പട്ടിക 1**

| മങ്കര ഗ്രാമ പഞ്ചായത്ത് | സ്കൂളുകൾ | | | | | |
|---|---|---|---|---|---|---|
| | അദ്ധ്യാപകർ | | | വദ്യാർത്ഥികൾ | | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| G.H.S. മങ്കര വെസ്റ്റ് ബേസിക് | 12 | 20 | 32 | 449 | 483 | 932 |
| U.P. സ്കൂൾ, അതിർക്കാട് | 5 | 9 | 14 | 174 | 186 | 360 |
| A.. L.P. സ്കൂൾ പൂലോടി | 1 | 3 | 4 | 67 | 59 | 126 |
| M.R.M.ALP സ്കൂൾ മങ്കര | 1 | 4 | 5 | 52 | 41 | 93 |
| P.K.N.M.J.B. സ്കൂൾ, കണ്ണംമ്പിരിയാരം | 1 | 3 | 4 | 73 | 62 | 135 |
| A.U.P. സ്കൂൾ മാങ്കുറുശ്ശി | 7 | 12 | 19 | 286 | 245 | 531 |
| G.L.P. സ്കൂൾ, കല്ലൂർ | - | 4 | 4 | 53 | 55 | 108 |

1. ആദ്യമായി ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ പഠിതാക്കളിൽ പിന്നോക്ക വിഭാഗത്തെ കണ്ടെത്തണം. ജാതി, മത, സാമൂഹ്യ സാമ്പത്തിക മേഖലയിലെ പിന്നോക്ക വിഭാഗത്തെയല്ല; അക്ഷരജ്ഞാനമില്ലാത്തവരെയാണ് പിന്നോക്കം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. ആതാതു വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ സഹായത്തോടെ രണ്ടാം ക്ലാസ്സു മുതൽ പത്താം ക്ലാസ്സു വരേയുള്ളവരിൽ ഒരു പഠനം നടത്തണം - സർവ്വേ എന്നു വേണമെങ്കിൽ പറയാം. എന്തുകൊണ്ട് അക്ഷരജ്ഞാനം ഉണ്ടായില്ല? ഉദ്ദേശിച്ച നിലവാരം ഉണ്ടായില്ല? എന്നീ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തണം. ഉത്തരം ഭൗതികമാണെങ്കിലും ബൗദ്ധികമാണെങ്കിലും പരിഹാരം കണ്ടെത്തണം. പോഷകാഹാരക്കുറവ്, രോഗം, വീട്ടുകാരുടെ അശ്രദ്ധ എന്നിവയാണെങ്കിൽ പുറമെ നിന്നും ബോധന പ്രക്രിയയിലുള്ള അശാസ്ത്രീയത ആണെങ്കിൽ അകത്തുനിന്നും പരിഹാരം ഉണ്ടാകണം.

സ്ക്കൂൾ വർഷാരംഭത്തിൽ ഈ സർവ്വേ നടത്തണം. മൂന്നു വർഷത്തിലൊരിക്കൽ അദ്ധ്യാപകർ, രക്ഷിതാക്കൾ, സാമൂഹ്യപ്രവർത്തകർ, ഭരണകർത്താക്കൾ എന്നിവർ ഒത്തുചേർന്ന് ചർച്ച ചെയ്ത് പുരോഗതി വിലയിരുത്തണം. നമ്മുടെ ഗ്രാമത്തിൽ സേവന സന്നദ്ധരായ പെൻഷൻ പറ്റിയ പല അദ്ധ്യാപകരും ഉണ്ട്. ഒഴിവുദിവസങ്ങളിലോ, ക്ലാസ്സുകൾ കഴിഞ്ഞ ശേഷമോ ഏതാനും സമയം അവരുടെ സേവനം ആവശ്യപ്പെടാം. സന്നദ്ധ സംഘങ്ങളിലെ വ്യക്തികൾ, വാർഡു മെമ്പറും ബന്ധപ്പെട്ട സ്ക്കൂളിലെ അദ്ധ്യാപകരും ചേർന്ന് ഒരു 'ഫീഡിങ്ങ് സെന്റർ' തുടങ്ങാം. അവിടെ സൗജന്യ ഭക്ഷണമില്ല. 'സൗജന്യ അക്ഷരാണം'. രക്ഷിതാക്കളുടെ സഹായത്തോടെ പിന്നോക്കക്കാരെ നിർബ്ബന്ധമായും ഇവിടെ എത്തിക്കണം. ഇത്തരം കാര്യങ്ങളിൽ ദുരഭിമാന പ്രശ്നം ഉണ്ടാകരുത്. രാജ്യത്തിന്റെ ഏറ്റവും വലിയ വിഭവം വിദ്യയാണ്. ഈ വിഭവസമാഹരണത്തിൽ തുറന്ന മനസ്സോടെ എല്ലാവരും സഹകരിക്കണം.

2. വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമാണെന്ന് വർഷാരംഭത്തിൽ തന്നെ ഉറപ്പുവരുത്തണം. അഡ്മിഷൻ കഴിഞ്ഞയുടൻ പി.ടി.എ., വാർഡുമെമ്പർ പഞ്ചായത്തുതല വിദ്യാഭ്യാസ ഉപദേശക സമിതി എന്നിവർ യോഗം ചേർന്ന് സാഹചര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകണം.
3. പഞ്ചായത്തുതല വിദ്യാഭ്യാസ സമിതി, സ്ക്കൂളിലെ രക്ഷാകർതൃ സമിതി, സ്ക്കൂൾ കോംപ്ലക്സ് എന്നിവയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം.
4. സാഹിത്യ സമാജം, ബാലസമാജം എന്നിവ പുനരുജ്ജീവിപ്പിക്കണം.
5. കോംപ്ലക്സ് ലെവലിൽ കലാ കായിക മത്സരങ്ങൾ സംഘടിപ്പിക്കണം.
6. ലൈബ്രറി, ലബോറട്ടറി എന്നിവ പരമാവധി പ്രയോജനപ്പെടുത്തണം.
7. പല കാര്യങ്ങളും കുട്ടികൾ പരസ്യങ്ങളിൽ നിന്ന് അറിയുന്നു. ഓരോ ക്ലാസ്സിലും പഠിക്കുന്ന കുട്ടികൾക്കു വേണ്ടി വിവിധ കളർ പോസ്റ്ററുകൾ ഉണ്ടാക്കി ക്ലാസ്സുകളിൽ ഒട്ടിക്കുക.
8. വായനാശീലം വളർത്തണം. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അമിത സ്വാധീനം അകറ്റി നിർത്തുക.
9. ഹൈസ്ക്കൂളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർ മാസത്തിലൊരിക്കലെങ്കിലും പ്രൈമറി സ്ക്കൂളുകളിൽ ചെന്ന് ബന്ധപ്പെട്ട വിഷയങ്ങളിൽ മാർഗ്ഗനിർദ്ദേശം നൽകുക.
10. പഞ്ചായത്തു പ്രസിഡന്റും മെമ്പർമാരും വിദ്യാലയങ്ങൾ സന്ദർശിച്ച് പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം ഉണ്ടാക്കണം.

11. എല്ലാ സങ്കുചിത രാഷ്ട്രീയത്തിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളെ മുക്തമാക്കണം.

ആത്മാർത്ഥമായ സമീപനം ഉണ്ടെങ്കിൽ വിദ്യാഭ്യാസ രംഗത്ത് ചരിത്രം സൃഷ്ടിക്കാം. അല്ലെങ്കിൽ ചരിത്രം ആവർത്തിച്ചെഴുതാം.

## നിർദ്ദേശങ്ങളും പരിഹാരങ്ങളും

1. മങ്കര ഹൈസ്ക്കൂളിൽ നിലവിലുള്ള ശോചനീയാവസ്ഥ പരിഹരിക്കുക
    - (a) ഓലഷെഡ് സ്ഥിരം കെട്ടിടമാക്കി മാറ്റുക
    - (b) പന്ത്രണ്ടു ക്ലാസ്സ് മുറികളുള്ള ഒരു കെട്ടിടം അനുവദിക്കുക
    - (c) നിലവിലുള്ള ടാങ്കിലേക്ക് കിണറ്റിൽ നിന്ന് വെള്ളം കൊണ്ടുപോകുന്നതിന് ഒരു പമ്പ്സെറ്റ് അനുവദിക്കുക
    - (d) പ്ലസ് ടു അനുവദിക്കുക
    - (e) കളിസ്ഥലത്തിനു വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുക

2 മങ്കര ഗവൺമെന്റ് ഹൈസ്ക്കൂളിലും കല്ലൂർ ജി.എൽ.പി.സ്ക്കൂളിലും വേണ്ട ഫർണ്ണീച്ചറുകൾ അനുവദിക്കുക

3 കല്ലൂർ ജി.എൽ.പി.സ്ക്കൂളിൽ ഒരു പുതിയ കെട്ടിടം അനുവദിക്കുക

4. പുള്ളോട് ഒരു ഗവ: എൽ.പി.സ്ക്കൂൾ അനുവദിക്കുക

### പട്ടിക 2.

**മങ്കര ഗ്രാമ പഞ്ചായത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സംബന്ധിച്ച വിവരം**

| സ്ക്കുളിന്റെ പേര് | ആൺ | പെൺ | ആകെ |
|---|---|---|---|
| ജി.എച്ച്.എസ്.മങ്കര | 147 | 175 | 322 |
| മങ്കര വെസ്റ്റ് ബേസിക് യു.പി.സ്ക്കൂൾ അതിർക്കാട് | 55 | 53 | 108 |
| എ.എൽ.പി.എസ്.പൂലോടി | 15 | 9 | 24 |
| എം.ആർ.എം.എ.എൽ. മങ്കര | 6 | 5 | 11 |
| പി.കെ.എൻ.എം.ജെ.ബി.എസ്. കണ്ണംപരിയാരം | 29 | 25 | 54 |
| എ.യു.പി.എസ്. മാങ്കുറുശ്ശി | 65 | 68 | 133 |
| ജി.എൽ.പി.എസ്.കല്ലൂർ | 19 | 17 | 36 |

# 5 (5) കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

ശുദ്ധവായു, ശുദ്ധജലം, ശുചിത്വമുള്ള പാർപ്പിടം എന്നിവ ജനതയുടെ ആരോഗ്യത്തിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണല്ലോ. നമ്മുടെ പഞ്ചായത്തിൽ 4085 വീടുകളിൽ കുടിവെള്ളക്ഷാമത്തിന് കിണറുകളെയാണ് ആശ്രയിച്ചുകൊണ്ടിരിക്കുന്നത്. പഞ്ചായത്തുപ്രദേശത്ത് 1640 സ്വന്തം കിണറുകളും 28പൊതുകിണറുകളും 11 കുഴൽകിണറുകളും, 23 പൊതുപൈപ്പു ടാപ്പുകളും, 30 വീടുകളിൽ പൈപ്പ് കണക്ഷനുമുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ശുദ്ധജലവിതരണ പദ്ധതികൊണ്ട് 1,2,3,4 എന്നീ വാർഡുകളിൽ 3-ാം വാർഡ് ഒഴിച്ച് മറ്റു വാർഡുകളിൽ ഭാഗികമായി മാത്രമാണ് ജലവിതരണം നടത്തുന്നത്. നിലവിലുള്ള ജലവിതരണത്തിന് കോട്ട എന്ന സ്ഥലത്തുള്ള കുഴൽകിണറിൽ നിന്നാണ് വെള്ളം ലഭ്യമാകുന്നത്. നിലവിലുള്ള ശുദ്ധജലവിതരണംകൊണ്ടും പൊതുകിണറുകൾകൊണ്ടും ശുദ്ധജലം ലഭ്യമാകാത്ത 60% കുടുംബങ്ങൾ നമ്മുടെ പഞ്ചായത്ത് അതിർത്തിയിൽ ഉണ്ട്. 1995-96 വർഷത്തിൽ വരൾച്ച കാലങ്ങളിൽ നിലവിലുള്ള 9 കിണറുകൾ റിപ്പയർ ചെയ്ത് വെള്ളം ലഭ്യമാക്കുകയും പ്രദേശത്തെ കിണറുകളിൽ ക്ലോറിനേഷൻ നടത്തുകയുണ്ടായി.

**പട്ടിക**

**കുടിവെള്ളക്ഷാമം കൂടുതൽ അനുഭവപ്പെടുന്ന സ്ഥലങ്ങൾ**

| വാർഡ് | സ്ഥലങ്ങൾ |
|---|---|
| 1 | ഇരുമ്പടി മുട്ടിക്കടവ് ഭാഗം |
| 2 | കാരാട്ടുപറമ്പ്, മഞ്ഞക്കര |
| 3 | താവളം, പണ്ടാരപ്പറമ്പ്, റെയിൽവേ സ്റ്റേഷനുസമീപം വെള്ളാംകുന്ന് |
| 4 | കണ്ണംപരിയാരം ഉങ്ങുവെച്ച പറമ്പ്, വെള്ളറോഡ്, മൈലാവ്, കോട്ട പടിഞ്ഞാറ് ഭാഗം |
| 5 | കണ്ണംപരിയാരം ഞാറക്കോട്ടുകാവിനു സമീപം, കൂട്ടപ്പുര ഭാഗം |
| 6 | കുണ്ടുപറമ്പ്, പെരുവപ്പള്ള, ചേത്തക്കാട് |
| 7 | അത്താണിപ്പറമ്പ്, തരുവക്കോട് |
| 8 | പുള്ളോട് തറ, കൊയിലത്ത്, മാവുണ്ടത്തറ, ഭരതക്കാട് |
| 9 | മയിലാടും പാറ, പന്നിപ്പറമ്പ്, കരടിമലക്കുന്ന് |

മുകളിൽ പറഞ്ഞ സ്ഥലങ്ങൾക്കു പുറമെ ഒന്നാം വാർഡിൽ അതിർക്കാട്, രണ്ടാം വാർഡിൽ ചാത്തംകണ്ടം; മൂന്നാം വാർഡിൽ മങ്കര ഗവ: ഹൈസ്ക്കൂൾ പരിസരം, വെള്ളാംകുന്ന്. നാലാം വാർഡിൽ കോട്ട ലക്ഷംവീട്; അഞ്ചാം വാർഡിൽ കൂട്ടാല, ആറാം വാർഡിൽ മേലെത്തൊടി, ഏഴാം വാർഡിൽ മാങ്കുറുശ്ശി കൂരാത്ത്, എട്ടാം വാർഡിൽ പൂപ്പാടം, ഒമ്പതാം വാർഡിൽ പറപ്പള്ളക്കുന്ന്, മുക്കാട്ടുകുന്ന്, അമ്പലപ്പടി, എന്നീ സ്ഥലങ്ങളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്.

## നിർദ്ദേശങ്ങളും പരിഹാരങ്ങളും

മങ്കര പോലീസ്സ്റ്റേഷനുസമീപത്തുള്ള കേരള വാട്ടർ അതോറിറ്റി നിർമ്മിച്ച കിണറ്റിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് സമീപത്ത് നിർമ്മിച്ചിട്ടുള്ള ടാങ്കിൽ നിറച്ചാണ് മുൻകാലങ്ങളിൽ കുടിവെള്ളം വിതരണം നടത്തിയിരുന്നത്. പ്രസ്തുത കിണർ ഇടിഞ്ഞു തൂർന്നിരിക്കുന്നതു കാരണം ആയതിൽനിന്ന് ഇപ്പോൾ വെള്ളം പമ്പ് ചെയ്യുന്നില്ല. ഈ കിണർ ശരിയാക്കി ആയതിൽനിന്ന് വെള്ളം പമ്പുചെയ്ത് ടാങ്കിൽ നിറച്ച് ജലവിതരണം ചെയ്യുകയും, നിലവിൽ കോട്ടയിലെ കുഴൽകിണറിൽനിന്നുള്ള വെള്ളം കണ്ണംപരിയാരം - വെള്ളറോഡ് - കൂട്ടുപാത വഴി റെയിൽസ്റ്റേഷൻ റോഡിലേക്ക് പോകുന്നത് ഒഴിവാക്കി കോട്ടയിൽ നിന്നും കാളികാവ് താവളം വഴി റെയിൽവേസ്റ്റേഷൻ റോഡിലേക്ക് എത്തിക്കുകയും ചെയ്യുന്നതിന് സംവിധാനം ഉണ്ടാക്കി നിലവിലുള്ള പൈപ്പ്ലൈൻ ഒന്ന്, മൂന്ന്, നാല് എന്നീ വാർഡുകളിലേക്കു നീട്ടിയാൽ നാല് വാർഡുകളിലെ കുടിവെള്ളക്ഷാമം ഇല്ലാതാക്കാൻ കഴിയും.

ആറ്, ഏഴ്, എട്ട് എന്നീ വാർഡുകളിലെ ജലക്ഷാമം പരിഹരിക്കുന്നതിന് ഭാരതപ്പുഴയിൽ മാങ്കുറുശ്ശി മുട്ടിക്കടവ് ഭാഗത്ത് ഒരു തടയണ കെട്ടി വെള്ളം സംഭരിച്ച് പമ്പുചെയ്യുന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

എട്ടാം വാർഡിൽ പുന്നക്കുറുശ്ശിപ്പാടത്ത് ഒരു വലിയ കിണർ കുഴിച്ച് വെള്ളം മോട്ടോർ ഉപയോഗിച്ച് പുള്ളോട് ഭാഗത്തേയ്ക്ക് പൈപ്പുലൈൻ വഴി എത്തിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയൽ പ്രസ്തുത വാർഡിലുള്ള കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും.

പാലക്കാട്ടു ബ്ലോക്കിൽ നെതർലാന്റ് സർക്കാറിന്റെ സാമ്പത്തികസഹായത്തോടെ ശുദ്ധജല വിതരണത്തിനുള്ള പദ്ധതിയിൽ മങ്കര ഗ്രാമപഞ്ചായത്തും ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ചെറുകിട പദ്ധതികൾക്ക് മുൻതൂക്കം നൽകുന്നുവെന്നതിനാൽ മങ്കര ഗ്രാമ പഞ്ചായത്തിലെ 5,6,7,8,9 എന്നീ വാർഡുകളിൽ വലിയ ഓരോ കിണർ കുഴിച്ച് അതിൽനിന്ന് മോട്ടോർ ഉപയോഗിച്ച് പൈപ്പുവഴി (തമ്മിൽ ബന്ധിപ്പിക്കുന്ന രീതിയിൽ) ശുദ്ധജലവിതരണത്തിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള ശുദ്ധജലവിതരണപദ്ധതി അറ്റകുറ്റ പണികൾ ചെയ്ത് പടിഞ്ഞാറൻ പരിയശ്ശേരി, കാരാട്ടുപറമ്പ്, പണ്ടാരപ്പറമ്പ്, വെള്ളാംകുന്ന്, എഴുത്തശ്ശൻ തറ എന്നിവടങ്ങളിൽ ടാപ്പുകൾ സ്ഥാപിക്കുന്നതിനും അപേക്ഷിച്ചിട്ടുണ്ട്.

ശുദ്ധജലം ലഭ്യമാകുന്ന കിണറുകളിൽ ജലസ്രോതസ്സുകൾ ഉണ്ടാകുന്നതിന് പഞ്ചായത്തു പ്രദേശങ്ങളിലെ കിണറുകൾ കെട്ടി സംരക്ഷിച്ച് വെള്ളം ലഭ്യമാക്കുകയും, തോടുകളിലും ഭാരതപ്പുഴയിലും തടയണകൾ നിർമ്മിച്ചും ജലം ഒഴുകിപോകുന്നത് ആവശ്യാനുസരണം നിയന്ത്രിച്ചാൽ കിണറുകളിൽ വെള്ളം ലഭ്യമാവാൻ സഹായിക്കുമെന്നതിനാൽ കുളങ്ങളും, തോടുകളും പുഴയും കെട്ടി സംരക്ഷിച്ച് വെള്ളം തടഞ്ഞുനിർത്തുന്ന പദ്ധതിക്കുവേണ്ടിയും നെതർലാന്റ് പദ്ധതിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

## പൊതുജനാരോഗ്യം

പരിസരശുചീകരണം പൊതുജനാരോഗ്യത്തിന്റെ പ്രധാന ഘടകമെന്ന നിലയിൽ മലമൂത്ര വിസർജ്ജന സ്ഥലങ്ങളുടെ അപര്യാപ്തത പരിഹരിക്കേണ്ടുന്നതിനാൽ പഞ്ചായത്തു മുഖേന 77 കക്കൂസുകളും, ബ്ലോക്ക് മുഖേന 44 കക്കൂസുകളും ഹരിജനങ്ങൾക്ക് അനുവദിക്കുകയുണ്ടായി. പഞ്ചായത്തിൽനിന്നും അനുവദിച്ച കക്കൂസുകളിൽ ഗുണഭോക്താക്കളുടെ താല്പര്യക്കുറവ് മൂലം പണി ഭാഗികമായി ഇനിയും പൂർത്തീകരിക്കാനുണ്ട്.

ഒരു വീടിന്ന് ഒരു കക്കൂസ് ഉണ്ടായിരിക്കണമെന്ന പഞ്ചായത്തിന്റെ താല്പര്യം ബ്ലോക്ക് മുഖേന നെതർലാന്റ് ഗവൺമെന്റിന്റെ സമ്പത്തികസഹായം ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

വീടുകളിൽ ഉപയോഗിക്കുന്ന അടുപ്പിൽനിന്നും ഉണ്ടാകുന്ന പുക, വീട്ടമ്മമാരുടെ ആരോഗ്യത്തെ പ്രതീകൂലമായി ബാധിക്കുന്നു എന്ന വിദഗ്ദ്ധ അഭിപ്രായം ഗൗരവപൂർവ്വം കണക്കിലെടുക്കുകയും ഊർജ്ജ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പാലക്കാട് ബ്ലോക്ക് ഐ.ആർ.ഇ.പി. പ്രൊജക്ട് ആപ്പീസ് മുഖേന പുകയില്ലാത്ത അടുപ്പ് (ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ) പഞ്ചായത്ത് പ്രദേശത്ത് ലഭ്യമാകുന്നതിന് വേണ്ടുന്ന പ്രചരണത്തിനും ലഭ്യതയ്ക്കും നടപടി സ്വീകരിച്ചുവരുന്നു. ഇത്തരം അടുപ്പുകൾ ഉപയോഗിക്കുന്നതുകൊണ്ട് വിറകിന്റെ ഉപയോഗം ഗണ്യമായി കുറയ്ക്കുവാൻ കഴിയുമെന്ന കാര്യം ജനങ്ങളിൽ എത്തിക്കേണ്ടത് ഇതിന്നാവശ്യമാണ്. പാചകവാതക കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ മാത്രം അനുവദിക്കുന രീതി ഭേദഗതി ചെയ്ത് പഞ്ചായത്തു പ്രദേശങ്ങളിൽകൂടി ലഭ്യമാക്കുന്നതിനുള്ള നിയമനടപടികൾ സർക്കാർ സ്വീകരിക്കേണ്ടതാണ്.

1961 ൽ രൂപീകരിച്ച മങ്കര പഞ്ചായത്തിലെ ജനങ്ങൾ ചികിത്സക്കായി നാട്ടുവൈദ്യൻമാരെയും പത്തൊമ്പതു കിലോമീറ്റർ അകലെയുള്ള പാലക്കാടു ഗവ: ജില്ലാ ആശുപത്രിയേയും പതിനഞ്ചു കിലോമീറ്റർ അകലെയുള്ള ഒറ്റപ്പാലം ഗവ: ആശുപത്രിയേയുമാണ് ആശ്രയിച്ചിരുന്നത്. 1975 ൽ മാങ്കുറുശ്ശിയിൽ ഒരു ഗവ: ഹോമിയോ ആശുപത്രിയും 1983 ൽ മങ്കരയിൽ ഒരു ഗവ: സിദ്ധവൈദ്യ ആശുപത്രിയും സ്ഥാപിതമായി. കൂടാതെ പറളി പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ കീഴിൽ 2, 5, 9 എന്നീ വാർഡുകളിൽ ഓരോ ഉപകേന്ദ്രങ്ങളും നിലവിൽ വിന്നു. നിലവിലുള്ള ആരോഗ്യസ്ഥാപനങ്ങളിൽ വിദഗ്ദ്ധചികിത്സ ലഭിക്കാത്തതിനാൽ താലൂക്ക്, ജില്ലാ ആശുരപത്രികളെ ആശ്രയിക്കേണ്ടുന്ന അവസ്ഥയാണ് നിലനിൽക്കുന്നതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയതിനെ തുടർന്ന് 1995 ൽ മങ്കര ഗ്രാമ പഞ്ചായത്തിന്ന് ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം, ആയതിന്നു വേണ്ട സ്ഥലവും കെട്ടിടവും പഞ്ചായത്ത് ലഭ്യാമാക്കണമെന്ന നിബന്ധനക്ക് വിധേയമായി അനുവദിക്കപ്പെടുകയുണ്ടായി. പ്രസ്തുത ആരോഗ്യകേന്ദ്രം പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ സ്ഥലത്ത് സ്ഥാപിക്കുന്നതിന് ആവശ്യമായ കെട്ടിടം ലഭിക്കാത്തതുകാരണം തുടങ്ങുവാൻ കഴിഞ്ഞിട്ടില്ല.

കുട്ടികളുടെ ആരോഗ്യപരിപാലനരംഗത്ത് ഇരുപത്തൊന്ന് അംഗൻവാടി മുഖേന 695 കുട്ടികൾക്കും 68 ഗർഭിണികൾക്കും 104 മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം വിതരണം നടത്തിയിട്ടുണ്ട്.

## നിർദ്ദേശങ്ങളും പരിഹാരങ്ങളും

1. മങ്കര ഗ്രാമ പഞ്ചായത്തിന് അനുവദിച്ച പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് ആവശ്യമായ കെട്ടിടം ലഭ്യമാക്കുക. പഞ്ചായത്തിന്റെ സാമ്പത്തിക പരാധീനത കണക്കിലെടുത്ത് ആശുപത്രി നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിനുള്ള സാമ്പത്തികസഹായം സർക്കാർ അനുവദിക്കണം.

2. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗവ: സിദ്ധവൈദ്യ ആശുപത്രിക്ക് ആവശ്യമായ സ്വന്തം കെട്ടിടവും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ മരുന്നുകളും ലഭ്യമാക്കുക. ഈ ആശുപത്രി

വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ആയതിന് സ്വന്തമായ സ്ഥലവും കെട്ടിടവും ലഭ്യമാവുന്നതിനു വേണ്ടുന്ന സാമ്പത്തിക സഹായം സർക്കാർ നൽകണം.

3. മാങ്കുറുശ്ശിയിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗവ: ഹോമിയോ ആശുപത്രിക്ക് ചുറ്റുമതിൽ കെട്ടി അറ്റകുറ്റപണികൾ ചെയ്ത് സംരക്ഷിക്കുകയും ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുകയും വൈദ്യുതീകരിക്കുകയും ചെയ്യുക.

4. കുടുംബക്ഷേമപ്രവർത്തകരുടെ സേവനം വർദ്ധിപ്പിക്കേണ്ടതാണ്. മങ്കര ഗ്രാമ പഞ്ചായത്തിൽ നിലവിൽ മൂന്ന് കുടുംബക്ഷേമ പ്രവർത്തകരാണ് ഉള്ളത്. പ്രവർത്തകരുടെ എണ്ണം വർദ്ധിപ്പിച്ച് സേവനം മെച്ചപ്പെടുത്തണം.

5. പഞ്ചായത്തിന്റെ അധീനതയിലുള്ള കാളികാവിനടുത്തുള്ള ശ്മശാനം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടിയിരിക്കുന്നു.

# 5(6) ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം

30.17 sq K.M. വിസ്തൃതിയുള്ള മങ്കര ഗ്രാമ പഞ്ചായത്ത് പാലക്കാട് ഷൊർണ്ണൂർ PWD റോഡിന്റെ ഇരുവശങ്ങളിലുമായി സ്ഥിതിചെയ്യുന്നു. കൂടാതെ തെക്കെ അറ്റത്തോടുകൂടി പാലക്കാട് ഡിവിഷന്റെ പരിധിയിൽ ഉള്ള ഷൊർണ്ണൂർ റെയിൽവേപാത കടന്നുപോകുന്നു. മങ്കര റെയിൽവേ സ്റ്റേഷൻ നിലവിലുണ്ട്. എങ്കിലും 15 കി.മീറ്റർ മാറി ഒറ്റപ്പാലം സ്റ്റേഷൻ സ്ഥിതിചെയ്യുന്നതുകൊണ്ട് നാമമാത്രമായ പാസഞ്ചർ വണ്ടികൾ മാത്രം ഇവിടെ നിർത്തിപ്പോകുന്നു. ആലത്തൂർ, പാലക്കാട്, ഒറ്റപ്പാലം എന്നീ മൂന്നു താലൂക്കുകളെ ബന്ധിപ്പിക്കുന്ന കുഴൽമന്ദം മങ്കര-കാളികാവ് PWD റോഡ് 2, 3, 4 എന്നീ വാർഡുകളിലൂടെ കടന്നുപോകുന്നു. എന്നാൽ മങ്കരയിൽ വെച്ച് പ്രസ്തുത റോഡ് ഭാരതപ്പുഴയ്ക്കു കുറുകേ കടന്നുപോകുന്നു. പ്രസ്തുത പുഴയ്ക്ക് പാലം നിർമ്മിക്കാത്തതിനാൽ വാഹനങ്ങൾക്ക് കടന്നു വരുവാൻ കഴിയാത്ത അവസ്ഥയാണ് നിലവിൽ ഉള്ളത്.

**പട്ടിക**

**മങ്കര ഗ്രാമപഞ്ചായത്ത് ഗ്രാമീണ റോഡുകൾ സംബന്ധിച്ച വിവരങ്ങൾ**

| കച്ച | പക്ക | മെറ്റൽ | പഞ്ചായത്ത് | PWD | NH | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| 66.740 | - | 29.039 | 7.600 | 9.00 | - | - | 112.379 |

പഞ്ചായത്ത് അതിർത്തിയിൽ 7.600 കി.മി. ടാർ റോഡും, മെറ്റൽ ചെയ്ത 29.039 കി.മി. റോഡും വീതി കുറഞ്ഞ മൺറോഡുകളായി 66.740 കി.മി. റോഡുകളുണ്ട്. വീതി കുറഞ്ഞതും വാഹനം പോകാൻ പറ്റാത്തതുമായ കുറെ റോഡുകൾ ഈ പഞ്ചായത്തിലുണ്ട്

**യാത്രാ സൗകര്യത്തിനൊ വാഹന ഗതാഗതത്തിനോ പറ്റാത്ത റോഡുകൾ**

വാർഡ് I

(1) മങ്കര ദേവീ ടാക്കീസ്, വെള്ളാംകോട് റോഡ്.
(2) കല്ലംകാട്, പൂലോടി ബൈപാസ് റോഡ്.
(3) മഞ്ഞക്കര-കോട്ടപടി റോഡ്.
(4) പൂലോടി-ചുള്ളിപാടം-തൃപ്പംകുന്ന് റോഡ്.
(5) പൂലോടി സ്ക്കൂൾ മഞ്ഞക്കര റോഡ്.
(6) പൂലോടി കിഴക്കേ പരിയശ്ശേരി റോഡ്.
(7) മുട്ടിക്കാട് ഇരുമ്പിടി റോഡ്.
(8) തീപ്പെട്ടി കമ്പനി-ഹരിജൻ കോളനി റോഡ്.
(9) കൊയിലത്തും പടി റോഡ്.

(10) അതിർക്കാട് ഹോസ്പിറ്റൽ റോഡ്.
(11) മുട്ടിക്കാട് തോട്ടുപാലം റോഡ്.

വാർഡ് II

(12) താവളം ചണ്ടേക്കാട് കോട്ട റോഡ്.
(13) താവളം പുറയത്ത് കാരാട്ട് പറമ്പ് റോഡ്.
(14) താവളം മഞ്ഞക്കര റോഡ്.

വാർഡ് III

(15) പണ്ടാരപ്പറമ്പ് റോഡ്.
(16) വെള്ളാംകുന്ന് ഹരിജൻ കോളനി റോഡ്.
(17) ചാത്തംകണ്ടം റോഡ്.
(18) പുതിയപറമ്പ് ഹരിജൻ കോളനി റോഡ്.
(19) തലേപ്പുള്ളി പറമ്പ് ഹരിജൻ കോളനി റോഡ്.
(20) GHS വെളിച്ചപ്പാട് റോഡ്.
(21) കോട്ടക്കുന്ന് റോഡ്.
(22) മച്ചിങ്ങതൊടി മുണ്ടക്കാവ് റോഡ്.
(23) കിഴക്കുംകര കല്ലിങ്കൽ റോഡ്.

വാർഡ് IV

(24) കണ്ണംപരിയാരം ഉങ്ങുവെച്ചപറമ്പ് റോഡ്.
(25) കോട്ട ചണ്ടെക്കോട് റോഡ്.
(26) മയിലാവ് കാളികാവ് റോഡ്.
(27) പെരുംപാറ വെള്ളറോഡ്.
(28) കൊന്നയത്ത് ചാമക്കാട് തേങ്കുറുശ്ശി റോഡ്.

വാർഡ് V

(29) മാനംകാട് മാരാംപറമ്പ് റോഡ്.
(30) മുത്തംകാട് അത്താണിമൂച്ചിക്കൽ റോഡ്.
(31) കാപ്പുകാട് ഹരിജൻ കോളനി റോഡ്.
(32) കാപ്പുകാട് പറയൽതൊടി റോഡ്.
(33) കൂട്ടാല ചോഴിയതൊടി റോഡ്.

(34) പുന്നെക്കാട്ട് കൂട്ടപ്പുര റോഡ്.

(35) കുനിയംപാടം പറയൻകാട് റോഡ്.

(36) കണ്ണംപരിയാരം സ്ക്കൂൾ ഞാറക്കോട്ടുകാവ് റോഡ്.

(37) കൂട്ടപ്പുര കോൽപാടം റോഡ്.

(38) കൂട്ടപ്പുര മുങ്ങപാടം റോഡ്.

(39) വാരിയത്തുപടി ഉക്കാനിക്കോട്ട് ശിവക്ഷേത്രം റോഡ്.

(40) കൂട്ടാല കോൽപാടം റോഡ്.

(41) വടക്കേപ്പുര മാരാംപറമ്പ് റോഡ്.

**വാർഡ് VI**

(42) നായാടികോളനി റോഡ്.

(43) തെക്കുംപുറം മുട്ടിക്കടവ് റോഡ്.

(44) ചേത്തക്കാട് റോഡ്.

(45) വെള്ളാട്ടുപടി കുന്ന് റോഡ്.

**വാർഡ് VII**

(46) കക്കോട് പാണ്ടിയോട് റോഡ്.

(47) അത്താണിപറമ്പ് തേനൂർ റോഡ്.

(48) അത്താണിപറമ്പ് വെട്ടിയാംകുഴി റോഡ്.

(49) കക്കോട് കല്ലംപറമ്പ് റോഡ്.

**വാർഡ് VIII**

(50) മാവുണ്ടത്തറ കമ്മാളംതറ പുള്ളോട്തറ റോഡ്.

(51) കോയ്ലത്ത് ഹരിജൻകോളനി റോഡ്.

(52) കനാൽ റോഡുമുതൽ മാനംകുളം ഹരിജൻ കോളനി റോഡ്.

**വാർഡ് IX**

(53) അമ്പലപ്പടി സ്ക്കൂൾ റോഡ്.

(54) കോട്ടാംപാറ സ്ക്കൂൾ റോഡ്.

(55) മന്നാടിയാർ തറ റോഡ്.

## നിർദ്ദേശങ്ങൾ

പഞ്ചായത്തുപ്രദേശത്തെ റോഡുകളുടെ സ്ഥിതി ഒട്ടും തൃപ്തികരമല്ല. ജവഹർ റോസ്ഗാർ യോജന, അൺടൈഡ് എന്നീ പദ്ധതികൾ പ്രകാരം അറ്റകുറ്റ പണികളും റീടാറിങ്ങും നടത്തുന്നുണ്ട്. ജവഹർ റോസ്ഗാർ യോജന സ്കീമിൽ കഴിഞ്ഞവർഷം 3,93,324.00 രൂപയും അൺടൈഡ് പദ്ധതിപ്രകാരം 1,79,024.00 രൂപയും റോഡുകൾക്കായി ചെലവഴിച്ചിട്ടുണ്ട്. എങ്കിലും ഈ പഞ്ചായത്തിലെ കൂടുതൽ ഗതാഗതമുള്ള കല്ലൂർ-മാങ്കുറുശ്ശി റോഡ് നാല് കി.മീ. ഉള്ളതിനാൽ മൂന്ന് കി.മീ. റീ ടാർചെയ്ത് താഗതയോഗ്യമാക്കാൻ കഴിഞ്ഞിട്ടില്ല. ആയത് അടിയന്തരമായും റീ ടാർ ചെയ്യണം. കൂടാതെ ഇരുമ്പിടി മുട്ടിക്കാട് റോഡ്, കാരാട്ടുപറമ്പ് പുറയത്ത് റോഡ്, പൂലോടി കിഴക്കേ പരിയശ്ശേരി റോഡ്, പണ്ടാരപറമ്പ് റോഡ്, ചെമ്മുക കോട്ട ഹരിജൻ കോളനി റോഡ്, കൊന്നയത്ത് കൂട്ടപ്പുര കണ്ണപരിയാരം റോഡ്, മാങ്കുറുശ്ശി മുട്ടുക്കടവ് റോഡ്, കൂരാത്ത് തരുവക്കോട്റോഡ്, കല്ലൂർ കൂട്ടപ്പുര റോഡ്, പുള്ളോട് തറ റോഡ് എന്നീ റോഡുകൾ അടിയന്തരമായും ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

മൂന്നാം വാർഡിലെ വെള്ളാംകുന്ന് മുണ്ടേക്കാവ് റോഡ്, കിഴക്കുംകര കൊയ്‌ലത്തും പടി റോഡ്, മുത്തംങ്ങാട് മാരാം പറമ്പ് റോഡ്, താവളം ചണ്ടേക്കോട് റോഡ്, കാരാട്ടുപറമ്പ് പുറയത്ത് റോഡ്, മങ്കര വെള്ളാംകോട് ചിറപാടം റോഡ് എന്നീ റോഡുകളെ വീതികൂട്ടി അഭിവൃദ്ധിപ്പെടുത്തുക.

തേനൂർ ഓട്ടുകമ്പിനിക്കു സമീപത്തുനിന്ന് മാങ്കുറുശ്ശി ഭാഗത്തേക്കു പോകുന്ന റോഡ് തുടക്കം പറളി പഞ്ചായത്തും കുറേഭാഗം മങ്കരയുടേതുമാണ്. രണ്ടു പഞ്ചായത്തുകളുടേയും ആയതുകാരണം ഈ റോഡിന് സംരക്ഷണം ലഭ്യമായിട്ടില്ല. ആയത് ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് ഏറ്റെടുത്തു മെറ്റൽ ചെയ്ത് ടാർചെയ്യുക (നിലവിലുള്ള റോഡുകൾ അളന്ന് തിട്ടപ്പെടുത്തുന്നതുകൊണ്ട് കയ്യേറ്റം ഒഴിവാക്കാവുന്നതാണ്.)

**പട്ടിക - II**

**പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതും പുനർനിർമ്മാണത്തിനും വേണ്ടിയുള്ള റോഡുകൾ**

| ക്രമ നമ്പർ | റോഡിന്റെ പേര് | ദൂരം |
|---|---|---|
| 1 | വെള്ളറോഡ്-കേരളശ്ശേരി റോഡ് (മങ്കര, മണ്ണൂർ, കേരളശ്ശേരി എന്നീ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നു) | 5. കി.മീ. |
| 2 | തേനൂർപുള്ളോട്, കേരളശ്ശേരി, കോങ്ങാട് റോഡ് (പറളി, മങ്കര, കേരളശ്ശേരി, കോങ്ങാട് എന്നീ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നു) | 10 കി.മീ. |
| 3 | അത്താണിപറമ്പ്-തേനൂർ ഓട്ടുകമ്പിനി റോഡ് (പറളി, മങ്കര പഞ്ചായത്തുകൾ ഉൾപ്പെട്ടത്) | 2 കി.മീ. |

ആലത്തൂർ, പാലക്കാട്. ഒറ്റപ്പാലം എന്നീ താലൂക്കുകളെ ബന്ധിപ്പിക്കുന്ന കുഴൽമന്ദം, മങ്കര റോഡിൽ ഭാരതപ്പുഴയിൽ കാളികാവ് ഭാഗത്ത് ഒരു പാലം നിർമ്മിക്കണമെന്ന ആവശ്യം വർഷങ്ങളോളം പഴക്കമുള്ളതും, പിരായിരി, കോട്ടായി, പറളി, പെരിങ്ങോട്ടുകുറുശ്ശി, മങ്കര എന്നീ പഞ്ചായത്തുകളിലെ ജനങ്ങളുടെ ഒരു പ്രധാനാവശ്യവുമാണ്. ഇക്കാര്യം നിവേദനങ്ങൾ വഴി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതുമാണ്. ഭാരതപ്പുഴയിൽ കാളികാവു ഭാഗത്ത് ഒരു പാലം നിർമ്മിക്കുന്നതിന് കേരളസർക്കാർ നടപടി സ്വീകരിക്കേണ്ടതാകുന്നു.

പാലക്കാട്-പത്തിരപ്പാല - കോങ്ങാടുവഴി കോഴിക്കോട്ടേക്ക് ഓടിയിരുന്ന KSRTC ബസ്സിന്റെ ഷെഡ്യൂൾ പുനരാരംഭിക്കുക. കല്ലൂർ - ചിറ്റൂർ റൂട്ടിൽ ഓടിയിരുന്ന കെ.എസ്.ആർ.ടി.സി. ഷെഡ്യൂൾ പുനരാരംഭിക്കിക.

മങ്കര റെയിൽവേസ്റ്റേഷൻ പാലക്കാട് റൂട്ടിൽ പുതുതായി ഒരു KSRTC ബസ് ഷെഡ്യൂൾ ആരംഭിക്കുക.

## VI ഊർജ്ജം

മങ്കര ഗ്രാമ പഞ്ചായത്തിൽ 1951 വർഷത്തിൽ വൈദ്യുതി എത്തി. നിലവിൽ എല്ലാവാർഡുകളിലും എത്തിയെന്നു പറയാമെങ്കിലും പലസ്ഥലങ്ങളിലും ഇനിയും വൈദ്യുതി എത്തിയിട്ടില്ല. എൺപത്തിയെട്ട് കാലഘട്ടംവരെ ഷൊർണ്ണൂർ സബ്സ്റ്റേഷൻ മുഖേനയാണ് വൈദ്യുതി എത്തിയതെങ്കിൽ പറളിയിൽ 110kV സബ്സ്റ്റേഷൻ നിലവിൽ വന്നതോടെ ഇപ്പോൾ പറളി സബ്സ്റ്റേഷന്റെ പരിധിയിൽ വരുന്നു. മങ്കര പഞ്ചായത്തിൽ 810 വൈദ്യുതി ഗുണഭോക്താക്കളുണ്ട്. വ്യവസായ ഉപയോഗം വളരെ കുറവാണ്. ഗാർഹികം, കാർഷികം എന്നീ ആവശ്യങ്ങൾക്കാണ് വൈദ്യുതി ഉപയോഗം കൂടുതലുള്ളത്. കണക്കുകളനുസരിച്ച് പഞ്ചായത്ത് പ്രദേശത്ത് 13 ട്രാൻസ്ഫോർമറുകളാണ് ഉള്ളത്.

**പട്ടിക - I**

**മങ്കര ഗ്രാമ പഞ്ചായത്ത്**

| വൈദ്യുതി ഉപയോഗം | ഗുണഭോക്താക്കൾ |
|---|---|
| 1 ഗാർഹികം | 650 |
| 2 കൃഷി | 44 |
| 3 വ്യവസായം | 17 |
| 4 വാണിജ്യം | 99 |

പഞ്ചായത്തുപ്രദേശത്ത് 164 ബൾബുകളും 24 സോഡിയം വിളക്കും 4 ട്യൂബ് ലൈറ്റുകളും തെരുവ് വിളക്കായി സ്ഥാപിച്ചിട്ടുണ്ട്.

## പ്രശ്നങ്ങളും, പരിഹാരങ്ങളും

1. വൈദ്യുതി ഗുണഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിന് 9 കി.മീ. ദൂരത്തിൽ ഉള്ള പറളി സെക്ഷൻ ഓഫീസ്സിൽ പോയി അടയ്ക്കേണ്ട പരിതസ്ഥിതിയാണ് നിലവിലുള്ളത്. ആയത് പരിഹരിക്കുന്നതിന് പഞ്ചായത്തിൽ ഒരു കളക്ഷൻ സെന്റർ ഏർപ്പെടുത്തുക.
2. നിലവിൽ വെദ്യുതി വോൾട്ടേജ് കുറവാണ്. ആയത് പരിഹരിക്കുന്നതിന് ആവശ്യമായ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
3. കാർഷിക ആവശ്യങ്ങൾക്കുള്ള വൈദുതി ലഭ്യമാക്കുന്നതിന് കാലതാമസം വരുന്നു. ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാകുന്നു.
4. ഹരിജൻ കോളനിയിൽ വൈദ്യുതി ലഭ്യതകുറവാണ്. കോളനികൾ യുദ്ധാകാലാടിസ്ഥാനത്തിൽ വൈദ്യുതി എത്തിക്കുക.
5. നിലവിൽ തെരുവ് വിളക്കുകൾക്കുള്ള വൈദ്യുതി ചാർജ്ജ് പഞ്ചായത്ത് അടയ്ക്കുന്നുണ്ടെങ്കിലും തെരുവ് വിളക്കുകൾ പലതും കത്താത്ത അവസ്ഥയാണ്. ആയത് പരിഹരിക്കാൻ തെരുവു വിളക്കുകൾ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരിക.
6. വൈദ്യുതി ലൈൻ ഉണ്ടെങ്കിലും തെരുവ് വിളക്കുകൾ സ്ഥാപിക്കുവാൻ സാധനങ്ങളുടെ വില പഞ്ചായത്ത് വഹിക്കണമെന്ന വ്യവസ്ഥ പൊതുജനങ്ങളുടെ ആവശ്യമാക്കി കണക്കിലെടുത്ത് ഒഴിവാക്കേണ്ടതാണ്.

### മങ്കര പഞ്ചായത്തിൽ വൈദ്യുതി ലഭ്യമല്ലാത്ത സ്ഥലങ്ങൾ

| വാർഡ് | സ്ഥലം |
|---|---|
| I | തൃപ്പംകുന്ന് ചുള്ളിപ്പാടം ഭാഗം.<br>ചിറപ്പാടം. |
| II | ചാത്തംകണ്ടം പരിയങ്ങാട്ട് ഭാഗം |
| III | കോട്ടക്കുന്ന്. |
| IV | താവളം ചണ്ടേക്കോട്ട് ഭാഗം<br>വെള്ളറോഡു പെരുംപാറ. |
| V | കൂട്ടപ്പുര പെരുമൺചിറ<br>വെള്ളാട്ടുപറമ്പ് കുനിയംപാടം<br>മാരാംപറമ്പ് കോളനി, മേലേപ്പുറം. |
| VI | മാങ്കുറുശ്ശി നായാടിക്കുന്നു<br>മാങ്കുറുശ്ശി ലക്ഷംവീട്<br>ചേത്തക്കാട്. |
| VII | നെല്ലിക്കാട്, കല്ലംപറമ്പ്<br>തരുവക്കോട്, കല്ലറാംഞ്ചി, മേപ്പാടം,<br>കിഴക്കുംകര, അത്താണിപറമ്പ്,<br>കവറത്തറ, ചേങ്ങോട്ടുതൊടി ഹരിജൻ കോളനി. |

| | |
|---|---|
| VIII | പുള്ളോടുതറ, മാനംകുളം ഹരിജൻ കോളനി. |
| IX | പുന്നക്കുറുശ്ശി, പൂപ്പാടം. |

മേൽ കാണിച്ച സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുക.

## താഴെ പറയുന്ന സ്ഥലങ്ങളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.

**വാർഡ് - I**

1 പത്തിരിപ്പാല കനാൽ വഴിയുള്ള റോഡ് തുടങ്ങുന്ന ഭാഗത്ത് ഒരു സോഡിയം വിളക്ക്.

2 ശിവക്ഷേത്രം ജങ്ഷൻ.

**വാർഡ് - II**

മഞ്ഞക്കര ചാത്തംകണ്ടം ഭാഗത്ത്

കോട്ടപ്പടി, ആശാരിതറ, പരിയങ്ങാട്ടു താവളം.

പുറയത്ത് വഴി, മഞ്ഞക്കര പരിയങ്ങാട്ട്.

**വാർഡ് - III**

ഹൈസ്ക്കൂൾ മുൻഭാഗത്ത് സോഡിയം വിളക്ക്

പഞ്ചായത്ത് വായനശാലക്ക് മുൻവശം.

തലേപ്പുള്ളി പറമ്പ് ഹരിജൻ കോളനി.

വെള്ളാംകുന്ന് ഹരിജൻ കോളനി.

കിഴക്കൻകര റോഡ്.

റെയിൽവേ സ്റ്റേഷൻ-സോഡിയം വിളക്ക്.

പണ്ടാരപറമ്പ് പതിയ പറമ്പ്.

**വാർഡ്-IV**

ചെമ്മുക - കോട്ട ലക്ഷം വീടുവരെ 8 തെരുവു വിളക്കുകൾ.

താവളം മുതൽ കോതകുളങ്ങര അമ്പലംവരെ തെരുവു വിളക്ക് സ്ഥാപിക്കണം.

( സ്ട്രീറ്റ് ലൈറ്റ് ലൈൻ ഉണ്ട് - വിളക്കുകൾ സ്ഥാപിക്കുക.)

**വാർഡ്-V**

മംഗലത്ത് പറമ്പ്, കൊന്നയത്ത് കൂട്ടപ്പുര.

IPP സെന്ററിനു സമീപം, മംഗലത്ത് പറമ്പ്, വള്ളോലി മുതൽ ഷൊർണ്ണൂർ റോഡുവരെ.

**വാർഡ്-VI**

തോണിപറമ്പ്

**വാർഡ്-VII**

ഓട്ടുകമ്പനി മുതൽ ചോങ്ങോട്ടുതൊടി.

കല്ലംപറമ്പ് കണ്ണത്താംപറമ്പ്,

മേപ്പാടം നെല്ലിക്കാട്, കല്ലറാഞ്ചി - കിഴക്കുംകര,

കൂരാത്ത്.

**വാർഡ്-VIII**

മാങ്കുറുശ്ശി ഓട്ടുകമ്പനി മുതൽ കല്ലൂർവരെ.

കൊയിലത്തുംപടി ഹരിജൻ കോളനി

മാനംകുളം ഹരിജൻ കോളനി

കമ്മാന്തറ പുള്ളോടുതറ.

**വാർഡ്-IX**

കല്ലൂർറോഡ്.

സ്ക്കൂൾറോഡ് കല്ലൂർ.

കൂട്ടപ്പുര.

അമ്പലപ്പടി.

അരങ്ങാട്.

മുക്കാട്ട് കുന്ന്.

പൊള്ളേക്കാട്.

## മാർക്കറ്റ്

മങ്കര ഗ്രാമ പഞ്ചായത്ത് കാർഷികോല്പന്നങ്ങൾ ഉണ്ടാക്കി ആയത് വിറ്റഴിക്കുന്നതിന് ഉതകുമാറുള്ള മാർക്കറ്റുകൾക്ക് 18 കി.മീ. ദൂരെയുള്ള പാലക്കാട്, 15 കി.മീ. ദൂരമുള്ള ഒറ്റപ്പാലം എന്നീ സ്ഥലങ്ങളിൽ എത്തിച്ച് വില്പന നടത്തുന്നരീതിയാണ് നിലവിലുള്ളത്. വ്യാപാരസ്ഥാപനങ്ങൾ പോലും വളരെകുറവായതിനാൽ കുടിൽ വ്യവസായ ഉല്പന്നങ്ങൾ എന്നിവ വിറ്റഴിയ്ക്കുന്നതിന്നു ഒരു മാർക്കറ്റ് പഞ്ചായത്തിൽ നിലവിൽ വരേണ്ടത് അത്യന്താപേക്ഷിതമാണ്.

# 5 (7) പാർപ്പിടവും, സാമൂഹ്യക്ഷേമവും

## പാർപ്പിടം

സാംസ്ക്കാരിക പൈതൃകം അവകാശപ്പെടാവുന്ന ഗ്രാമമാണെങ്കിലും അവയെപ്പറ്റിയുള്ള അറിവ് ഇന്നത്തെ തലമുറയ്ക്ക് വേണ്ടത്ര ഇല്ല. വിദ്യാഭ്യാസപരമായി ഇന്നത്തെ ജനത പിന്നോക്കമല്ലെങ്കിലും ഈ രംഗത്ത് ഇനിയും പുരോഗതി ആവശ്യമാണ്.

കൂലിപണി എടുത്ത് ഉപജീവനം നടത്തുന്ന സാദാരണ ജനങ്ങളാണ് പഞ്ചായത്തിൽ അധികവും. അതുകൊണ്ടുതന്നെ ഇടത്തരം വീടുകളും, കുടിലുകളുമാണ് അധികവും. ഭവനരഹിതരായ ജനങ്ങളും പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിലെ 9-വാർഡുകളിലായി 4085 വീടുകളാണുള്ളത്. ഇതിൽ 160- ഓളം കുടിലുകളാണ്. പഞ്ചായത്തിലെ വീടുകളിൽ കൂടുതലും ഓടുമേഞ്ഞവയാണ്. 75% വീടുകൾ ഇടത്തരം വീടുകളാണ്.

പഞ്ചായത്തുപ്രദേശങ്ങളിൽ പുതുതായി നിർമ്മിക്കുന്ന ഭൂരിഭാഗം വീടുകളും റോഡിനോടുചേർന്നും, കോൺക്രീറ്റ് കെട്ടിടങ്ങളുമാണ്. ഗൾഫ് പണത്തിന്റെ സ്വാധീനം വീടുനിർമ്മാണ രംഗത്ത് വളരെയധികമായി കാണുന്നു. ഇക്കാരണം കൊണ്ടാകാം ഭവനനിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റത്തിനു കാരണം. തന്മൂലം സാധാരണക്കാരന് ഭവനനിർമ്മാണം അസാധ്യമായിത്തീരുന്നു.

സാധാരണക്കാരന് വീടുനിർമ്മിക്കുന്നതിന് ആവശ്യമായ സാധനസാമഗ്രികളുടെ വിലവർദ്ധന താങ്ങാൻ കഴിയുന്നില്ല. ചിലവുകുറഞ്ഞ വീടുനിർമ്മിക്കുന്നതിന് ആവശ്യമായ സാധനസാമഗ്രികൾ പഞ്ചായത്തുപ്രദേശത്ത് ഉണ്ടാക്കാനുള്ള സംരംഭങ്ങൾ തുടങ്ങണം. സഹകരണ ബാങ്കുകളും, വാണിജ്യ ബാങ്കുകളും ഭവനനിർമ്മാണത്തിന് ഉദാരവ്യവസ്ഥയിൽ നിർമ്മാണത്തിനാവശ്യമായ വായ്പ നൽകണം. ഇതിനുവേണ്ടുന്ന നിയമനിർമ്മാണം സർക്കാർ ഉണ്ടാക്കുകയും ചെയ്യണം. കൂടാതെ ഭവനനിർമ്മാണ ബോർഡുവഴി നടപ്പിലാക്കുന്ന പദ്ധതികൾ പഞ്ചായത്തുവഴി ആക്കുന്നതിന് നിലവിലുള്ള നിയമനിർമ്മാണം ഭേദഗതി ചെയ്യേണ്ടതാണ്.

പഞ്ചായത്തിൽനിന്നും, ബ്ലോക്കിൽനിന്നുമായി മൊത്തം 201 വീടുകൾ പട്ടികജാതി വിഭാഗത്തിന് നിർമ്മിച്ചു നൽകിയിട്ടുണ്ട്. എന്നാൽ മറ്റു ദുർബല വിഭാഗങ്ങൾക്ക് വീടുവെക്കുന്നതിനോ, പുതുക്കിപണിയുന്നതിനോ സാമ്പത്തിക സഹായം വർദ്ധിപ്പിക്കേണ്ടതാണ്. ലഭിക്കുവാൻ വേണ്ട വഴികളും കണ്ടെത്തണം.

## പ്രശ്നങ്ങളും, പരിഹാരങ്ങളും

1. പഞ്ചായത്തിലെ 5, 6, 8, 9 - എന്നീ വാർഡുകളിൽ ലക്ഷംവീടു കോളനിക്കായി ഏറ്റെടുത്ത സ്ഥലത്ത് എത്രയും വേഗം വീടുകൾ അനുവദിക്കേണ്ടതാണ്.
2. പഞ്ചായത്തുതലത്തിൽ ഭവനനിർമ്മാണ സഹകരണ സംഘം ആരംഭിക്കുക.
3. സർക്കാർ ലഭ്യമാക്കുന്ന വായ്പക്കുള്ള സാങ്കേതികവും, സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.
4. ഭവനനിർമ്മാണ ബോർഡ് അനുവദിക്കുന്ന വായ്പാ അപേക്ഷകളും, വായ്പയും ഗ്രാമ പഞ്ചായത്തുവഴി വിതരണം ചെയ്യുക.
5. വായ്പയ്ക്കുള്ള കാലതാമസം ഒഴിവാക്കുക.
6. ചെലവുകുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുകയും, വീടുനിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്നതിന് പ്രോത്സാഹനം നൽകുകയും ചെയ്യുക.
7. സർക്കാർ ലഭ്യമാക്കുന്ന ഭവനനിർമ്മാണ വായ്പകൾ കാലോചിതമായി വർദ്ധിപ്പിക്കുക.

a. IAY, MWS, JRY എന്നീ പദ്ധതികൾക്കുള്ള തുക വർദ്ധിപ്പിക്കുക.

b. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുക.

8. മങ്കര ഗ്രാമ പഞ്ചായത്തിൽ ആറാം വാർഡിലെ നായാടികോളനിയിൽ സർക്കാരിന്റെ സ്ഥലമുണ്ട്, ആയതിനാൽ വീടു നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുക.
9. മൈത്രീ ഭവന പദ്ധതി വ്യാപിപ്പിക്കുക.

ഭവന രഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ അവർക്ക് പ്രാഥമികമായും ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലുള്ള പുറമ്പോക്ക് ഭൂമി ഇതിനായി ഉപയോഗപ്പെടുത്തേണ്ടതാണ്. ഭൂരഹിതർക്ക് 5 സെന്റ് ഭൂമി വീതം സൗജന്യമായി നൽകാനും അവിടങ്ങളിൽ കേന്ദ്രപൊതു സ്ഥാപനങ്ങളിലൂടെ ഏറ്റവും ചുരുങ്ങിയ പലിശക്ക് വായ്പ ലഭ്യമാക്കാനും, വീടിന്റെ നിർമ്മാണം നിർമ്മിതികേന്ദ്രം തുടങ്ങിയ ഏജൻസികളെകൊണ്ട് നടത്തിക്കുവാനും, ഇതിൽ ഗുണഭോക്താക്കളുടേയും, സന്നദ്ധ-യുവജന സംഘടനകളുടേയും പരമാവധി മനുഷ്യാദ്ധ്വാനം ഉപയോഗപ്പെടുത്തുവാനുംകഴിയേണ്ടതാണ്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം പഞ്ചായത്തിന് നൽകേണ്ടതാണ്.

നമ്മുടെ ലക്ഷ്യം രണ്ടായിരം ആണ്ടോടുകൂടി "എല്ലാവർക്കും ഭവനം" എന്ന മുദ്രാവാക്യം ആകട്ടെ. അതിന് എല്ലാ രാഷ്ട്രീയ-സാമൂഹ്യ സംഘടനകളുടേയും, ഗവൺമെന്റ് ഏജൻസികളുടേയും ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിനായി നമുക്ക് ശ്രമിക്കാം.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും, സംഘടിത-അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളുമാണ് നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ വഹിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും, തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കുന്നവയുമായി ഇതിനെ രണ്ടായി തരംതിരിക്കാം.

പട്ടികജാതി വികസനത്തിനായി പട്ടികജാതി വികസന കോർപ്പറേഷനും, വനിതകളുടെ പുരോഗതിക്കായി വനിതാവികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ കോർപ്പറേഷനുകൾ

മുഖാന്തിരം ഉണ്ടാകേണ്ട പ്രസ്തുത വിഭാഗത്തിന്റെ പുരോഗതിയിൽ കാര്യമാത്രമായ വികസനം ഇനിയും ഉണ്ടായിട്ടില്ല. ആയതിനുള്ള പ്രധാന കാരണം നിലവിലുള്ള പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മയും ആണെന്നുള്ള അഭിപ്രായങ്ങളുമുണ്ട്. കൂടാതെ ആവശ്യത്തിനും, സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്തു പറയേണ്ടതുണ്ട്.

പട്ടികജാതി വികസന കോർപ്പറേഷൻ ജില്ലാതലത്തിലും, താലൂക്കു തലത്തിലും പ്രവർത്തിക്കുന്നു. വനിതാവികസന കോർപ്പറേഷൻ ആസ്ഥാനം തലസ്ഥാനത്തും. ഇതുവഴിയുള്ള വികസന പ്രവർത്തനങ്ങളിൽ പലതും അറിയാൻ കഴിയാത്ത അവസ്ഥയാണ്. വികസന പ്രവർത്തനങ്ങളുടെ ചെറിയ രീതിയിലുള്ളവ മാത്രം ബ്ലോക്ക് പഞ്ചായത്തിൽ എത്തുമ്പോഴേക്കും വർഷാവസാനമാവുകയും പദ്ധതികൾ പലതും അതിന്റെ ഉദ്ദേശ ലക്ഷ്യത്തിൽ എത്താൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്നു.

പാലക്കാട് ബ്ലോക്കിന്റെ പരിധിയിൽ വരുന്ന മങ്കര പഞ്ചായത്തിൽ 1992-93 ലെയും 1994-95 വർഷത്തെ അഡീഷണൽ സർവ്വേ ലിസ്റ്റ് പ്രകാരം 1349 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണ്. ഇതിൽ 483 കുടുംബങ്ങൾ പട്ടികജാതിയിൽ പെട്ടവരാണ്.

ഈ പദ്ധതിയെക്കുറിച്ചുള്ള സർക്കാരിന്റെ നിർവ്വചനം കാലോചിതമായ മാറ്റത്തിന് വിധേയമായി. ദാരിദ്ര്യരേഖയുടെ വരുമാന പരിധി ഉയർത്തേണ്ടതാണ്. കൂടാതെ തിരഞ്ഞെടുക്കപ്പെടുന്ന രീതിയിൽ മാറ്റവും. സർവ്വേ ലിസ്റ്റ് രണ്ടുവർഷത്തിലൊരിക്കലെങ്കിലും പുതുക്കേണ്ടതുമാണ്. തിരഞ്ഞെടുക്കേണ്ടതുമാണ്.

IRDP പോലുള്ള വായ്പാപദ്ധതി ദേശസാൽകൃത ബാങ്കുകളെപ്പോലെ തന്നെ സഹകരണ ബാങ്കുകൾക്ക് ഫണ്ട് ലഭ്യമാക്കി ഈ മേഖലയിൽ ഗുണഭോക്താക്കളെ പരമാവധി സഹായിക്കാൻ ജില്ലാ-സംസ്ഥാന സഹകരണ ബാങ്കുകൾ വഴി നടപടി സ്വീകരിക്കണം.

DWCRA- സഹായ പദ്ധതി ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്നു. ഈ പദ്ധതി സ്ത്രീകൾക്ക് തൊഴിൽ ലഭ്യത കൂടുതലാക്കുന്നതാണെന്നതിനാൽ ഈ പദ്ധതിയയെ കുറിച്ചുള്ള അറിവ് ലഭ്യമാക്കുന്നതിന് ബോധവൽക്കരണം പഞ്ചായത്തു മുഖേന നടത്തി കൂട്ടായ തൊഴിൽ സംരംഭങ്ങൾ നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കേണ്ടതുണ്ട്.

**പട്ടിക - I**

**മങ്കര ഗ്രാമ പഞ്ചായത്ത് ഭവനരഹിതരായ കുടുംബങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരം.**

| വാർഡ് | കുടുംബങ്ങളുടെ എണ്ണം |
|---|---|
| 1 | 25 |
| 2 | 10 |
| 3 | 8 |
| 4 | 26 |
| 5 | 11 |
| 6 | 20 |
| 7 | 30 |
| 8 | 25 |
| 9 | 22 |
| ആകെ | 177 |

18 മുതൽ 35 വ.സ്സുവരെയുള്ള യുവതീയുവാക്കൾ സ്വയം തൊഴിൽ പരിശീലനം നൽകുന്ന ട്രൈസം പദ്ധതി പ്രകാരം മങ്കര പഞ്ചായത്തിൽ പാലക്കാട് ബ്ലോക്കിന്റെ കീഴിൽ 94-95 വർഷം മുതൽ 95-96 വർഷം വരെ 7 പേർക്ക് പരിശീലനം നൽകുകയുണ്ടായി. ഓരോ പ്രദേശത്തിനും അനുയോജ്യമായ തൊഴിലിൽ പരിശീലനം നൽകുവാനും, പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കാൻ സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടതാണ്. ഇതുവഴി പരിശീലനം ലഭിച്ചവർക്ക് തുടർന്ന് യോഗ്യതാടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ല എന്നത് ഈ പദ്ധതിയുടെ ഒരു പോരായ്മയാണ്. ഈ പദ്ധതിപ്രകാരം കൂടുതൽ പേർക്ക് പരിശീലനം നൽകി സാമ്പത്തിക സഹായം ലഭ്യമാക്കി സ്വയം തൊഴിൽരംഗം വികസിപ്പിക്കണം.

**പട്ടിക - II**

**ട്രൈസം പരിശീലനം ലഭ്യതാ പട്ടിക**

| വർഷം | എണ്ണം |
|---|---|
| 94-95 | 4 |
| 95-96 | 3 |
| ആകെ | 7 |

ഗ്രാമീണ കൈതൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാകുന്ന പദ്ധതിയാണ് ടൂൾകിറ്റ്. പാലക്കാട് ബ്ലോക്കിന്റെ പരിധിയിലുള്ള മങ്കര ഗ്രാമ പഞ്ചായത്തിൽ 92-93 മുതൽ 95-96 വരെ 30 പേർക്ക് ടൂൾകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ ധനസഹായം നൽകുന്ന CRSP പദ്ധതിയിൽ 93-94 മുതൽ 95-96 വരെയുള്ള കാലയളവിൽ നമ്മുടെ പഞ്ചായത്തിൽ 121 കക്കൂസ് അനുവദിച്ചു. അനുവദിക്കുന്ന തുകയുടെ ലഭ്യത കുറവ് നിർമ്മാണ ചെലവ് വർദ്ധിച്ച സാഹചര്യം കാരണം പദ്ധതി പ്രകാരം കക്കൂസ് നിർമ്മിക്കുവാൻ ഗുണഭോക്താക്കൾക്ക് കഴിയുന്നില്ലെന്ന് അഭിപ്രായമുണ്ട്. അതിനാൽ അനുവദിക്കുന്ന തുക വർദ്ധിപ്പിക്കണം. പരിസര ശുചീകരണം ആരോഗ്യ പരിപാലനത്തിന്റെ മുഖ്യഘടകമെന്ന നിലക്ക് ഓരോ വീടിനും ഓരോ കക്കൂസ് അനിവാര്യമായതിനാൽ കക്കൂസ് നിർമ്മാണ പരിപാടി വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ് എന്ന് ഗ്രാമസഭകളിൽ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

സാമൂഹ്യക്ഷേമ രംഗത്ത് റവന്യൂ വകുപ്പു മുഖേന വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹത്തിന് സാമ്പത്തിക സഹായത്തിനുള്ള പദ്ധതി വിധവ, അഗതി എന്നീ പെൻഷനുകൾ എന്നിവയാണ് ഇപ്പോൾ പഞ്ചായത്തിലൂടെ ലഭ്യമാക്കുന്നത്.

വിധവാ പെൻഷൻ 80 എണ്ണവും, അഗതി പെൻഷൻ 47 എണ്ണവും മങ്കര പഞ്ചായത്ത് പ്രദേശത്ത് അനുവദിച്ചിട്ടുണ്ട്. അർഹതപ്പെട്ട പലർക്കും പെൻഷൻ ലഭിക്കുന്നില്ല എന്ന പരാതി ഗ്രാമസഭകളിൽ അഭിപ്രായപ്പെട്ടിരുന്നു. പഞ്ചായത്ത് മുഖേന അപേക്ഷ പരിഗണിച്ച് യുക്തമായ നടപടി സ്വീകരിയ്ക്കാമെന്ന് നിയമവ്യവസ്ഥയുണ്ടെങ്കിലും വരുമാന സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസ്സിൽ നിന്ന് ലഭ്യമാക്കുമ്പോൾ പലർക്കും പെൻഷൻ നിഷേധിക്കപ്പെടുന്നു. അതിനു പരിഹാരമെന്നോണം അർഹതപ്പെട്ടവർക്ക് പെൻഷൻ നൽകുവാൻ പഞ്ചായത്ത് ഭരണ സമിതികൾക്ക് വിവേചനാധികാരം നൽകണം. വിധവകളുടെ മക്കളുടെ വിവാഹത്തിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നതിന് കാലതാമസം വരുന്നതായി പാരതിയുണ്ട്. അപേക്ഷ പഞ്ചായത്തിൽ പരിഗണിച്ച് വിവാഹത്തിനു മുമ്പ് ലഭ്യമാക്കണം.

പട്ടിക - III

പട്ടികജാതിക്കാർക്ക് ലഭ്യമാക്കിയ വീടുകളുടെ വിവരങ്ങൾ

| വർഷം | IAY | MWS | JRY | ആകെ |
|---|---|---|---|---|
| 89-90 | 2 | 3 | 48 | 53 |
| 90-91 | 6 | 3 | 16 | 25 |
| 91-92 | 2 | 6 | 16 | 24 |
| 92-93 | 9 | 2 | 11 | 22 |
| 93-94 | 8 | 6 | 10 | 24 |
| 94-95 | 3 | 16 | 3 | 22 |
| 95-96 | 9 | 13 | 7 | 29 |
| | | | | 199 |

വികലാംഗ പെൻഷന് വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ജില്ലാ ആശുപത്രികളിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി പരാതിയുണ്ട്.

കർഷക തൊഴിലാളി പെൻഷൻ പദ്ധതി ജില്ലാ പഞ്ചായത്ത് മുഖേന അനുവദിക്കുന്നതാകയാൽ കാലതാമസം ഒഴിവാക്കണമെന്ന അഭിപ്രായമുണ്ട്. പഞ്ചായത്ത് തിരഞ്ഞെടുക്കുന്ന അർഹരായവരുടെ ലിസ്റ്റ് പരസ്യപ്പെടുത്തേണ്ടതാണ്.

## അംഗൻവാടികൾ

സാമൂഹ്യക്ഷേമ രംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ച വെക്കുന്ന അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിൽ 9 വാർഡുകളിലായി 21 എണ്ണം പ്രവർത്തിക്കുന്നുണ്ട്.

ആയിരം ജനങ്ങൾക്ക് ഒരു അംഗൻവാടി എന്നാണ് ICDS ന്റെ ലക്ഷ്യമെങ്കിലും അത് ഈ പഞ്ചായത്തിൽ നിറവേറ്റപ്പെട്ടിട്ടില്ലെന്ന് പറയാം. അംഗൻവാടികളിൽ പ്രാഥമിക സൗകര്യത്തിന്റെ അഭാവം, പുത്തൻ വിദ്യാഭ്യാസ സംസ്ക്കാരത്തിന്റെ കടന്നുകയറ്റം എന്നിവ ജീവനക്കാരിൽ പ്രയാസവും രക്ഷിതാക്കളിൽ അസന്തുഷ്ടിയും ഉളവാക്കുന്നു.

സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത പതിനാല് അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അംഗൻവാടികൾക്കാവശ്യമായ സ്ഥലങ്ങൾ കണ്ടെത്തേണ്ടതുണ്ട്. സ്ഥലം ലഭ്യമാക്കി കെട്ടിടം കെട്ടത്തക്ക സാമ്പത്തികശേഷി പഞ്ചായത്തിനില്ല എന്ന കാര്യം പ്രത്യേകം പറയത്തക്കതാണ്. അംഗൻവാടികളിൽ കളിപ്പാട്ടങ്ങളില്ലായ്മ ശ്രദ്ധിക്കപ്പെടണം. ഓരോ അംഗൻവാടികളിലും ഒരു വർക്കർ, ഒരു ഹെൽപ്പർ എന്നീ തസ്തികകളാണുള്ളത്. അംഗൻവാടികളുടെ പ്രവർത്തനം കുറെക്കൂടി കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാകുന്നു.

## പട്ടിക - I

## മങ്കര ഗ്രാമപഞ്ചായത്തിലുള്ള - അംഗനവാടികൾ

| ക്രമ നമ്പർ | അംഗനവാടി നമ്പർ | അംഗനവാടിയുടെ പേര് | കെട്ടിടം സംബന്ധിച്ച വിവരം | വാടക കെട്ടിടം |
|---|---|---|---|---|
| 1 | 88 | അതിർക്കാട് | - | വാടക കെട്ടിടം |
| 2 | 89 | പരിയശ്ശേരി | സ്വന്തം കെട്ടിടം | - |
| 3 | 90 | പൂലോടി | - | വാടകകെട്ടിടം |
| 4 | 91 | റെയിൽവേസ്റ്റേഷൻ | - | വാടകകെട്ടിടം |
| 5 | 92 | മങ്കര | സി.പി.ഡബ്ല്യു.പി. കെട്ടിടം | - |
| 6 | 93 | കാരാട്ടുപറമ്പ് | - | വാടകകെട്ടിടം |
| 7 | 94 | കണ്ണംബരിയാരം | സ്വന്തംകെട്ടിടം | - |
| 8 | 95 | മാരാംപറമ്പ് | സ്വന്തംകെട്ടിടം | - |
| 9 | 96 | കുനിയംപാടം | സ്വന്തംകെട്ടിടം | - |
| 10 | 97 | മാങ്കുറുശ്ശി | - | വാടകകെട്ടിടം |
| 11 | 98 | തരുവക്കോട് | - | വടകകെട്ടിടം |
| 12 | 99 | കാവപ്പുര | സ്വന്തം കെട്ടിടം | - |
| 13 | 100 | ഭരതക്കാട് | - | വാടകകെട്ടിടം |
| 14 | 101 | കല്ലൂർ | സി.പി.ഡബ്ല്യു.പി. കെട്ടിടം | - |
| 15 | 102 | പന്നിപറമ്പ് | - | വാടകകെട്ടിടം |
| 16 | 103 | മന്ദാടിയാർതറ | - | വാടകകെട്ടിടം |
| 17 | 104 | ചേത്തക്കാട് | - | വാടകകെട്ടിടം |
| 18 | 105 | പുള്ളോട് | - | വാടകകെട്ടിടം |
| 19 | 206 | കുന്നംപറമ്പ് | - | വാടകകെട്ടിടം |
| 20 | 278 | കോട്ടയിൽ | - | വാടകകെട്ടിടം |
| 21 | 280 | പതിയപറമ്പ് | - | വാടകകെട്ടിടം |

സാമൂഹ്യ രംഗത്ത് വളരെകാലമായി പിന്നിലായിരുന്ന സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലിലൂടെ മുന്നോട്ടു കൊണ്ടുവന്നാലേ പൊതുജീവിതത്തിലും തൊഴിൽ മേഖലയിലും അവർക്ക് അർഹമായ പങ്കുവഹിക്കാൻ കഴിയുകയുള്ളു. ഏറ്റെടുത്ത ജോലികൾ ഭംഗിയായും ഉത്തരവാദിത്തത്തോടെയും നിറവേറ്റുവാൻ സ്ത്രീകൾക്കു കഴിയുമെങ്കിലും പൊതുവെ ജോലികൾ ഏറ്റെടുക്കുവാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും ഉത്തരവാദിത്വം ഏല്പിക്കാനുള്ള താല്പര്യക്കുറവ് പുരുഷന്മാരുടെ ഭാഗത്തുമുണ്ട്. സ്ത്രീകൾക്കിടയിൽ ആത്മവിശ്വാസമില്ലായ്മ പ്രധാന പ്രശ്നമാണ്. മനുഷ്യകുലത്തിലെ പകുതിയിലേറെ വരുന്ന വിഭാഗമാണ് തങ്ങളെന്നും പുരുഷന്മാർക്കുള്ള അധികാര അവകാശങ്ങൾ തങ്ങൾക്കും ലഭിക്കണമെന്നും സ്ത്രീകൾക്ക് സ്വയം തോന്നേണ്ടിയിരിക്കുന്നു. ജീവിതത്തിൽ സമസ്തമേഖലകളിലും പുരുഷനോടൊപ്പം നിൽക്കുവാനുള്ള ബുദ്ധിയും കഴിവും സ്ത്രീകൾ ആർജ്ജിച്ചിട്ടുണ്ടെങ്കിലും അതു പ്രകടിപ്പിക്കാനുള്ള തന്റേടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു.

സാമൂഹ്യരംഗത്തും, പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ അവർക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. കഴിയുന്നത്ര സ്ത്രീകളെ തങ്ങളുടെ നേതൃനിരയിൽ കൊണ്ടുവരുന്നതിന് രാഷ്ട്രീയ സാംസ്ക്കാരിക സംഘടനകൾ ശ്രമിക്കണം. പൊതുപ്രവർത്തന രംഗത്ത് മുൻപരിചയമുള്ള സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങൾ പുതിയതലമുറയുമായി പങ്കുവെക്കുകയും അങ്ങനെ അവരിൽ ആത്മവിശ്വാസം ഉണ്ടാക്കുകയും വേണം. വനിതകളുടെ മാത്രമായ സംഘടനകൾക്ക് നേതൃത്വം കൊടുക്കുകയും അവർക്ക് സ്വയം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാനുള്ള സഹായം നൽകുകയും വേണം.

സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്ത്രീകളുടേതായ തൊഴിൽയൂണിറ്റുകളും സഹകരണ സംരംഭങ്ങളും തുടങ്ങേണ്ടിയിരിക്കുന്നു. അതിനുള്ള സാദ്ധ്യത പഞ്ചായത്തിലേറെയാണ്. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം സ്ത്രീകൾക്ക് തൊഴിൽസാദ്ധ്യത ഏറെയുള്ള മേഖലയാണ്. മധുരപലഹാരങ്ങളുണ്ടാക്കി പാക്ചെയ്യും, അച്ചാർ, പപ്പടനിർമ്മാണം എന്നിവ ഉല്പാദിപ്പിച്ച് സഹകരണാടിസ്ഥാനത്തിൽ വിപണനമേഖല കണ്ടെത്തിയാൽ തൊഴിൽസാദ്ധ്യത വർദ്ധിപ്പിക്കാൻ കഴിയും. ചാരായ നിരോധനം സ്ത്രീകൾ അംഗീകരിച്ചതായി ഗ്രാമസഭകളിൽ അഭിപ്രായം വന്നിട്ടുണ്ട്.

## നിർദ്ദേശങ്ങളും, പരിഹാരങ്ങളും

1. ഉല്പാദനപരമായ സ്വയംതൊഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൾക്കിടയിൽ സംഘടിപ്പിക്കുവാൻ മുൻകൈ എടുക്കുക.
2. വിഭവസാദ്ധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.
3. തുല്യജോലിക്ക് തുല്യവേതനം നടപ്പിലാക്കുവാൻ ശ്രദ്ധിക്കുക.
4. തൊഴിലവസരങ്ങൾ, തൊഴിൽനിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുക.
5. മഹിളാ തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായം ഉദാരവൽക്കരിച്ച് ലഭ്യമാക്കുക.
6. അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ വിനോദത്തിനും, വിശ്രമത്തിനും, ആരോഗ്യത്തിനും വേണ്ടുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തുക.
7. സ്ക്കൂളുകളിലും, പാഠ്യേതര മേഖലകളിലും പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാനാവശ്യമായ സഹായം ചെയ്യുക.

'കഴിഞ്ഞ രണ്ടുതവണ മുഖ്യമന്ത്രിയായിരുന്നപ്പോഴും ഞാൻ ആഗ്രഹിച്ചിരുന്ന ഒരു സംഭവമുണ്ട്. കക്ഷിരാഷ്ട്രീയാതീതമായ ഒരു വികസന സംസ്കാരമാണത്. നിർഭാഗ്യവശാൽ എനിക്കതിനു സാധിച്ചില്ല. ഇപ്പോൾ ഇത്തരമൊരു സൗഹൃദാന്തരീക്ഷം തെളിഞ്ഞുവരുന്നതു കാണുമ്പോൾ വികസന രംഗത്ത് വിപുലമായ ഐക്യം എന്ന ആശയം എല്ലാ കാലത്തും വെച്ചു പുലർത്തുന്ന എന്നെ സംബന്ധിച്ചിടത്തോളം വളരെ സന്തോഷമുള്ള കാര്യമാണ്. കാരണം; കേരളത്തെ സംബന്ധിച്ചിടത്തോളം ഇനിയെങ്കിലും നാം അനുഭവത്തിൽ നിന്ന് പഠിക്കണം.'

- ശ്രീ. എ.കെ.ആന്റണി
ബഹു: പ്രതിപക്ഷ നേതാവ്

## 5 (10) സഹകരണം

1904 ലെ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ (കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് 1904) രൂപീകൃതമായ കാർഷിക വായ്പ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണപ്രസ്ഥാനം തുടക്കം കുറിക്കുന്നത്. 1957 കാലഘട്ടത്തിൽ രൂപംകൊണ്ട സംഘമാണ് മങ്കര സർവ്വീസ് സഹകരണ ബാങ്ക്. മങ്കര സർവ്വീസ് സഹകരണ ബാങ്കിന്റെ ആദ്യത്തെ പ്രസിഡന്റ് യശ:ശരീരനായ ചേറ്റൂർ രാമൻകുട്ടി നായരായിരുന്നു.

മങ്കര പഞ്ചായത്തിൽ 8, 1, 5 എന്നീ മൂന്നു വാർഡുകളിലായി മൂന്ന് ക്ഷീരോല്പാദന സഹകരണ സംഘങ്ങൾ (ആപ്കോസ്) പ്രവർത്തിച്ചുവരുന്നു.

ഈ പഞ്ചായത്തു പ്രദേശത്തെ മങ്കര സഹകരണ ബാങ്കിൽ ആകെ 3825 അംഗങ്ങളുണ്ട്. 18,50,000 രൂപ അംഗീകൃത മൂലധനത്തോടുകൂടി പ്രവർത്തിച്ചു വരുന്നു. ഹ്രസ്വകാല ദീർഘകാല നിക്ഷേപങ്ങൾ സ്വീകരിക്കുക, ഹ്രസ്വകാല മദ്ധ്യകാല കാർഷിക വായ്പകൾ നൽകൽ, രാസവളം, കീടനാശിനി വിതരണം, സ്വർണ്ണാഭരണത്തിന്മേൽ വായ്പ എന്നീ പ്രവർത്തനങ്ങൾ ബാങ്ക് നടത്തുന്നു. ഇതല്ലാതെ വികസനപരമായ പ്രവർത്തനങ്ങൾക്ക് ബാങ്ക് മുൻപോട്ടുവരുന്നില്ലെന്ന് അഭിപ്രായമുണ്ട്. കൂടാതെ മങ്കര സർവ്വീസ് ബാങ്കിൽ നിന്നും തൃപ്തികരമായ രീതിയിൽ സേവനം ലഭിക്കുന്നില്ലെന്ന് ഗ്രാമസഭകളിൽ അഭിപ്രായമുണ്ട്.

### വിവിധമേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

1. എല്ലാ കർഷകരേയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക.
2. സഹകരണ സ്ഥാപനങ്ങളെ ചിട്ടി ആക്ടിലെ വ്യവസ്ഥ ലഘൂകരിച്ച് സർക്കാർ നിയമനിർമ്മാണം ഉണ്ടാക്കി സഹകരണ സ്ഥാപനങ്ങൾ മുഖാന്തിരം ചിട്ടി ഇടപാടുകൾ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
3. ഓരോ കർഷകനും ഒരു വർഷത്തേക്ക് ആവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിനു മുമ്പുതന്നെ പാസ്സാക്കി കർഷകർക്ക് ക്രെഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുക.
4. കാർഷികാവശ്യത്തിനായി നബാർഡിൽ നിന്നും കൺസെഷണൽ ഫൈനാൻസ് കൃത്യമായും അനുവദിച്ചു കിട്ടുന്നതിന് നടപടിയെടുക്കുക.
5. വ്യക്തികൾക്ക് അനുവദിക്കുന്ന കാർഷിക വായ്പയുടെ പരിധി ഉയർത്തേണ്ടതാണ്.
6. കാർഷികോല്പന്നങ്ങൾ സംഭരിക്കുവാൻ സംവിധാനം ഉണ്ടാകണം.
7. കേരവികസനത്തിന് തെങ്ങുകൃഷിക്കാരുടെ സഹകരണസംഘം രൂപീകരിക്കേണ്ടതാണ്.
8. അർഹതപ്പെട്ട വ്യക്തികൾക്ക് അംഗത്വം ലഭിക്കുന്നില്ല എന്ന ആരോപണം ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. അർഹരായ എല്ലാവർക്കും അംഗത്വം ഉറപ്പു വരുത്തണം.

9. സഹകരണ ബാങ്കുകളിൽ ലഭിക്കുന്ന നിക്ഷേപത്തിന്റെ 60% തുകയും ഉല്പാദനമേഖലയിൽ അനുവദിക്കേണ്ടതാണ്.

10. പഞ്ചായത്ത്തോറും ഹരിജൻ സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.

## ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ

മങ്കര പഞ്ചായത്തു പ്രദേശത്തുള്ള മൂന്ന് ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്. അപ്കോസ് സഹകരണ സംഘങ്ങളാണ്.

### ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ

| | |
|---|---|
| (1) | പൂലോടി ക്ഷീരവ്യവസായ സഹകരണ സംഘം. |
| (2) | കണ്ണമ്പരിയാരം ക്ഷീരവ്യവസായ സഹകരണ സംഘം. |
| (3) | കല്ലംകാട് ക്ഷീരവ്യവസായ സഹകരണ സംഘം. |

കർഷകരും, കർഷകതൊഴിലാളികളുമുള്ള ഇപ്രദേശത്ത് ക്ഷീരവ്യവസായ രംഗത്ത് പുരോഗതി കൈവരിക്കാൻ കഴിയും. കല്ലൂർ ക്ഷീരവ്യവസായ സഹകരണ സംഘത്തിൽ ക്ഷീര കർഷകരെ ചേമ്പർമാരായി ചേർക്കുന്നില്ലായെന്ന പരാതി ഗ്രാമസഭകളിൽ അഭിപ്രായം ഉയർന്നു വന്നിട്ടുണ്ട്. ക്ഷീരോല്പാദകരെ മെമ്പർമാരായി ചേർത്ത് ആസ്ഥി വർദ്ധപ്പിക്കേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1. കാലിത്തീറ്റ വിതരണത്തിനായി ഓരോ സംഘത്തിലും സംവിധാനം ഉണ്ടാക്കണം.
2. നല്ലയിനം കറവുമാടുകളെ അംഗങ്ങൾക്കു ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.
3. കന്നുകാലികളുടെ സംരക്ഷണത്തിനായി മൃഗസംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനം തക്കസമയത്ത് ലഭ്യമാക്കുകയും, വാർഡുതോറും ചർച്ചാക്ലാസ്സുകൾ സംഘടിപ്പിക്കുകയും വേണം.
4. മൃഗാശുപത്രികളിൽ ഡവലപ്മെൻര് കമ്മിറ്റികൾ രൂപീകരിക്കുക.
5. പഞ്ചായത്ത് തലത്തിലും, ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ക്ഷീരവികസനത്തിന് ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ ക്ഷീരസംഘങ്ങൾ മുഖാന്തിരം വിതരണ് ചെയ്യുക.

## നിർദ്ദേശങ്ങളും, പരിഹാരങ്ങളും.

1. പഞ്ചായത്തിൽ കെട്ടിടങ്ങളില്ലാത്ത അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം കെട്ടുന്നതിന് സ്ഥലം ലഭ്യമാക്കുക.
2. പഞ്ചായത്ത് പ്രദേശത്ത് പുറംപോക്കുകളിൽ കെട്ടിടം കെട്ടുവാൻ സർക്കാർ അനുമതി നൽകുക.
3. DWCRA-യൂണിറ്റുകൾക്കു നൽകുന്ന ഫണ്ടിന്റെ നിശ്ചിതശതമാനം കളിപ്പാട്ടങ്ങൾ വാങ്ങുവാൻ നൽകുക.
4. അംഗൻവാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാരത്തിന് നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക.
5. അനർട്ടിന്റെ അടുപ്പുകൾ അംഗൻവടികൾക്ക് ലഭ്യമാക്കുക.
6. പൊതുപ്രവർത്തനങ്ങളിൽ അംഗൻവാടി വർക്കർമാരേയും, ഹെൽപ്പർമാരേയും സജീവമാക്കുവാൻ ബോധവൽക്കരണം നടത്തുക.

### പൊതുവിതരണം

മങ്കര ഗ്രാമപഞ്ചായത്തിൽ സിവിൽ സപ്ലൈസ്സ്-കോർപ്പറേഷൻ വക മാവേലിസ്റ്റോർ ഒന്നും തന്നെ നിലവിലില്ല. ആയതിനാൽ ഒരു സിവിൽസപ്ലൈസ്സ് മാവേലിസ്റ്റോർ അനുവദിക്കണം. ഒരു സഹകരണ ബാങ്ക്മാത്രമാണ് നിലവിലുള്ളത്. സഹകരണ ബാങ്കിന്റെ ഓരോ പൊതുവിതരണ സ്റ്റോർ തുടങ്ങുന്നതിന് സഹകരണ വകുപ്പ് നടപടി സ്വീകരിക്കേണ്ടതുണ്ട്. പഞ്ചായത്തിലാകെ അഞ്ച് റേഷൻ ഷാപ്പുകളാണുള്ളത്. റേഷൻ ഷാപ്പ് പൊതുവിതരണകേന്ദ്രമാകുന്നതോടുകൂടി പ്രവർത്തനം അവതാളത്തിലാണ്. അനുദിനം സാധാരണക്കാരന് പരാതിയുള്ള മേഖലയായ പൊതുവിതരണ കേന്ദ്രത്തെ 1966- ലെ റേഷനിങ്ങ് ആക്ട്പ്രകാരം ഉള്ള "റേഷൻഷോപ്പ്" എന്നാക്കിതന്നെ മാറ്റേണ്ടതാണ്. പാഞ്ചായത്തുപ്രദേശത്തെ റേഷൻഷാപ്പുകളുടെ പരിശോധനാധികാരവും, റേഷൻകാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്തു മുഖേന പരിഹാരം കാണുന്നതിനുള്ള സംവിധാനവും ഉണ്ടാക്കേണ്ടതാണ്.

ഉപഭോക്തൃമേഖലയെ കാര്യക്ഷമമാക്കാനും, കുറ്റമറ്റതാക്കാനും ജനങ്ങളെ ബോധവൽക്കരിക്കുവാനും പഞ്ചായത്ത് സംരക്ഷണ സമിതി രൂപീകരിക്കേണ്ടതാണ്.

"കേരളത്തിൽ മാത്രമല്ല ഇന്ത്യയുടെ തന്നെ വികസന ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം തുറക്കുന്ന പ്രക്രിയക്കാണ് നാം ഇപ്പോൾ സാക്ഷികളാകുന്നത്. പരമ്പരാഗത ധാരണയിലുള്ള കേന്ദ്രീകൃത ആസൂത്രണത്തിനു പകരം ബഹുജനപങ്കാളിത്തത്തോടെയുള്ള വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയക്കാണ് ഇവിടെ തുടക്കം കുറിക്കപ്പെടുന്നത്. ബഹുജനപങ്കാളിത്തത്തോടെ, ഒട്ടേറെ പരിപാടികൾ നടപ്പാക്കി സാർവ്വദേശീയ ശ്രദ്ധപോലും പിടിച്ചുപറ്റിയ കേരളത്തെ സംബന്ധിച്ചിടത്തോളം ഒരിക്കൽകൂടി മറ്റുള്ളവർക്ക് മാതൃകയാവാനുള്ള ഒരവസരമാണ് കൈവന്നിരിക്കുന്നത്."

- ശ്രീ. ഇ.കെ.നായനാർ

ബഹു. കേരള മുഖ്യമന്ത്രി

## 5 (8) സംസ്ക്കാരം

സാഹിത്യം, സംഗീതം, കല എന്നിവയെല്ലാം സംസ്ക്കാരത്തിന്റെ വിഭിന്ന മുഖങ്ങളാണ് എന്നു പറയാറുണ്ട്. എന്നാൽ ജന്മാന്തരങ്ങളായി അടുത്ത തലമുറയിലേക്ക് ഒഴുകികൊണ്ടിരിക്കുന്ന ജീവിതാചാരനുഷ്ഠാനങ്ങളുടെ ആകെ തുകയാണ് സംസ്ക്കാരം. നാഗരികതയായി വിവക്ഷിക്കപ്പെടുമ്പോഴാണ് സംസ്ക്കാരത്തിന് അർത്ഥവ്യത്യാസം ഉണ്ടാവുന്നത്. പുറംമോടിയല്ല; ആത്മീയമായ അന്തസത്തയാണ് സംസ്ക്കാരത്തിന്റെ ബീജം. അതിനു മുളച്ചുവളർന്നു വരാനുള്ള പശ്ചാത്തലം ഒരുക്കലാണ് സാംസ്ക്കാരിക രംഗത്തെ പ്രവർത്തകരുടെ കടമ.

മനുഷ്യമനസ്സുകളുടെ വൈകാരിക ഭാവങ്ങളെ, ഭ്രാന്തമായ അവസ്ഥകളിൽ നിന്ന് നിരന്തരമായ അഭ്യാസ പ്രക്രിയകളിലൂടെ ഉന്നതമായ ആസ്വാദനതലങ്ങളിലേക്കെത്തിക്കാനുള്ള വേദികളായിരുന്നു പരമ്പരാഗത കലാ - സാംസ്ക്കാരിക കേന്ദ്രങ്ങൾ. നാട്ടിൻപുറത്തെ ദേവദാസി നടനം മുതൽ കഥകളി അരങ്ങുവരെ, ലക്ഷ്യം ഒന്നുതന്നെ. മുമ്പു ക്ഷേത്രങ്ങളോടും കൊട്ടാരങ്ങളോടും അനുബന്ധിച്ചായിരുന്നു ഇത്രയും കേന്ദ്രങ്ങൾ.

നാടൻ കലാരൂപങ്ങളുടേയും, നാടൻപാട്ടുകളുടേയും തനിമയും പഴമയും മൺമറഞ്ഞു തുടങ്ങി. സാംസ്ക്കാരിക നിലയങ്ങളെന്ന പേരിൽ ഇന്നു നടത്തുന്നത് ടി.വി. പ്രദർശനകേന്ദ്രങ്ങളും, ജിംനേഷ്യങ്ങളുമായിരിക്കുന്നു. സംസ്ക്കാരിക നവോത്ഥാനത്തിനു അതു പോര. നമ്മുടെ ഗ്രാമത്തിൽ അഭ്യസിപ്പിക്കാവുന്ന വിധമുള്ള നാടൻകലകളുണ്ടെങ്കിൽ കണ്ടെത്തണം. വാദ്യകലാകാരന്മാരുടെ കേന്ദ്രമായ കല്ലൂരിൽ "ക്ഷേത്രകലാക്ഷേത്രം" സ്ഥാപിക്കാം. സംഗീതം, ചിത്രരചന മുതലായ രംഗങ്ങളിൽ വളർന്നുവരുന്ന പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹനം നൽകണം.

# 5 (9) വനിതാക്ഷേമം

വനിതാ വിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മാറുന്ന ഈ കാലഘട്ടത്തിൽ ഇതൊന്നുമറിയാതെ ഗ്രാമങ്ങളിൽ ഒതുങ്ങികൂടുന്ന സ്ത്രീകൾ ധാരാളം ഉണ്ട്. മങ്കര ഗ്രാമ പഞ്ചായത്തിലും ഇത്തരം സ്ത്രീകൾ ധാരാളം ഉണ്ട്.

സാമൂഹ്യ പ്രവർത്തന മേഖലകളിൽ പഴയകാലത്ത് സ്ത്രീകൾ വളരെ കുറവായിരുന്നു. അതുകൊണ്ടുതന്നെ അക്കാലത്ത് സ്ക്കൂൾ വിദ്യാഭ്യാസം പെൺകുട്ടികൾക്ക് അപ്രാപ്യമായിരുന്നു. കുടിപള്ളിക്കൂടത്തിലൂടെയായിരുന്നു പെൺകുട്ടികൾക്ക് എഴുതുവാനും, വായിക്കുവാനുമുള്ള അറിവ് ലഭിച്ചത്. എന്നാൽ എല്ലാ ജാതിയിൽ പെട്ടവർക്കും ഇവിടെ പ്രവേശനം ഇല്ലായിരുന്നു. ആഘോഷങ്ങളിലും അതുപോലുള്ള പൊതുപരിപാടികളിലും പൊതുവെ സ്ത്രീ പങ്കാളിത്തം കുറവായിരുന്നു. എന്നാൽ ഇതിനൊരു മാറ്റം നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. 1991 ലെ സെൻസസ് പ്രകാരം മങ്കരയിലെ സ്ത്രീകളുടെ സംഖ്യ 8300 ആണ്. ഇത് പുരുഷ സംഖ്യയേക്കാൾ 654 എണ്ണം കൂടുതലാണ്. സ്ത്രീ ജനസംഖ്യയുടെ എണ്ണത്തിലുള്ള ഈ വർദ്ധനവ് സമൂഹത്തിൽ സ്ത്രീകൾക്ക് ഉയർന്ന സ്ഥാനം കിട്ടേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുന്നു. ഇപ്രദേശത്ത് ഉന്നത വിദ്യാഭ്യാസത്തിലും ഉയർന്ന ജോലികളിലും സ്ത്രീപങ്കാളിത്തം കുറവാണെങ്കിലും അദ്ധ്യാപക രംഗത്തും, കർഷകതൊഴിലാളി രംഗത്തും, കുടിൽവ്യവസായ രംഗത്തും, ക്ഷീരവ്യവസായ രംഗത്തും പുരുഷന്മാരേക്കാൾ മുൻപന്തിയിലാണ് സ്ത്രീകൾ.

സ്ഥിതിവിവരകണക്കുകൾ നോക്കുക.

## തൊഴിൽ മേഖലകളിലെ സ്ത്രീ പങ്കാളിത്തം

| തൊഴിൽമേഖല | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| കർഷകൻ | 161 | 1091 |
| കർഷകതൊഴിലാളി | 918 | 596 |
| മൃഗസംരക്ഷണം | 96 | 230 |
| ചെറുകിട വ്യവസായം | 5 | 15 |
| കെട്ടിടനിർമ്മാണം | 95 | 194 |
| ചെങ്കൽനിർമ്മാണം | 60 | 85 |
| കുടിൽ വ്യവസായം | 12 | 16 |

# 5 (11) പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

മങ്കര ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യയിൽ 3724 പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരാണ്. 550 ഹരിജൻ കുടുംബങ്ങൾ ഇവിടെ താമസിച്ചു വരുന്നു. 15 അംഗീകൃത ഹരിജൻ കോളനികളും 18 അംഗീകരിക്കാത്ത കോളനികളുമുണ്ട്. ചിലസ്ഥലങ്ങളിൽ കോളനികളിലല്ലാതെ താമസിക്കുന്ന ഹരിജനങ്ങളുമുണ്ട്.

വിദ്യാഭ്യാസം സാമൂഹിക മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക പശ്ചാത്തലം വേണ്ടത്ര പുരോഗമിക്കാൻ കഴിഞ്ഞിട്ടില്ല. എങ്കിലും ഒരു പരിധിവരെ ഉന്നതിയിലെത്താൻ കഴിഞ്ഞിട്ടുണ്ട്. സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ വേണ്ടവിധത്തിൽ വിനിയോഗിക്കുവാൻ ശ്രമിക്കുന്നില്ല എന്നതാണ് അതിന്റെ കാരണങ്ങളിലൊന്ന്. ബോധവൽക്കരണത്തിലൂടെ അത് നികത്താൻ കഴിയും. അംഗീകരിക്കപ്പെട്ട കോളനി നിവാസികൾക്കാണ് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമായിട്ടുള്ളതും കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതും. അംഗീകരിക്കാത്ത കോളനി നിവാസികൾക്ക് ആനുകൂല്യങ്ങൾ പലതും ലഭ്യമാകാനുള്ള അവസരം നഷ്ടപ്പെടുന്നുമുണ്ട്. ഹരിജൻ കുടുംഭങ്ങൾ കൂടുതലും കാർഷികമേഖലയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. അതിൽ നിന്നും ലഭിക്കുന്ന വേതനക്കുറവും അവരുടെ സാമ്പത്തിക വിഷമതകൾക്ക് ഒരു കാരണമാണ്.

നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷം തുടർന്നു പഠിക്കുന്നതിൽ പല കുട്ടികളും താല്പര്യം കാണിക്കുന്നില്ല. രക്ഷിതാക്കൾ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. തന്നിമിത്തം കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കുന്നവരുടെ എണ്ണം വളരെ ചുരുക്കമാണ്. ഈ അവസ്ഥ മാറ്റിയെടുക്കേണ്ടതുണ്ട്.

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും കാർഷികമേഖലയിൽ തൊഴിലെടുക്കുന്നവരാണ്. കാർഷികമേഖലയിൽ പുരുഷന് 60 രൂപയും സ്ത്രീകൾക്ക് 35 രൂപയുമാണ് വേതനമായി ലഭിക്കുന്നത്. കൂടാതെ സീസണുകളിൽ മാത്രമാണ് തൊഴിലുള്ളത് എന്നതുകൊണ്ട് ജീവിക്കുവാൻ മറ്റു മേഖലകളിലേക്ക് പോകുവാൻ നിർബന്ധിതമാകുന്നു. മറ്റു മേഖലകളിൽ കാർഷിക മേഖലയേക്കാൾ വേതനം കൂടുതൽ ലഭിക്കുന്നുണ്ട്. തൃപ്തികരമായ കൂലി ലഭിക്കുന്നതിനാൽ വരുംതലമുറ പൂർണ്ണമായും കാർഷിക മേഖല ഉപേക്ഷിക്കുമെന്ന് ഊഹിക്കാവുന്നതാണ്. അതിനാൽ കാർഷിക മേഖലയിലേക്ക് തൊഴിലാളികളെ ആകർഷിക്കുന്നതിന് ആവശ്യമായ നടപടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

പട്ടിക - I

ഹരിജൻ കോളനികൾ

| ക്രമ നമ്പർ | വാർഡ് | കോളനിയുടെ പേര് | വീടുകൾ |
|---|---|---|---|
| 1 | I | കരിവടത്തൊടി | 23 |
| 2 | I | മുട്ടിക്കാട് | 51 |
| | I | മണ്ണിൽപടി | 6 |
| 3 | II | കാരാട്ടുപറമ്പ് | 27 |
| 4 | II | ചാത്തംകണ്ടം | 7 |
| 5 | III | വള്ളാംകുന്ന് | 18 |
| 6 | III | തലേപ്പുള്ളി | 13 |
| 7 | III | പതിയപറമ്പ്മാടം | 22 |
| 8 | III | കോട്ടക്കുന്ന് | 7 |
| 9 | IV | കോട്ട | 80 |
| 10 | IV | ചെമ്മുക | 10 |
| 11 | IV | ഉങ്ങുവച്ച പറമ്പ്, മയിലാവ് | 30 |
| 12 | V | മാരാപറമ്പ് | 21 |
| 13 | V | കാപ്പുകാട് | 11 |
| 14 | V | കൂട്ടപ്പുര | 7 |
| 15 | VI | കുന്നംപറമ്പ് | 15 |
| 16 | VI | പെരുവപ്പള്ള | 18 |
| 17 | VI | കുണ്ടുപറമ്പ് | 12 |
| 18 | VI | നായാടികോളനി | 6 |
| 19 | VI | വള്ളാട്ടുപറമ്പ് | 7 |
| 20 | VII | കവറത്തറ | 16 |
| 21 | VII | അത്താണിപറമ്പ് | 9 |
| 22 | VII | തരുവക്കോട് | 10 |
| 23 | VII | മുല്ലപ്പുള്ളി | 7 |
| 24 | VIII | ഭരതക്കാട് | 28 |
| 25 | VIII | കൊയിലത്തുംപടി | 11 |
| 26 | VIII | മാനംകുളം | 5 |
| 27 | VIII | പുള്ളോട് | 5 |
| 28 | IX | കരടിമല | 15 |
| 29 | IX | മയിലാടുംപാറ | 22 |
| 30 | IX | അമ്പലപ്പടി | 15 |
| 31 | IX | മുക്കാട്ടുകുന്ന് | 10 |
| 32 | IX | പറപ്പള്ളക്കുന്ന് | 15 |
| 33 | IX | പൊള്ളെക്കാട് | 28 |

പട്ടിക - II

വൈദ്യുതീകരിച്ച ഹരിജൻകോളനികൾ

| വാർഡ് | | വാർഡ് | |
|---|---|---|---|
| I | കരിവടതൊടി | VI | കുന്നംപറമ്പ് |
| IV | കോട്ട (ഭാഗികം) | VII | കവറത്തറ |
| V | മാരാപറമ്പ് (ഭാഗികം) | VIII | ഭരതക്കാട് |
| V | കൂട്ടപ്പുര (ഭാഗികം) | IX | കരടിമല |
| VI | പെരുവപ്പള്ള | IX | മയിലാടുംപാറ |

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധിവരെ സർക്കാർ ഏജൻസികൾ മുഖേന നടപ്പിലാക്കിയിരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. ഇന്ന് മിക്ക ഹരിജൻകോളനികളിലും പരിമിതമായ സൗകര്യങ്ങളേ ഉള്ളൂവെങ്കിലും ചെറ്റക്കുടിലുകളിൽ നിന്നും അവർ മോചിതരായിട്ടുണ്ട് എന്നകാര്യത്തിൽ സംശയമില്ല. ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം വേണ്ടത്ര ലഭിക്കുന്നില്ല. ഇവരിൽ പലരും വിവധ ഏജൻസികൾ നടപ്പിലാക്കിവരുന്ന വായ്പയെടുത്ത് വലിയ കടക്കെണിയിൽ അകപ്പെട്ടു പോകുന്നു. പഞ്ചായത്തും വികസനബ്ലോക്കും മുഖേന 199 ഹരിജനങ്ങൾക്ക് വീടും 121 കുടുംബങ്ങൾക്ക് കക്കൂസും അനുവദിച്ചിരുന്നു.

## നിർദ്ദേശങ്ങളും പരിഹാരവും

1. പലകോളനികൾക്കും കക്കൂസ് നിലവിലില്ല. ഒരോ വീടിനും ഓരോ കക്കൂസ് നിർബന്ധമായും അനുവദിക്കണം.
2. കോളനികളിലല്ലാത്ത ഒറ്റപ്പെട്ട കുടുംബങ്ങളുടെ കൃത്യമായ റിപ്പോർട്ട് ശേഖരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുക.
3. വിദ്യാഭ്യാസ പുരോഗതി കൈവരിക്കുന്നതിനുവേണ്ടി സ്ക്കൂളിൽ നിന്ന് വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കണ്ടുപിടിച്ച് പരിഹാരം കാണുക. അഭ്യസ്തവിദ്യരുടെ സേവനം കോളനികളിൽ പ്രയോജനപ്പെടുത്തുകയും ഉന്നത വിദ്യാഭ്യാസ പഠനത്തിന് ആവശ്യമായ പദ്ധതികൾ പഞ്ചായത്ത് ആസൂത്രണം ചെയ്ത് വിദ്യാഭ്യാസ പുരോഗതിക്ക് ഊന്നൽ നൽകുക.
4. ബോധവൽക്കരണത്തിന്റെ ഭാഗമായി കോളനികളിൽ ടെലിവിഷൻ സെറ്റുകളും, റേഡിയോയും സ്ഥാപിക്കുക.
5. ഹരിജൻ കോളനികളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുക.
6. ഹരിജനങ്ങൾക്കനുവദിക്കുന്ന വീടുകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുക. വീടുനിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത മൂലം പലവീടുകളും പൂർത്തീകരിക്കാതെ കിടപ്പുണ്ട്. ഇത്തരം വീടുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം അനുവദിക്കണം.
7. പഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ കോളനികളും വൈദ്യുതീകരിക്കുക.

'ഞാൻ സ്വതന്ത്രനാണ് എന്ന് നിങ്ങൾ പറയുകയാണെങ്കിൽ നിങ്ങൾ സ്വതന്ത്രനല്ല. എനിക്ക് സുഖമാണ് എന്നു ഞാൻ പറയുമ്പോൾ കഴിഞ്ഞുപോയ എന്തിന്റേയോ ഓർമ്മയിലാണ് അയാൾ ജീവിക്കുന്നത്. സ്വാതന്ത്ര്യം നൈസർഗ്ഗികമായി വരേണ്ടതാണ്. ആഗ്രഹിക്കുന്നതുകൊണ്ടോ, ആവശ്യപ്പെടുന്നതുകൊണ്ടോ, കൊതിക്കുന്നതുകൊണ്ടോ അതു കൈവരില്ല. നിങ്ങളുടെ സങ്കൽപ്പത്തിന് അനുസൃതമായ ഒരു പ്രതീകം സൃഷ്ടിച്ചതുകൊണ്ടും നിങ്ങൾക്ക് അത് കണ്ടെത്താൻ കഴിയില്ല. സ്വാതന്ത്ര്യം വേണമെങ്കിൽ മനസ്സെന്ന മഹാപ്രവാഹമായ ജീവിതത്തെ കാലത്തിന്റെ കെട്ടുപാടുകളില്ലാതെ കാണാൻ കഴിയണം. കാരണം ബോധത്തിന്റെ മേഖലക്കപ്പുറത്താണ് സ്വാതന്ത്ര്യം സ്ഥിതിചെയ്യുന്നത്.'

- ജെ.കൃഷ്ണമൂർത്തി

## 5(12) വിഭവ സമാഹരണവും സാമ്പത്തികവും

വിഭവ സമാഹരണമെന്നത് രണ്ടു തരമായി തിരിക്കാം. (1) പ്രകൃതിദത്തമായി ലഭിക്കുന്നത് - ിക്രയം ചെയ്ത് ഉണ്ടാക്കുന്നത്. പ്രകൃതിദത്തമായ വിഭവങ്ങൾ സംസ്ക്കരിച്ചെടുത്ത വിപണനമേഖലയിൽ ിക്കുന്നതാണ് രണ്ടാമത്തേത്. ഉദാഹരണമായി നാം ഉല്പാദിപ്പിക്കുന്ന നാളികേരം പ്രത്യക്ഷ വില്പന ി പണം സ്വരൂപിക്കുന്നു എന്ന് സങ്കല്പിക്കുക, രണ്ട്, തേങ്ങ പൊളിച്ച് വെട്ടിയുണക്കി കൊപ്രയാക്കിയോ, യാക്കിയോ വിപണനം ചെയ്യാം. ചിരട്ട, ചകിരി മുതലായവകൊണ്ട് മറ്റുല്പന്നങ്ങൾ കണ്ടെത്തുകയും ാം. ഇങ്ങനെയാണെങ്കിൽ ഏതാനുംപേർക്ക് തൊഴിൽ കണ്ടെത്തുവാനും കഴിയും. സൗരോർജ്ജം ോഗിച്ച് സഹകരണമേഖലയിൽ ഒരു റൈസ്മിൽ സ്ഥാപിച്ചാൽ കർഷകർക്ക് ഇദപ്പാൾ നഷ്ടത്തിൽ കാണ്ടിരിക്കുന്ന അവരുടെ ഉല്പന്നത്തിന് ന്യായമായ വില ലഭിക്കും. മുള, കളിമണ്ണ് എന്നിവ ഈ ത്തു ലഭിക്കുന്ന മറ്റു വിഭവങ്ങളാണ്. ഇവ സംസ്ക്കരിച്ച് എടുക്കുവാനുള്ള വിദഗ്ദ്ധ തൊഴിലാളികളും ട ഉണ്ട്. അവരുടെ മാനുഷിക ശേഷി ഉപയോഗിച്ച് ഈ മേഖലയിലെ ഉല്പാദനം വർദ്ധിപ്പിക്കാം. നെ ഈ ഗ്രാമത്തിൽ ലഭിക്കാവുന്ന പ്രകൃതി വിഭവങ്ങൾ പരമാവധി ഉപയോഗിക്കാനുള്ള സാദ്ധ്യത ത്തണം. സർക്കാരിൽ നിന്ന് സാമ്പത്തികാനുകൂല്യങ്ങൾ കൈപ്പറ്റുന്നതുപോലെ നികുതി നൽകാനും ്യസ്ഥർ ആണെന്ന് ജനങ്ങളെ ബോധവാന്മാരാക്കണം. തക്കസമയത്ത് നികുതി പിരിച്ചെടുക്കുവാൻ ത്താൽ പദ്ധതിമാന്ദ്യം ഒഴിവാക്കാൻ കഴിയും.

മോട്ടോർ വാഹനങ്ങൾക്ക് പഞ്ചായത്ത് പ്രദേശത്ത് പാർക്കിങ്ങിന് നികുതി ചുമത്തൽ, റബ്ബർ ്റ്റുകൾക്ക് ഏക്കർ കണക്കിൽ എസ്റ്റേറ്റ് ഡ്യൂട്ടി ചുമത്തുക. മങ്കര പഞ്ചായത്ത് പ്രദേശത്ത് പച്ചക്കറി, കാലി എന്നിവയ്ക്കുള്ള ആഴ്ചചന്ത തുടങ്ങുക.

പഞ്ചായത്ത് പ്രദേശത്ത് ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.

വളർത്തു നായ്ക്കൾക്ക് ലൈസൻസ് ഫീസ് വർദ്ധിപ്പിക്കുകയും ലൈസൻസ് ബന്ധമാക്കിക്കൊണ്ടുള്ള നിയമനിർമ്മാണം സർക്കാർ ഉണ്ടാക്കുകയും ചെയ്യുക. ഇതുമൂലം ത്തുതിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യം കുറയ്ക്കാനും കഴിയും.

വാർഡുതല സന്നദ്ധസേവനസേന രൂപീകരിക്കുകയും അതാതു വാർഡുകളിലെ സേവന ത്തനങ്ങൾക്ക് വാർഡുമെമ്പറുടെ നേതൃത്വത്തിൽ സന്നദ്ധ സേനയെ പ്രയോജനപ്പെടുത്തുകയും ുക.

പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടുന്ന ഗ്രാന്റ് ഇനങ്ങൾ അതാതു വർഷങ്ങളിൽ തന്നെ ്കുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കുക.

## പഴമൊഴി - എന്നും പുതുമൊഴി

'അതിരോളം അനുകരിക്കാം
അതിരറിയാൻ അറിവ് വേണം.'

'ആണിനും പെണ്ണിനും മൂന്നു വേണം
അദ്ധ്വാനം, ഔദാര്യം, ആലോചന.'

'ഇംഗ്ലണ്ടിൽ പോയാലും മലയാളം മറക്കരുത്.'

'എല്ലാ ജോലിയുമൊരുപോലെ
എല്ലാ ജാതിയുമൊരുപോലെ.'

'ഏക്കറുണ്ടെങ്കിലും ചുമ്മാതിട്ടാൽ
ഏക്കറുകാരനെരപ്പാളി.'

'വിത്തിടും മുമ്പെ നിലമൊരുക്കണം.'

'അടുത്ത് നടണം, അടുത്തടുത്ത് നടരുത്.'

'വിളഞ്ഞാൽ കൊയ്യണം
ഏറെ വിളഞ്ഞാൽ കൊഴിയും.'

## 5(13) വാർത്താവിനിമയം

ആദ്യകാലവാർത്താവിനിമയ മാർഗ്ഗമായ തപാലാപ്പീസ് ഒരു നൂറ്റാണ്ടുമുമ്പുതന്നെ ഉണ്ടായിരുന്നു. പിന്നീട് സമീപ പ്രദേശങ്ങളിലേക്കു കൂടി ഉപകാരപ്രദമായ രീതിയിൽ കമ്പി ആപ്പീസും വന്നു. ഇപ്പോൾ മങ്കര സബ്പോസ്റ്റോഫീസിനു കീഴിൽ മങ്കര R.S., മാങ്കുറുശ്ശി, കല്ലൂർ എന്നീ ബ്രാഞ്ചു പോസ്റ്റാഫീസുകളുമുണ്ട്. സബ് ഓഫീസ് സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ടെലഫോൺ കണക്ഷൻ ഉണ്ടെങ്കിലും വർഷങ്ങളായി അപേക്ഷ നൽകി കാത്തിരിക്കുന്നവരുടെ എണ്ണവും കുറവല്ല. മങ്കര കൂട്ടുപാത, മാങ്കുറുശ്ശി, മങ്കര റെയിൽവേ സ്റ്റേഷനു സമീപം എന്നിവിടങ്ങളിൽ S.T.D. ബൂത്തുകൾ ആവശ്യമാണ്. പ്രധാന സെന്ററുകളിൽ T.V. സ്ഥാപിക്കുന്നത് നന്നായിരിക്കും.

## 5(14) ഉപസംഹാരം

മങ്കര ഗ്രാമ പഞ്ചായത്തിലെ സാമൂഹിക - സാമ്പത്തിക - കാർഷിക മേഖലയിലെ വിവിധ പ്രശ്നങ്ങളെക്കുറിച്ചും, പരിഹാരമാർഗ്ഗങ്ങളെ കുറിച്ചും വിശദമായ പഠനം നടത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ സമഗ്രമായ രൂപരേഖയാണ് ഈ പുസ്തകം. ഈ വികസന ആസൂത്രണ റിപ്പോർട്ട് പഞ്ചായത്ത് വികസന സെമിനാറിൽ സമർപ്പിക്കുന്നു. നമ്മുടെ ഗ്രാമത്തിന്റെ അഭിവൃദ്ധിയാണ് നമ്മുടെ ലക്ഷ്യം എന്ന് ശപഥം ചെയ്ത് കൊണ്ട് നാടിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കുചേരാം.

"നാട്യപ്രധാനം നഗരം ദരിദ്രം
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം"

മുകളിൽ സ്ഥിതിചെയ്യുന്ന ഏതാനും പേർക്ക് യഥാർത്ഥ ജനാധിപത്യം പ്രാവർത്തികമാക്കാൻ സാധിക്കുകയില്ല. ഓരോ ഗ്രാമങ്ങളിലെയും ജനങ്ങളിൽ നിന്ന് അതുയർന്ന് മുകളിലേക്കെത്തി പ്രവർത്തിക്കുകയാണ് വേണ്ടത്

- ഗാന്ധിജി



PRINTED AT IMPRESSIONS PLKD.. PH : 539785